150 YEARS OF CELEBRATING THE MAHATMA

# സമന്വയം

ജനുവരി 2020 പുസ്തകം 1 ലക്കം 1



ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# ഭരണഭാഷ മാതൃഭാഷ
# സമന്വയം


പത്രാധിപസമിതി

മുഖ്യ രക്ഷാധികാരി
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
ബഹു. നിയമസഭാ സ്പീക്കർ

മുഖ്യ പത്രാധിപർ
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
ബഹു. നിയമസഭാ സെക്രട്ടറി

അംഗങ്ങൾ :

**ശ്രീ. ഇ. കെ. മുഷ്താഖ്**
ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**ശ്രീ. ഷാജി. സി. ബേബി**
ജോയിന്റ് സെക്രട്ടറി

**ശ്രീ. വി. ജുനൈസ്**
അസി. ലൈബ്രേറിയൻ

**ശ്രീ. എസ്. ബാബുരാജൻപിള്ള**
ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -1

രൂപകൽപ്പന:
ആകൃതി ഡിസൈൻസ്

പുറംതാൾ രൂപകൽപ്പന :
ജുനൈസ്

വര :
സബാഹ്

അച്ചടി :
കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്

വിലാസം
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
നിയമസഭാ സെക്രട്ടേറിയറ്റ്






ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്തം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

# പത്രാധിപക്കുറിപ്പ്

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'സമന്വയം'ത്തിന് ഈ സെക്രട്ടേറിയറ്റിലെ ജീവനക്കാർ നൽകുന്ന പിന്തുണയ്ക്ക് ധന്യവാദം. വൈവിദ്ധ്യമാർന്ന രചനകളുടെ സമന്വയം ഈ പ്രസിദ്ധീകരണത്തിന്റെ സവിശേഷതയാണ്. സമന്വയം ത്രൈമാസിക 14 –ാം ലക്കത്തിലേയ്ക്ക് കടക്കുമ്പോൾ ഔദ്യോഗിക ഭാഷാവകുപ്പുതല സമിതിയ്ക്ക് അഭിമാനവും ആത്മവിശ്വാസവും കൈമുതലാണ്. ജീവനക്കാരായ എഴുത്തുകാരുടെയും വായനക്കാരുടെയും സംഗമ ഭൂമികയാകുവാൻ ഈ പ്രസിദ്ധീകരണത്തിന് കഴിയുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്.

മഹത്തായ പാരമ്പര്യവും നിരവധി എഴുത്തുവഴികളും സാഹിത്യകാരൻമാരുമുള്ള ശ്രേഷ്ഠഭാഷയായ 'മലയാളഭാഷ' നമ്മുടെ ഔദ്യോഗികഭാഷയായി അംഗീകരിക്കപ്പെടുന്നുവെന്നത് ഒരർത്ഥത്തിൽ മലയാളഭാഷ സംസാരിക്കുന്നവർക്കുള്ള അംഗീകാരം കൂടിയാണ്. മാതൃഭാഷയുടെ ശക്തി തിരിച്ചറിഞ്ഞവരാണ് നമ്മൾ. മഹാകവി വള്ളത്തോൾ 'എന്റെ ഭാഷ' എന്ന കവിതയിൽ മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് ഇങ്ങനെ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ !
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലെ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ"

ജനാധിപത്യ ഭരണക്രമത്തിൽ ഭരണം സാർഥകമാകണമെങ്കിൽ ഭരണത്തിൽ ജനങ്ങളുടെ പങ്ക് ഉറപ്പാക്കണം. അതിന് ഭാഷ ഒരു തടസ്സമാകുവാൻ പാടില്ല. ഭരിക്കുന്നവരുടെയും ഭരണീയരുടെയും ഭാഷ ഒന്നായി തീരുമ്പോഴേ ഇരുകൂട്ടരും തമ്മിലുള്ള ആശയവിനിമയം പൂർണ്ണമാവുകയുള്ളൂ.

'ഭരണഭാഷ – മാതൃഭാഷ' എന്ന സന്ദേശം എല്ലാ ജീവനക്കാരിലും എത്തിക്കുന്നതിൽ ഇക്കാലയളവിൽ സമന്വയത്തിന് കഴിഞ്ഞിട്ടുണ്ട്. സമന്വയം ത്രൈമാസികയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നിങ്ങളുടെ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**എസ്.വി. ഉണ്ണികൃഷ്ണൻ നായർ,**
സെക്രട്ടറി,
കേരള നിയമസഭ.



# സമന്വയം

# ഉള്ളടക്കം


**തിരുനെല്ലിയിൽ വീണ്ടും....** — 03
സജീവൻ പി. കെ.

**ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ** — 06
വി. കെ. ബാബുപ്രകാശ്

**ഓർക്കുമ്പോൾ** — 10
സബാഹ്

**തോമസ് പിക്കറ്റിയുടെ കേരളപഠനം** — 11
ജി. ഓമനശീലൻ

**മരുഭൂമിയിലേക്ക് പൂ പറിക്കാൻ പോയവർ** — 13
എം. കെ. രാജൻ

**മങ്ങാത്ത ഓർമ്മകൾ** — 16
സന്തോഷ് വി.

**ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും സ്വർണ്ണനിക്ഷേപവും** — 25
ജയകുമാർ എം.

**അനുസ്മരണം** — 27

**അപനിർമ്മിതി** — 29
ഷീലജ തെരൂർ

**നീ ചെയ്യേണ്ടത്** — 30
കെ. ഷൂജ

**നക്ഷത്രദൂരങ്ങളിലെ വിസ്മയം** — 31
വേണുഗോപാൽ ആർ.

**സൗഹൃദം** — 32
രഞ്ജിത പി. എസ്.

**വെൺപാൽക്കുളക്കടവത്ത്** — 33
ദീപക് എസ്.

**സത്യവും മിത്തും** — 35
പുഷ്പാംഗദൻ റ്റി.

**പൊന്നോണം** — 38
എം. വിനോദ് ചെറായി

**ക്രൂരതയുടെ പുതിയ മാനങ്ങൾ തേടുന്ന കേരളം** — 39
വിക്രമൻ സി.

**പ്രിയ അദ്ധ്യാപകൻ** — 41
എൽ. രാധാകൃഷ്ണൻ

**അവഞ്ചേഴ്സ് - എന്റെ ഗെയിം** — 44
അനസ് എം.ബി.

**അതിജീവനം** — 45
സി. രാജീവ്

**തേങ്ങൽ** — 46
നിഷാസരിത്ത്

**നേർക്കാഴ്ച** — 47
ബിജു ബി

**ആസന്നമരണ ചിന്താസരണി** — 49
ഉദയകുമാർ

**എന്റെ വീട്ടിലെ ഫിഷ് ടാങ്ക്** — 52
അഭിജിത് പ്രകാശ്

**തൊണ്ടയിൽ.... മൊട്ടുസൂചി** — 54
ഗ്രിൻഷ ഗിരീഷ്

**ബാലസമന്വയം** — 55
ചിത്രങ്ങൾ

**നിയമസഭ സെക്രട്ടേറിയറ്റ്** — 61
വിരമിച്ചവർ

**പുതിയ പുസ്തകങ്ങൾ** — 63
നിയമസഭാ ലൈബ്രറി

# തിരുനെല്ലിയിൽ വീണ്ടും.....





സജീവൻ പി.കെ.

അവിചാരിതമായാണ് പലപ്പോഴും യാത്ര പുറപ്പെടുക. സമയവും കാലവും നോക്കാറില്ല. ഏകാന്തതയിൽ തപ്തമാകുന്ന മനസ്സിനെ തണുപ്പിക്കാൻ വെറുതെ നടത്തുന്ന ചില യാത്രകൾ. 2000–ാമാണ്ട് ഡിസംബറിലെ ഒരു മദ്ധ്യാഹ്നം. ഇരിട്ടിയിൽ നിന്നും മാനന്തവാടിയിലേയ്ക്കുള്ള ബസിൽ യാത്ര ആരംഭിച്ചു. കുടകിലേയ്ക്ക് പോകാനായിരുന്നു ആദ്യം തീരുമാനിച്ചത്. കുടക് മലകളുടെ ഭംഗിയും ശൈത്യവും നുകർന്ന് രവീന്ദ്രന്റെ കൂടെ ഒരു ദിവസം ചെലവഴിച്ച് മടങ്ങാമെന്ന് കരുതിയതാണ്. പക്ഷേ യാത്ര തിരുനെല്ലിയിലേക്ക് മാറ്റി. വളഞ്ഞു പുളഞ്ഞു പോകുന്ന മലയോരപാതയെ അസാമാന്യ വൈദഗ്ദ്ധ്യത്തോടെ വരുതിയിലാക്കി ഡ്രൈവർ അതിവേഗം വണ്ടി പായിച്ചുകൊണ്ടിരുന്നു. പ്രതീക്ഷിച്ചതിലും നേരത്തെ നിടുംപൊയിൽ ബസ് സ്റ്റാന്റിലെത്തി. ഇത് മലയടിവാരം. മാനന്തവാടിയിലേക്കിനി 45 കിലോമീറ്റർ. ഇതുവരെ വന്ന വേഗത ഇനിയുണ്ടാകില്ല. ഞരങ്ങി മൂളി ബസ് മലകയറിത്തുടങ്ങി. ഉഷ്ണക്കാറ്റ് നേർത്ത കുളിർക്കാറ്റിന് വഴിമാറി. ഇരുട്ട് പരന്നുകിടക്കുന്ന വനാന്തരത്തിലൂടെ പേരിയ ചുരം പിന്നിട്ടുകഴിഞ്ഞു. അകലെ പച്ച പുതച്ചു നിൽക്കുന്ന വയനാടൻ കുന്നുകളുടെ വർണ്ണക്കാഴ്ചകൾ. കാറ്റിൽ കാപ്പിപ്പൂക്കളുടെ സുഗന്ധം. വയനാട്ടിൽ ഇപ്പോൾ കാപ്പി പൂക്കുന്നകാലമാണ്. ബസ് മാനന്തവാടിയിലെത്തിയപ്പോൾ 5 മണി. അടുത്ത തിരുനെല്ലി ബസ് 5.30 നാണത്രേ. ഭക്ഷണം കഴിച്ച് ബസിനായി കാത്തുനിന്നു. സാമാന്യം നല്ല തിരക്കുള്ള ബസ് സ്റ്റാന്റ്. ബസിൽ ഞാനും ഏതാനും പ്രായം ചെന്ന തീർത്ഥാടകരും കുറച്ച് സ്ത്രീകളും മാത്രം. ബസിൽ തിരക്ക് കൂടിക്കൊണ്ടിരുന്നു. കാട്ടിക്കുളമെന്ന സ്ഥലത്തെത്തിയപ്പോൾ പണികഴിഞ്ഞെത്തിയ ഒരു കൂട്ടം തൊഴിലാളികൾ ബസിൽ കയറി പകലന്തിയോളം മണ്ണിനോട് മല്ലടിക്കുന്നവർ. മണ്ണിൽ കുതിർന്ന വിയർപ്പിന്റെ ഗന്ധം.......! കലർപ്പില്ലാത്ത മനുഷ്യഗന്ധം.......! മുളങ്കാടുകൾക്കിടയിലൂടെ മാൻ കൂട്ടം ഓടി മറഞ്ഞു.

കുട്ടിക്കാലത്ത് ഒരിക്കൽ തിരുനെല്ലിയിൽ പോയിട്ടുണ്ട്. ഉയർന്ന കൽപ്പടവുകൾക്ക് മുകളിൽ തകർന്നു കിടക്കുന്ന പുരാതന ക്ഷേത്രവും അനന്തതയിലേക്ക് നീണ്ടു പോകുന്ന ഒരു കൽപ്പാത്തിയും അതിലൂടെ ഒഴുകിയെത്തുന്ന വെള്ളത്തിന്റെ തണുപ്പും ഓർമ്മകൾക്കിന്നും കുളിര് പകരുന്നു. തിരുനെല്ലി ഇപ്പോൾ എങ്ങനെയായിരിക്കും. ഒരു പക്ഷേ എല്ലാം മാറിയിട്ടുണ്ടാകും. കോൺക്രീറ്റ് കെട്ടിടങ്ങളും വഴിയോര ചന്തകളും നിറഞ്ഞ് ജനനിബിഡമായി മാറിയിട്ടുണ്ടാകാം.

തിരുനെല്ലിയെത്താൻ ഇനിയെത്ര നേരമെടുക്കും? ഞാൻ സഹയാത്രികനോട് ചോദിച്ചു.

15 മിനിട്ടിലധികമെടുക്കും. അയാൾ പൊടുന്നനെ വാചാലനായി. എവിടെ നിന്നു വരുന്നു? കർമ്മത്തിനാണോ? 'അല്ല വെറുതെ ഒരു സഞ്ചാരം' . അവിടെ താമസസൗകര്യം കിട്ടുമോയെന്ന് ഞാൻ തിരക്കി. 'നാളെ കറുത്ത വാവാണ്'. പിതൃതർപ്പണത്തിനായി ആളുകൾ കൂടുന്ന ദിവസം.

അവിടെ താമസസൗകര്യം നന്നേ കുറവാണ്. അയാളുടെ മറുപടി എന്നെ അസ്വസ്ഥനാക്കി. അയാൾ മുന്നിലേക്കെത്തി നോക്കി 'ബോളാ' എന്ന് ഉറക്കെ വിളിച്ചു . കറുത്ത് തടിച്ച് ഉയരം കുറഞ്ഞ ഒരു മധ്യവയസ്കൻ അടുത്തു വന്നു. ' ഇവര് അമ്പലത്തിലേക്കാണ്. താമസിക്കാൻ മുറി ശരിയാക്കിക്കൊടുക്കണം'.



ബോളൻ എന്നെ നോക്കി നിശ്ശബ്ദനായി നിന്നു. കറുത്തിരുണ്ട വട്ടമുഖം. മുറുക്കിച്ചുവന്ന ചുണ്ടുകൾ. തിരുനെല്ലിയിൽ ബസിറങ്ങിയപ്പോൾ ബോളൻ അടുത്തു വന്നു. എവിടെനിന്ന് വരുന്നെന്നും കൂടെ മറ്റാരുമില്ലേയെന്നും വന്നതെന്തിനാണെന്നും ബോളൻ ചോദിച്ചു. വെറുതെ കാണാൻ എന്ന് മാത്രം മറുപടി പറഞ്ഞു. കാലത്തിന്റെ പരിഷ്കാരങ്ങൾ ഏറെയായൊന്നും തിരുനെല്ലിയെ ബാധിച്ചിട്ടില്ലെന്ന് എനിക്ക് തോന്നി. ഏതാനും കടകളും പുതുമയുടെ പ്രൗഢി ചൊരിയുന്ന ഒരു ഗസ്റ്റ്ഹൗസും പിന്നെ കൽപ്പടവുകളും ക്ഷേത്രവും കൽപ്പാത്തിയും ഭൂതകാലസ്മരണകളുണർത്തി മാറ്റമില്ലാതെ നിൽക്കുന്നു.

ബോളൻ ഒന്ന് കറങ്ങി തിരിച്ചു വന്നു. ക്ഷേത്രം ഗസ്റ്റ് ഹൗസിലും പിന്നെയുള്ള ഒന്നുരണ്ട് സ്വകാര്യ ലോഡ്ജുകളിലും ഒഴിവില്ലത്രേ. ഇനിയിപ്പോൾ പിതൃതർപ്പണത്തിനായി വരുന്ന തീർത്ഥാടകർ വിശ്രമിക്കുന്ന ഒരു ചെറിയ ഹാളാണുള്ളത്. അവിടെയും തിരക്കാണ്. തണുപ്പ് കൂടി വരികയാണ്. 'നിങ്ങള് ന്റെ കുടീല് വരുന്നോ ആടെ ഞാൻ ഒറ്റയ്ക്കാണ്. 'ശരി ഞാൻ വരാം' എന്റെ മറുപടി കേട്ട് ബോളൻ ഒന്നു പതറി. അങ്ങനെ ഒരു മറുപടി അയാൾ പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നി. അവിടെ വേണ്ടത്ര സൗകര്യമില്ലെന്നും കുറച്ച് നടക്കാനുണ്ടെന്നും ബോളൻ പറഞ്ഞു. എന്നാൽ അതൊന്നും സാരമില്ലെന്ന് ഞാൻ പറഞ്ഞു. ബോളനു പിന്നാലെ ഞാൻ നടന്നു തുടങ്ങി. വയനാടൻ ഗോത്രവിഭാഗക്കാരെ സംശയിക്കേണ്ടതില്ല. അവർ നിഷ്കളങ്കരാണ്. ആർത്തിയും ദുരയുമില്ലാത്തവർ, മോഹങ്ങളും മോഹഭംഗങ്ങളുമില്ലാത്തവർ. വന്ന വഴി അര കിലോമീറ്റർ പിന്നിട്ടു കഴിഞ്ഞു. ഒരു ചായക്കടയുടെ മുന്നിലെത്തി. കപ്പ കഴിച്ചിട്ട് പോകാമെന്ന് അയാൾ പറഞ്ഞു. അവിടെ കപ്പ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കറിയൊന്നുമില്ല. കട്ടൻ ചായയ്ക്ക് കടുപ്പമധികമായിരുന്നു. പുകയിലയും വെറ്റിലയും വാങ്ങാനെത്തുന്നവരുടെ തിക്കും തിരക്കുമാണവിടെ. വാറ്റു ചാരായത്തിന്റെ രൂക്ഷഗന്ധം അവിടമാകെ പരക്കുന്നുണ്ടായിരുന്നു. കടയുടെ പിന്നിലേക്ക് പോയ ബോളൻ തിരിച്ചെത്തിയത് നന്നായി അകത്താക്കിയിട്ടുതന്നെയാണെന്നെനിക്കു തോന്നി. മുഖത്തെ ഗൗരവഭാവം മാറിയിട്ടുണ്ട്. കണ്ണുകൾക്ക് വല്ലാത്തൊരു തിളക്കം. പക്ഷേ സംസാരം ഇപ്പോഴും പഴയപടി തന്നെ. കടയിൽ നിന്നിറങ്ങി വീണ്ടും നടന്നു തുടങ്ങി. മലനിരകൾ അതിരിടുന്ന ചക്രവാളത്തിൽ കാലം തെറ്റി പെയ്യാൻ വെമ്പുന്ന മേഘങ്ങൾ ഉരുണ്ടു കൂടുന്നു. പ്രധാന നിരത്തിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് ഇറക്കത്തിലൂടെ നടത്തം തുടർന്നു. ഏതാനും ചെറിയ കുടിലുകൾ പിന്നിട്ട് വനാതിർത്തിയിൽ ബോളന്റെ കുടിൽ . മറ്റ് കുടിലുകളിൽ നിന്നും വ്യത്യസ്തമായിരുന്നു. അത് മുളം കോലുകൾകൊണ്ട് മറകെട്ടി പുല്ലു മേഞ്ഞ മേൽക്കൂരയുള്ള ഒറ്റ മുറി കുടിൽ. എങ്കിലും അത് വളരെ മനോഹരമായി തോന്നി. കുടിൽ മിക്കവാറും ശൂന്യമായിരുന്നു. കുറച്ച് മൺപാത്രങ്ങളും അതിനു മുകളിൽ ചുരുട്ടി വച്ചിരുന്ന ഒരു പായയും. കഴുക്കോലിൽ തൂങ്ങിക്കിടക്കുന്ന വലിയൊരു ഭാണ്ഡക്കെട്ടിൽ നിന്നും ഒരു തുടിയുടെ അഗ്രം പുറത്തേയ്ക്ക് തള്ളി നിൽക്കുന്നുണ്ടായിരുന്നു.

നമുക്ക് കുളിച്ചുവരാം ബോളൻ പറഞ്ഞു. തോടിനപ്പുറം ഇടതൂർന്ന വനം. ഇത് ബാവലിയിലേക്കൊഴുകുന്ന തോടാണ്. വെള്ളം ഐസ് പോലെ തണുപ്പുള്ളത്. തോട്ടിൽ മുങ്ങിക്കുളിച്ചു

മനസ്സും ശരീരവും തണുത്തുറഞ്ഞു. കുളികഴിഞ്ഞ് കുടിലിലെത്തി. ബോളൻ അടുപ്പിൽ തീ കൂട്ടി. ഒരു നീളൻ കിഴങ്ങ് അടുപ്പിൽ ചുട്ടെടുത്തു. അയാളുടെ സൽക്കാരം എനിക്ക് നന്നേ പിടിച്ചു. അയാൾ പറഞ്ഞ പേര് ഓർമ്മയിലില്ലെങ്കിലും കിഴങ്ങിന്റെ സ്വാദ് മറന്നിട്ടില്ല. കുടിലിനകത്ത് പായ വിരിച്ചു. മലങ്കാറ്റിന് തണുപ്പ് കൂടി വന്നു. പക്ഷേ ഈ മനുഷ്യന് ചൂടും തണുപ്പുമൊന്നും പ്രശ്നമേയല്ല. മണ്ണെണ്ണ വിളക്കിന്റെ മഞ്ഞവെളിച്ചത്തിൽ ബോളന്റെ ചുവന്നിറുകിയ കണ്ണുകൾ ജ്വലിച്ചു നിന്നു. കാലത്തിന്റെ താഡനമേറ്റ് കറുത്ത് കരുവാളിച്ച വട്ടമുഖത്ത് വസൂരി വടുക്കൾ പോലുള്ള കുഴികൾ. ചെമ്പൻ താടിയും മുടിയും പകുതിയിലേറെയും നരച്ചു കഴിഞ്ഞിരിക്കുന്നു. അമ്പതിനോടടുത്ത പ്രായത്തിലും ബോളന്റെ വന്യ സൗന്ദര്യത്തിന് പ്രത്യേക ചന്തമുണ്ടെന്നു തോന്നി. അയാൾ മിതഭാഷിയും ഗൗരവക്കാരനുമാണ്. പരുക്കൻ ശബ്ദം ഇടയ്ക്കിടെ പാറപൊട്ടി വീഴുംപോലെ പുറത്തേയ്ക്ക് തെറിക്കും. ബോളൻ നിശ്ശബ്ദനായി ഇരിക്കുകയാണ്. വലിയൊരു ഇതിഹാസം ആ മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്നതായി എനിക്കു തോന്നി. പല കാര്യങ്ങളും ഞാൻ ചോദിച്ചു കൊണ്ടിരുന്നു. ചിലതൊക്കെ ബോളൻ പറഞ്ഞു. ബോളൻ തിരുനെല്ലിക്കാരനല്ല. പുൽപ്പള്ളിയിലായിരുന്നു ചെറുപ്പകാലം. മുപ്പത് വർഷക്കാലം പുൽപ്പള്ളിക്കടുത്ത് ഒരു ഗൗഡർക്കുവേണ്ടി കൃഷിപ്പണി ചെയ്തുവത്രെ. നെല്ലും തിനയും വിളയുന്ന പാടത്ത് മദയാനയുടെ കരുത്തുമായി നടന്ന ബോളന് പാടത്ത് പണിക്കുവന്ന വെള്ളച്ചി ജീവിതസഖിയായി. പക്ഷേ ദാമ്പത്യം ഏറെനാൾ നീണ്ടു നിന്നില്ല. വെള്ളച്ചി പിണങ്ങിപ്പോയി. ബോളൻ പുൽപ്പള്ളിയെ വെറുത്തു. അയാൾ അച്ഛന്റെ നാടായ തൃശ്ശിലേരിയിലേക്കു പോയി. ഏറെക്കാലം അവിടെ പണിയെടുത്ത് ജീവിച്ചു. വീണ്ടും ഒരു പെണ്ണ് ജീവിതത്തിലേക്ക് കടന്നു വന്നു. തലപുഴക്കാരി യശോദ. പിന്നീട് ജോലിതേടി യശോദയോടൊപ്പം തിരുനെല്ലിയെത്തി. പലയിടങ്ങളിൽ മാറിമാറി താമസിച്ചു. ഒടുവിൽ യശോദയും വഴിപിരിഞ്ഞു. അവളിപ്പോൾ മറ്റൊരാളോടൊപ്പമാണ്. ബോളൻ ജീവിതത്തിൽ ഏകനാണ്. കാര്യമായ സ്വപ്നങ്ങളോ പ്രതീക്ഷകളോ ഇല്ല. ഇനിയൊരിക്കൽ തൃശ്ശിലേരിക്ക് തിരിച്ചു പോകണം. അവിടെ കൃഷി ചെയ്ത് ജീവിക്കണം അത്രമാത്രം.

വാറ്റ് ബോളന്റെ തലയ്ക്ക് മത്ത് പിടിപ്പിച്ചതായി തോന്നി. അയാൾ തലയാട്ടി എന്തോ മൂളുന്നുണ്ട്. ഞാനാവശ്യപ്പെട്ടതനുസരിച്ച് അയാൾ ഭാണ്ഡത്തിൽ നിന്നും തുടിയെടുത്ത് കൊട്ടിത്തുടങ്ങി. തുടിയുടെ ചടുലതാളത്തിൽ അയാൾ ഒരു പ്രാകൃത ഗാനം പാടി –

ഞാനൂ പറഞ്ഞില പെണ്ണേ
ഓന്തിന മയ്യന പായേറ്
ഓന്തു കടിക്കും പെണ്ണേ
ഓന്തിന മയ്യന പാഞ്ഞാല്.

ഇനി നിങ്ങൾ കിടന്നോളിൻ എനിക്ക് കിടക്കാറായിട്ടില്ല. ബോളൻ പറഞ്ഞു. നാളെ കറുത്ത വാവാണ്. ഇന്ന് നിലാവുദിക്കില്ല. സമയം ഏറെ വൈകിയിരിക്കുന്നു. അടുത്തുള്ള കുടിലുകളിലെ ഒച്ചയും ബഹളവും നിലച്ചു. ബോളൻ എന്തോ ആലോചിച്ചിരിക്കുകയാണ്. കൂടുതൽ സംസാരിച്ച് അയാളെ ബുദ്ധിമുട്ടിക്കേണ്ടതില്ലെന്ന് വിചാരിച്ചു. ഈ രാത്രി ഉറങ്ങിത്തീർക്കുവാനുള്ളതല്ല. എത്ര സുന്ദരമാണീ രാത്രി. ബ്രഹ്മഗിരിയുടെ മടിത്തട്ടിൽ ഇരുട്ടിന്റെ കരിമ്പടം പുതച്ചുറങ്ങുന്ന തിരുനെല്ലി. തിരുനെല്ലിയുടെ സൗന്ദര്യം ആസ്വദിക്കണമെന്നും തിരുനെല്ലിയെ കൂടുതൽ അടുത്തറിയണമെന്നുമുണ്ടായിരുന്നു. പട്ടിണിയുടെയും കണ്ണീരിന്റെയും കഥകൾ മാത്രം പറയാനുള്ള തിരുനെല്ലി. പക്ഷേ മനോഹരിയാണ്. ചൂഷിത വർഗ്ഗത്തിന്റെ മോചനം സ്വപ്നം കണ്ട വർഗ്ഗീസ് വെടിയേറ്റ് പിടഞ്ഞു വീണത് ഈ തിരുനെല്ലിക്കാട്ടിലെവിടെയോ ആണ്. മലയാളിയുടെ പ്രിയ കഥാകാരി വത്സല ടീച്ചറുടെ മാനസപുത്രി മാരയുടെ സ്വപ്നങ്ങളും പ്രതീക്ഷകളും പൊലിഞ്ഞു പോയതും ഈ ബാവലിയുടെ തീരങ്ങളിലാവാം...........

ബോളൻ പിറ്റേന്ന് പണിക്കു പോയില്ല. തലേന്നു കണ്ട ചായക്കടയിൽ നിന്നും മുളങ്കുറ്റി പുട്ടും കഴിച്ചു. എന്നെ യാത്രയാക്കാൻ അയാൾ ബസിനടുത്തു വരെ വന്നു. ഞാൻ ബസിൽ കയറി യാത്ര പറഞ്ഞു . ഊഷ്മള സൗഹൃദത്തിന്റെ മരുപ്പച്ച മനസ്സിൽ ബാക്കിയാക്കി ബോളന്റെ രൂപം അകന്നു പോയി.

2001 ഡിസംബറിലെ ഒരു മദ്ധ്യാഹ്നം. ഞാൻ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ചിട്ട് മൂന്നു മാസം കഴിഞ്ഞു. വീണ്ടും ഒരു യാത്ര. ആളുകളുടെ കൊടുങ്കാറ്റായ മഹാനഗരത്തിൽ നിന്നും മൗനം തണുത്തുറയുന്ന തിരുനെല്ലിയിലേയ്ക്ക്! ബസിറങ്ങി നേരെ പോയത് ബോളന്റെ കുടിൽ ലക്ഷ്യം വച്ചായിരുന്നു. അന്ന് കയറിയ ചായക്കടയിൽ ബോളനെകുറിച്ച് ചോദിച്ചു. ചായക്കടക്കാരൻ പറഞ്ഞു ഓൻ പോയി, കഴിഞ്ഞ കർക്കിടകത്തില്. പിന്നെ തിരിച്ചു വന്നിട്ടില്ല. നല്ലൊരു മനുഷ്യനായിരുന്നു. എങ്ങോട്ട് പോയതെന്നറിയില്ല. 'തൃശ്ശിലേരിക്കായിരിക്കും'. ഞാൻ മനസ്സിൽ മറുപടി പറഞ്ഞ് തിരിച്ചു നടന്നു. ◆

ലേഖനം

# ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ

**വി.കെ. ബാബുപ്രകാശ്**
മുൻ നിയമസഭാ സെക്രട്ടറി



Idea of India അഥവാ ഇന്ത്യ എന്ന ആശയം ഒരു പ്രയോഗമായി ഉപയോഗിച്ചത് നോബൽ സമ്മാന ജേതാവ് രവീന്ദ്രനാഥ ടാഗോർ ആണ്. മഹാത്മാ ഗാന്ധിയുമായി ശാന്തിനികേതൻ ആശ്രമത്തിൽ ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള അവരുടെ ആശയവിനിമയ ചർച്ചയിൽ ടാഗോർ ഉപയോഗിച്ച പ്രയോഗമാണ് Idea of India അഥവാ ഇന്ത്യ എന്ന ആശയം. പിന്നീട് ടാഗോർ തന്റെ ഇംഗ്ലീഷ് ലേഖനങ്ങളിൽ ഈ ആശയം വിശദമാക്കുന്നുണ്ട്. (Chapter 7, The English Writings of Rabindranathe Tagore, A miscelleny by Sisirkumar Das) ടാഗോറിന്റെ കാഴ്ചപ്പാടിൽ ദേശീയത എന്നത് സങ്കുചിതമായ കാഴ്ചപ്പാടാണ്. അതിനെ ഇന്ത്യൻ അതിർത്തിക്കുള്ളിൽ ഒതുക്കാതെ അന്തർദേശീയ മാനം നൽകുന്ന വിശ്വമാനവികത ആയിരിക്കണം എന്നാണ് ടാഗോർ വ്യക്തമാക്കിയത്. ഇന്ത്യ ഒരു പൂന്തോട്ടമാണെന്നും അതിൽ വിരിഞ്ഞ് നിൽക്കുന്ന വിവിധതരം പൂക്കളാണ് ഇന്ത്യൻ ദേശീയത എന്നും ടാഗോർ വ്യക്തമാക്കുന്നു. എന്നാൽ ഗാന്ധിജി ഉന്നയിച്ചത് ഇന്ത്യൻ ദേശീയത അഥവാ ഇന്ത്യ എന്ന ആശയം ഇന്ത്യയിലെ വിവിധ ജാതി മത വർഗ്ഗ സമൂഹങ്ങൾ, അവർ പ്രതിനിധീകരിക്കുന്ന ഗ്രാമീണ സംസ്ക്കാരങ്ങൾ, എന്നിവയെ ഒത്തൊരുമിപ്പിച്ച് ഒരു ദേശത്തിന് കീഴിൽ അവരുടെ ആചാര വിശ്വാസങ്ങൾക്ക് തടസ്സമുണ്ടാകാതെ അവ അനുസ്യൂതം പിൻതുടർന്ന് ജീവിക്കുന്ന നാനാത്വത്തിൽ ഏകത്വമാണ് എന്നതാണ്. ടാഗോറും ഗാന്ധിജിയും പരസ്പരം തർക്കിച്ചിരുന്നുവെങ്കിലും ഇന്ത്യ എന്ന ആശയം അഥവാ ഇന്ത്യൻ ദേശീയത, ഇന്ത്യയിൽ ജീവിക്കുന്ന വിവിധ ഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഒത്തൊരുമയോടെ ഇന്ത്യാരാഷ്ട്രം എന്ന ഒരു ദേശത്തെ അംഗീകരിച്ച് മുന്നേറുന്ന ജീവിത സമ്പ്രദായമാണ് എന്നാണ് ഭരണഘടനാ ശിൽപിയായ ഡോ. അംബേദ്കർ ഭരണഘടനാ മൂല്യത്തിന്റെ അന്തസത്ത ചൂണ്ടിക്കാട്ടി ഭരണഘടനാ നിർമ്മാണ സഭ

“

ടാഗോറിന്റെ കാഴ്ചപ്പാടിൽ ദേശീയത എന്നത് സങ്കുചിതമായ കാഴ്ചപ്പാടാണ്. അതിനെ ഇന്ത്യൻ അതിർത്തിക്കുള്ളിൽ ഒതുക്കാതെ അന്തർദേശീയ മാനം നൽകുന്ന വിശ്വമാനവികത ആയിരിക്കണം എന്നാണ് ടാഗോർ വ്യക്തമാക്കിയത്.



ഒരു ഇസ്ലാം മതരാഷ്ട്രം ആയെങ്കിലും ഇന്ത്യയിൽ ഒട്ടനവധി മുസ്ലീം വിഭാഗങ്ങൾ ജീവിക്കുന്നുണ്ട്. മറ്റ് മതവിഭാഗങ്ങളും ഇന്ത്യയിലുണ്ട്. ഈ മതസമൂഹങ്ങൾ എല്ലാം സഹവർത്തിത്തത്തോടെയും പരസ്പര സാഹോദര്യത്തോടെയും മുന്നോട്ട് പോകുന്നതാണ് ഇന്ത്യയുടെ പ്രത്യേകത.



യിൽ വ്യക്തമാക്കിയത്.

## ഭരണഘടനാ നിർമ്മാണസഭ

ഭരണഘടനാ നിർമ്മാണസഭ 1946 ഡിസംബർ 9-ന് നിലവിൽ വന്നു. ഇന്ത്യയുടെ പ്രൊവിൻഷ്യൽ കൗൺസിലിലേയ്ക്ക് തെരെഞ്ഞെടുക്കപ്പെട്ടവരും രാജാക്കൻമാർ നാമനിർദ്ദേശം ചെയ്തവരും അടങ്ങിയ 284 അംഗങ്ങളായിരുന്നു ഭരണഘടനാ നിർമ്മാണ സഭയിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ അംഗങ്ങളിൽ ആദ്യം ഡോ. ബി.ആർ. അംബേദ്കർ ഉണ്ടായിരുന്നില്ല. പശ്ചിമബംഗാളിൽ നിന്നുള്ള ഒരു അംഗം രാജിവെച്ചതിനെ തുടർന്നുവന്ന ഒഴിവിൽ നെഹ്റുവിന്റെയും മൗലാനാം അബ്ദുൽകലാം ആസാദിന്റെയും ഗാന്ധിജിയുടെയും നിർദ്ദേശപ്രകാരം മഹാരാഷ്ട്രയിൽ നിന്ന് പ്രൊവിൻഷ്യൽ കൗൺസിലേക്ക് മത്സരിച്ച് ജയിച്ചാണ് അംബേദ്കർ ഭരണഘടനാ നിർമ്മാണസഭയിൽ അംഗമാകുന്നത്. 1946 ഡിസംബർ 9 ന് ചേർന്ന ആദ്യ യോഗത്തിൽ ഡോ. രാജേന്ദ്രപ്രസാദിനെ അധ്യക്ഷനായി തെരെഞ്ഞെടുത്തു. ഭരണഘടന എന്തായിരിക്കണമെന്നും അതിന്റെ ചരിത്ര പശ്ചാത്തലം, ധാർമ്മിക മൂല്യങ്ങൾ, ഉയർത്തി പിടിക്കേണ്ട തത്വങ്ങൾ എന്നിവ വിശദീകരിച്ച് ജവഹർലാൽ നെഹ്റു ഒരു പ്രമേയം അവതരിപ്പിച്ചു. ഈ പ്രമേയമാണ് Objectives Resolution എന്ന് അറിയപ്പെടുന്നത്. ഭരണഘടനയുടെ കരട് തയ്യാറാക്കാൻ 2 കൊല്ലവും 11 മാസവും 17 ദിവസവും എടുത്തു. അതിനായി 11 അസംബ്ലി യോഗങ്ങൾ 165 ദിവസങ്ങളിലായി ചേർന്നു.ഡ്രാഫ്റ്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ഭരണ ഘടനയ്ക്ക് 395 അനുഛേദങ്ങളും 8 പട്ടികകളും ഉണ്ടായിരുന്നു. 1949 നവംബർ 26ന് ഭരണഘടനയുടെ കരട് അംഗീകരിച്ചു. അംഗീകരിച്ച കരടിൽ 1950 ജനുവരി 24-ാം തീയതി 284 അംഗങ്ങൾ ഒപ്പിട്ടു. കേരളത്തിൽ നിന്ന് വനിതാ അംഗങ്ങളായ ശ്രീമതി. അമ്മു സ്വാമിനാഥൻ, ദാക്ഷായനി, വേലായുധൻ, ആനി മസ്ക്രീൻ എന്നിവർ കരടിൽ ഒപ്പിട്ടവരാണ്. ഇന്ന് ഇന്ത്യൻ ഭരണഘടനയ്ക്ക് 395 അനുച്ഛേദങ്ങളും 22 ഭാഗങ്ങളും 12 ഷെഡ്യൂളുകളും 3 അപ്പൻഡിക്സുകളുമുണ്ട്. ഭരണഘടനയുടെ ആദ്യ ഭേദഗതി 1951-ൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ചു. ഇപ്പോൾ ഇന്ത്യൻ ഭരണഘടനയ്ക്ക് 103 ഭേദഗതികളുമുണ്ട്. 103-ാം ഭേദഗതി 2019 ജനുവരിയിൽ നരേന്ദ്രമോഡി സർക്കാർ വരുത്തിയ ഭേദഗതിയാണ്. മുന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സർക്കാർ ജോലിയിൽ 10% സംവരണം നൽകുന്നതാണ് 103-ാം ഭേദഗതി. 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതോടെ ഭരണഘടനാ നിർമ്മാണ സഭ പിരിച്ചുവിടുകയും ആദ്യത്തെ പ്രൊവിൻഷ്യൻ പാർലമെന്റായി അതിനെ രൂപമാറ്റം വരുത്തുകയും ചെയ്തു. പ്രസ്തുത പാർലമെന്റ് ഇന്ത്യയിൽ ആദ്യത്തെ പാർലമെന്റിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് നടന്ന 1952 വരെ തുടരുകയായിരുന്നു. ഭരണഘടനയുടെ കരട് അംഗീകരിച്ചപ്പോൾ അതിന് ആമുഖം (Preamble) ഉണ്ടായിരുന്നില്ല. സർദാർ കെ.എം. മുൻഷിയും അല്ലാഡി കൃഷ്ണസ്വാമിയും മറ്റ് ചിലരും ആമുഖത്തിന്റെ ആവശ്യകത ഉന്നയിച്ചപ്പോൾ നെഹ്റുവിന്റെ Objective Resolution ലെ പ്രധാന ഭാഗങ്ങൾ ഭരണഘടനയുടെ ആമുഖമായി ചേർത്തു.

1951-ലെ ആദ്യ ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചപ്പോൾ ഡോ. കെ. റ്റി. ഷാ ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യ ഒരു മതിനരപേക്ഷ ജനാധിപത്യ റിപ്പബ്ലിക് എന്ന് ചേർക്കണമെന്ന് പറയുകയുണ്ടായി. എന്നാൽ അതിനെ എതിർത്തുകൊണ്ട് സർദാർ കെ.എം. മുൻഷിയും ഡോ. ബി. ആർ. അംബേദ്കറും ഉന്നയിച്ചത്, ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിന് മുമ്പ് തന്നെ ഇന്ത്യൻ ജനത മതേതരത്വം കാത്തു സൂക്ഷിക്കുന്ന സമൂഹമാണ്. പാകിസ്ഥാൻ, ഇന്ത്യയിൽ നിന്ന് വിഭജിച്ചുപോയി ഒരു ഇസ്ലാം മത രാഷ്ട്രം ആയെങ്കിലും ഇന്ത്യയിൽ ഒട്ടനവധി മുസ്ലീം വിഭാഗങ്ങൾ ജീവിക്കുന്നുണ്ട്. മറ്റ് മതവിഭാഗങ്ങളും ഇന്ത്യയിലുണ്ട്. ഈ മത സമൂഹങ്ങൾ എല്ലാം സഹവർത്തിത്തത്തോടെയും പരസ്പര സാഹോദര്യത്തോടെയും മുന്നോട്ട് പോകുന്നതാണ് ഇന്ത്യയുടെ പ്രത്യേകത. അതിനാൽ മതേതരത്വം എന്ന പ്രയോഗം ഭരണഘടനയുടെ ആമുഖത്തിൽ പ്രത്യേകമായി

“

ഫ്രാൻസിൽ ഒരു സ്കൂളിലും ഒരു കുട്ടി ക്രിസ്ത്യൻ ആണെങ്കിൽ കുരിശ് ധരിക്കുന്നതിനോ, മുസ്ലീമാണെങ്കിൽ ഹിജാബ് ധരിക്കുന്നതിനോ സിക്കാണെങ്കിൽ തലപ്പാവ് ധരിക്കാനോ അവകാശമില്ല. എന്നാൽ ഇന്ത്യയിൽ ഇത്തരം അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.



ഭരണഘടനയുടെ കരട് തയ്യാറാക്കാൻ 2 കൊല്ലവും 11 മാസവും 17 ദിവസവും എടുത്തു. അതിനായി 11 അസംബ്ലി യോഗങ്ങൾ 165 ദിവസങ്ങളിലായി ചേർന്നു.



എഴുതിച്ചേർക്കേണ്ടതില്ല എന്നവർ വാദിച്ചു. ജവഹർലാൽ നെഹ്റുവും പ്രസ്തുത വാദം അംഗീകരിച്ചു. അപ്രകാരം ഭരണഘടനയുടെ ആമുഖത്തിൽ മതേതര രാഷ്ട്രം എന്നത് ചേർക്കപ്പെട്ടില്ല. എന്നാൽ 1976-ൽ ശ്രീമതി ഇന്ദിരാഗാന്ധി 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യ ഒരു മതേതര ജനാധിപത്യ റിപ്പബ്ളിക് ആണെന്ന് കൂട്ടിച്ചേർക്കുകയുണ്ടായി.

## ഭരണഘടനയുടെ പ്രത്യേകതകൾ

1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രമായെങ്കിലും സ്വന്തമായി ഒരു ഭരണഘടന തയ്യാറാക്കുന്നതിനായി ഇന്ത്യൻ ജനാധിപത്യത്തിന് വീണ്ടും 2 കൊല്ലം കൂടി കാത്തിരിക്കേണ്ടിവന്നു. ലിഖിതമായ ഒരു ഭരണഘടന ഇല്ലാത്ത ഇംഗ്ലണ്ടിനെ പോലുള്ള ഒരു രാജ്യത്തെ പോലെ മുന്നോട്ട് പോകുന്നതിന് ഇന്ത്യയ്ക്ക് ആകുമായിരുന്നില്ല. കാരണം, ജനാധിപത്യത്തിന്റെ കീഴ്വഴക്കങ്ങളും പ്രവർത്തന മേഖലയും നമുക്ക് ഏറെക്കുറെ അപരിചിതമായിരുന്നു. ഭരണഘടനയിലൂടെ ഇന്ത്യൻ ജനാധിപത്യത്തിന് നാല് വിപ്ലവകരമായ പരിണാമങ്ങളാണ് വരുത്തിയത്.

1. ഇന്ത്യ മുതിർന്ന പൗരൻമാർക്ക് തുല്യമായ വോട്ടവകാശം ഒരു ഭരണഘടന അവകാശമായി നൽകുന്ന രാഷ്ട്രമായി.

2. ജാതി, മത, ജനന സൂചിക എന്നിവയ്ക്ക് അതീതമായി സമത്വം എന്നത് നമ്മുടെ ഭരണഘടനാ അവകാശമായി എല്ലാ പൗരന്മാർക്കും ഭരണഘടന നൽകുന്നു. ഭരണഘടന ഉയർത്തുന്ന മത നിരപേക്ഷത എന്നാൽ മതത്തെ രാഷ്ട്രം അകറ്റി നിർത്തുന്നു എന്നല്ല, മറിച്ച് ഭരണഘടന വിഭാവന ചെയ്യുന്ന മതേതരത്വം എല്ലാ വിഭാഗത്തിൽപ്പെട്ട മതങ്ങളെയും ഒരുപോലെ അംഗീകരിക്കുകയും ഒരു പ്രത്യേക മതത്തെ അനുകൂലിക്കുകയും അല്ല. അതായത് രാഷ്ട്രം ഒരു മതത്തിനെയും പ്രത്യേകമായി പ്രോത്സാഹിപ്പിക്കുന്നില്ല, മറിച്ച് വിവിധ മതവിശ്വാസികൾക്ക് അവരുടെ മതവിശ്വാസങ്ങൾ തുടരുന്നതിന് രാഷ്ട്രം തടസ്സമല്ല. എന്നാൽ ഫ്രാൻസിലെ ഭരണഘടന വിവക്ഷിക്കുന്ന മതേതരത്വം ഇന്ത്യൻ ഭരണഘടനയിലെ മതേതരത്വത്തിന് തുലോം വ്യത്യസ്തമാണ്. സർക്കാരിന്റെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫ്രാൻസിൽ മതത്തെ അകറ്റിനിർത്തുന്നു. ഫ്രാൻസിൽ ഒരു സ്കൂളിലും ഒരു കുട്ടിയും ക്രിസ്ത്യൻ ആണെങ്കിൽ കുരിശ് ധരിക്കുന്നതിനോ, മുസ്ലീമാണെങ്കിൽ ഹിജാബ് ധരിക്കുന്നതിനോ സിക്കാണെങ്കിൽ തലപ്പാവ് ധരിക്കാനോ അവകാശമില്ല. എന്നാൽ ഇന്ത്യയിൽ ഇത്തരം അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.

3. ഒരു കൂട്ടം മൗലീകാവകാശങ്ങൾ ഭരണഘടന പൗരൻമാർക്ക് നൽകുന്നുണ്ട്. ഭരണകൂടത്തിന് ഈ മൗലീകാവകാശങ്ങളിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താമെങ്കിലും മൗലീകാവകാശങ്ങൾ ഭരണഘടനാ മൂല്യങ്ങളുടെ അടിത്തറ ആണെന്ന് കോടതി വ്യാഖ്യാനിച്ച ശേഷം മൗലീകാവകാശങ്ങൾ റദ്ദ് ചെയ്യാൻ ഭരണഘടന അനുവദിക്കുന്നില്ല. 1975 ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ മൗലീകാവകാശങ്ങളിൽ പലതും റദ്ദ് ചെയ്യപ്പെട്ടിരുന്നു. അത് 42ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ചെയ്തത്. പൗരൻമാർക്ക് മൗലീകാവകാശങ്ങൾ സ്ഥാപിച്ച് കിട്ടുന്നതിനായി കോടതിയെ സമീപിക്കാം എന്ന അവകാശവും റദ്ദ് ചെയ്യപ്പെട്ടിരുന്നു. പ്രശസ്തമായ കേശവാനന്ദ ഭാരതി കേസിലെ 13 ജഡ്ജിമാർ അടങ്ങുന്ന സുപ്രീം കോടതി ബഞ്ച് ഇന്ദിരാഗാന്ധി കൊണ്ടുവന്ന 42-ാം ഭരണഘടനാ ഭേദഗതിയിൽ ഭൂരിഭാഗവും റദ്ദ് ചെയ്യുകയും മൗലീകാവകാശങ്ങൾ ഭരണഘടനയുടെ അടിസ്ഥാന ശിലയാണെന്നും അവയെ ഭരണഘടനാ ഭേദഗതിയിലൂടെ റദ്ദ് ചെയ്യാൻ പാടില്ലായെന്നും വിധിച്ചു. 1975 ലെ ഇന്ദിരാഗാന്ധിയുടെ ഭരണം ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യൻ ജനാധിപത്യത്തെ ഏകാധിപത്യത്തിലേയ്ക്ക് വഴിമാറ്റാൻ ശ്രമിച്ചെങ്കിലും ജനവിധി ഇന്ദിരാഗാന്ധിക്ക് എതിരായിരുന്നു. പിന്നീട് 2000ൽ അധികാരത്തിൽ വന്ന വാജ്പേയിയുടെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ ഭരണഘടന പുന:പരിശോധിക്കുന്നതിനായി ഡോ. എസ്. കശ്യപിന്റെ നേതൃത്വത്തിൽ ഒരു കമ്മിഷനെ നിയോഗിച്ചിരുന്നു. കമ്മിഷനോട്



THE CONSTITUTION OF INDIA

PREAMBLE

**WE, THE PEOPLE OF INDIA**, having solemnly resolved to constitute India into a [1][**SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC**] and to secure to all its citizens :

**JUSTICE**, social, economic and political;

**LIBERTY** of thought, expression, belief, faith and worship;

**EQUALITY** of status and of opportunity and to promote among them all:

**FRATERNITY** assuring the dignity of the individual and the [2][unity and integrity of the Nation];

**IN OUR CONSTITUENT ASSEMBLY** this twenty-sixth day of November, 1949 do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

സർക്കാർ ആവശ്യപ്പെട്ടത്, ഭൂരിപക്ഷ ഹൈന്ദവ തത്വശാസ്ത്രത്തിൽ അധിഷ്ഠിതമായ ഒരു ഭരണഘടനാമൂല്യം ഉയർത്തി പിടിക്കുന്ന തരത്തിൽ ഭരണഘടന പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത കമ്മിഷനോട് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഡോ. എസ്. കശ്യപ് ഇന്ത്യൻ ഭരണഘടനയുടെ നിലവിലെ മൂല്യങ്ങളുടെ സത്തയാണ് ഇന്ത്യൻ ജനാധിപത്യത്തിന് അഭികാമ്യമെന്ന തരത്തിലാണ് റിപ്പോർട്ട് നൽകിയത്. 2014 ൽ മോഡി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഭരണഘടനാ പുന:പരിശോധന ഉണ്ടാകുമെന്ന് പലരും കരുതിയെങ്കിലും അതുണ്ടായില്ല എന്നത് ഇന്ത്യൻ ജനാധിപത്യത്തിന് ആശ്വാസം നൽകുന്നു.

4. നിയമവാഴ്ച ഭരണഘടന ഉറപ്പാക്കുന്നു.

5. ശക്തമായ ഒരു കേന്ദ്രീകൃത ഭരണവും ഒപ്പം സ്വയംഭരണാവകാശവുമുള്ള സ്വതന്ത്രമായ സംസ്ഥാന ഭരണവും വിഭാവന ചെയ്യുന്ന ഫെഡറലിസമാണ് ഭരണഘടന മുന്നോട്ട് വെയ്ക്കുന്ന റിപ്പബ്ളിക്കൻ ജനാധിപത്യം. എന്നാൽ ഈ ഫെഡറലിസത്തെ ഇല്ലാതാക്കുന്ന ഒരു പ്രവണതയാണ് ഭരണഘടനയുടെ അനുച്ഛേദം 356. ഇന്ത്യൻ പ്രസിഡന്റിനും സംസ്ഥാന ഗവർണ്ണർമാർക്കും നൽകുന്ന അധികാരം. അതായത് ഏതെങ്കിലും ഒരു സംസ്ഥാനത്ത് ജനങ്ങൾ തെരെഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാന ഭരണകൂടം ഭരണം നടത്തുമ്പോൾ ഭരണഘടനാ സ്തംഭനമോ പരാജയമോ ഉണ്ടായി എന്ന് ഗവർണ്ണർ റിപ്പോർട്ട് ചെയ്താൽ പ്രസ്തുത സംസ്ഥാന ഭരണകൂടത്തെ പിരിച്ച് വിടുന്നതിനുള്ള അധികാരം പ്രസിഡന്റിന് ഉണ്ട് എന്ന് വ്യക്തമാക്കുന്നു. ഇത് കേന്ദ്ര ഭരണകൂടം മിക്കവാറും ദുരുപയോഗം ചെയ്ത് ജനാധിപത്യത്തിലൂടെ തെരെഞ്ഞെടുത്ത ഭൂരിപക്ഷമുള്ള സംസ്ഥാന സർക്കാരുകളെ പിരിച്ചുവിട്ട് ഫെഡറലിസം അട്ടിമറിക്കപ്പെട്ടിട്ടുണ്ട്. 1951ൽ നെഹ്റു ഗവൺമെന്റാണ് ആദ്യമായി ഈ അധികാരം പ്രയോഗിക്കുന്നത്. പഞ്ചാബിലെ ഭൂരിപക്ഷ സർക്കാർ ആയിരുന്ന ഗോപീചന്ദ് ഭാർഗവയുടെ ഗവൺമെന്റിനെ ഒരു കാരണവും ഇല്ലാതെ ഭരണഘടനാ സ്തംഭനം ഉണ്ട് എന്ന് ഗവർണ്ണറെക്കൊണ്ട് റിപ്പോർട്ട് ചെയ്യിപ്പിച്ച് സർക്കാരിനെ പ്രസിഡന്റ് പിരിച്ചു വിടുകയുണ്ടായി. പിന്നീട് 1957ൽ കേരളത്തിലെ ആദ്യ ഇ.എം.എസ്. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ ഇതേ അധികാരം ഉപയോഗിച്ച് നെഹ്റു പിരിച്ചുവിട്ടിട്ടുണ്ട്. അന്നത്തെ മന്ത്രിസഭാഗംമായിരുന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ നെഹ്റുവിനോട് നേരിട്ട് എന്തിനാണ് സർക്കാരിനെ പിരിച്ച് വിട്ടത് എന്ന് ചോദിച്ചുവെന്നും അതിന് നെഹ്റു യാതൊരു മറുപടിയും പറയാതെ ഒഴിഞ്ഞ് മാറുകയാണ് ചെയ്തതെന്നും കൃഷ്ണയ്യർ തന്റെ ആത്മകഥയായ Wandering in many worlds ൽ പറയുന്നുണ്ട്. ഏകദേശം 150 തവണയെങ്കിലും അനുച്ഛേദം 356 നൽകുന്ന അധികാരം ഇന്ത്യൻ പ്രസിഡന്റുമാർ ഉപയോഗിച്ചിട്ടുണ്ട് എന്നാണ് ഭരണഘടനയുടെ ചരിത്രം വ്യക്തമാക്കുന്നത്. 1996 ൽ സുപ്രീം കോടതിയുടെ 9 അംഗ ഭരണഘടനാ ബഞ്ച് എസ്.ആർ.ബൊമ്മെ കേസിൽ അടിക്കടി ഇന്ത്യൻ പ്രസിഡന്റ് അനുച്ഛേദം 356 പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും ഫെഡറിലിസത്തിന് എതിരാണെന്നും ശക്തമായി താക്കീത് ചെയ്തിട്ടുണ്ട്.

> “ രാഷ്ട്രീയ സമത്വം നമ്മുടെ ഭരണഘടന പൗരൻമാർക്ക് ഉറപ്പാക്കുന്നു. എന്നാൽ സാമ്പത്തിക, സാമൂഹ്യ സമത്വം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിനായി ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്.

1949 നവംബർ 26 ന് ഭരണഘടനാ കരട് അംഗീകരിച്ച ശേഷം ചെയ്ത പ്രസംഗത്തിന്റെ അവസാന ഭാഗത്ത് ഡോ.ബി.ആർ.അംബേദ്കർ പറഞ്ഞ കാര്യം ഇക്കാലത്തും പ്രസക്തമാണ്. ”ഇന്ത്യ ഒരു സ്വതന്ത്ര രാഷ്ട്രമായി മാറിക്കഴിഞ്ഞു. നമുക്ക് സ്വന്തമായി ഒരു ഭരണഘടന നിർമ്മിക്കപ്പെട്ടു. ഇന്ന് എന്തിനും ഏതിനും ഇംഗ്ലണ്ടിനെ പഴിക്കാൻ നമുക്ക് അവകാശമില്ല. രാഷ്ട്രീയ സമത്വം നമ്മുടെ ഭരണഘടന പൗരന്മാർക്ക് ഉറപ്പാക്കുന്നു. എന്നാൽ സാമ്പത്തിക, സാമൂഹ്യ സമത്വം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിനായി ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഭരണഘടന ഉയർത്തിപ്പിടിക്കുന്നത് സാമൂഹ്യ സാമ്പത്തിക സമത്വമാണ്. ഭരണഘടനാ മൂല്യവും ഭരണഘടനാ ലക്ഷ്യവും സാധ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, മുന്നേറാം.”

◆



സബാഹ്

# ഓർക്കുമ്പോൾ.....

സ്നേഹിതാ
നമുക്കു നഷ്ടപ്പെട്ടത്
വാകമരത്തിന്റെ ചുവന്ന തണൽ
പാബ്ലോ നെരൂദയുടെ ഹൃദയസംഗീതം,
പിന്നെ നീയും ഞാനും
ഏറ്റുപാടിയ മുദ്രാവാക്യങ്ങൾ.

സ്നേഹിതാ
നമുക്ക് നഷ്ടപ്പെട്ടത്
ആ വരാന്തയുടെ ഒറ്റയാകാശം,
അതിനുകീഴിലെ നിത്യസംഭാഷണം,
ആ നരച്ച ഭിത്തിചാരി
നമ്മൾ പങ്കുവച്ച
സമരദിനത്തിലെ പൊതിച്ചോറ്,
നിന്റെ പോക്കറ്റിലെ പേനാക്കത്തി,
അതുചെത്തിമിനുക്കിയെടുത്ത
കവിതയുടെ അമ്പ്,
നമ്മൾ വിരലുമുക്കിയെഴുതിയ
അടർന്ന ചുമരിലെ
പ്രതിഷേധവാക്കിന്റെ വേദന.

സ്നേഹിതാ
നമുക്ക് നഷ്ടപ്പെട്ടത്
ആ വെയിലിന്റെ നിഴലുടൽ,
അതിന്റെയുള്ളിലെ സ്വപ്നലോകം,
അവിടത്തെ മഴവില്ലു നോക്കി
അവൻ എറിഞ്ഞുടച്ച പ്രാണൻ പറഞ്ഞ നേര്,
നിന്റെ കുരലിന്റെ ആത്മഗാനം,
അതു തുളഞ്ഞുകയറിയ
നിറഞ്ഞ ക്ലാസിന്റെ വാതിൽ,
നമ്മൾ ഒരു കൊടുങ്കാറ്റിനൊപ്പം
തെരുവുനീളെ കുതിക്കാനൊരുമ്പെട്ട
ചടുലനാളിലെ കുളമ്പ്.





ജി. ഓമനശീലൻ

# തോമസ് പിക്കറ്റിയുടെ കേരള പഠനം

# ഒരു വികസന പരിപ്രേക്ഷ്യം



മുഖ്യമന്ത്രിയുടെ യൂറോപ്പ് സന്ദർശനവേളയിൽ പാരീസിൽ വച്ച് പ്രസിദ്ധ സാമ്പത്തിക വിദഗ്ധനായ തോമസ് പിക്കറ്റിയുമായി കൂടിക്കാഴ്ച നടത്തിയ വാർത്തയാണ് ഈ കുറിപ്പിനാധാരം.

ഉത്പാദന പ്രേരകമായ 'മൂലധനം' ഏറ്റവും ഉൻമേഷഘടകമെന്നാണ് സാമ്പത്തിക സൈദ്ധാന്തികർ പറയുന്നത്. അതിനാലാണ് മാർക്സും ഏംഗൽസും മൂലധനത്തെപ്പറ്റി പഠിച്ചത്. മുതലാളിത്ത സാമ്പത്തിക സംവിധാനത്തിൽ 'മൂലധന'ത്തിന്റെ വരവും പ്രവർത്തനങ്ങളും എങ്ങനെ സംഭവിക്കുന്നുവെന്നാണ് മാർക്സ് വിശദീകരിക്കുന്നത്. മുതലാളിമാർ ഉണ്ടാക്കുന്ന ലാഭം യഥാർത്ഥത്തിൽ തൊഴിലാളികളുടെ വിയപ്പിന്റെ ഫലമായാണെന്നും, അത് അവർക്ക് ലഭിക്കേണ്ടതാണെന്നുമാണ് 'മിച്ചമൂല്യ' സിദ്ധാന്തത്തിലൂടെ മാർക്സ് വിവരിക്കുന്നത്. 'സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന രാഷ്ട്രീയ മുദ്രാവാക്യം ദേശാന്തരമായി പ്രചാരത്തിലായതിന്റെ പൊരുൾ മാർക്സിന്റെ ഈ വിശകലനമാണ്.



> “മുതലാളിത്തത്തിന്റെ അകംപൊരുളിനെ തിരിച്ചറിഞ്ഞ പിക്കറ്റിക്ക് കേരളത്തിന്റെ പൊതുധാരാമണ്ഡലത്തിലെ വികസന കാഴചപ്പാടുകളിലെ ശരിതെറ്റുകളെ മനസ്സിലാക്കാനാകും, അരികുവൽക്കരിക്കപ്പെട്ട ജനലക്ഷങ്ങളെ അഭിസംബോധന ചെയ്യാനാകും.

തോമസ് പിക്കറ്റി എന്ന ഫ്രഞ്ച് ധനതത്വശാസ്ത്രജ്ഞന്റെ "Capital: in the Twenty first century" എന്ന ഗ്രന്ഥം മൂലധനത്തിന്റെ ചരിത്രമായ ഗതിവിഗതികളാണ് അന്വേഷിക്കുന്നത്. 18-ാം നൂറ്റാണ്ടു മുതലുള്ള (വ്യവസായവിപ്ലവം) മൂലധനത്തിന്റെ ചരിത്രമാണ് പിക്കറ്റി വിവരിക്കുന്നത്. രണ്ടാം ലോക മഹായുദ്ധം സൃഷ്ടിച്ച അസമത്വത്തെ തുടർന്ന് ലോകമെമ്പാടും ക്ഷേമരാഷ്ട്ര സങ്കൽപ്പം വന്നത് അദ്ദേഹം എടുത്തുപറയുന്നു. ഇത് സമ്പത്തിന്റെ സംതുലിതമായ വിതരണം കൂടിയാണ് ലക്ഷ്യമാക്കുന്നത്. പക്ഷെ 20-ാം നൂറ്റാണ്ടിന്റെ ആരംഭം മൂലധനത്തിന്റെ ഉയർച്ചയും വൻ രാജ്യങ്ങളുടെ ചൂഷണ സ്വഭാവങ്ങളും മാറ്റം വന്നതായി പിക്കറ്റി കണ്ടെത്തുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പുള്ള ലോകസാഹചര്യത്തിലേക്ക് മൂലധനത്തിന്റെ വരവും പോക്കും എന്നതാണ് പിക്കറ്റിയുടെ കണ്ടെത്തൽ.

ധനത്തിന്റെ കേന്ദ്രീകരണം തടയുന്നതിനും ധനസമാഹരണം നിയന്ത്രണ വിധേയമാക്കുന്നതിനും ധനത്തിനുമേൽ ഭരണകൂടം ആഗോള നികുതി ഏർപ്പെടുത്തണമെന്നും, സാമ്പത്തികമോ, രാഷ്ട്രീയമോ ആയ അസമത്വങ്ങൾ തടയാൻ ഇത് ഉപയോഗിക്കണമെന്നുമാണ് പിക്കറ്റിയുടെ സിദ്ധാന്തം. സാമ്പത്തിക അസമത്വത്തിന്റെ പ്രധാനകാരണം സാമ്പത്തിക അഭിവൃദ്ധിയുടെ നിരക്കിനെക്കാൾ മൂലധനത്തിന്റെ പ്രതിഫലനിരക്ക് കൂടുന്നത് കൊണ്ടാണെന്നാണ് ലോകത്തോട് അദ്ദേഹം പറയുന്നത്.

പ്രധാനമായും ഏഴ് പുസ്തകങ്ങളാണ് അദ്ദേഹം എഴുതിയത്. ഇവയിലെല്ലാം 'മൂലധന'ത്തിന്റെ സ്വാധീനവും അത് സൃഷ്ടിക്കുന്ന അസമത്വങ്ങളുമാണ് വിശകലനം ചെയ്യുന്നത്. ഇതിൽ 'കാപ്പിറ്റൽ' എന്ന കൃതിയുടെ പ്രത്യേകത എന്താണ്? അത് എല്ലാവിഭാഗം രാഷ്ട്രീയ സംവിധാനത്തിലും 'മൂലധനം' വരുത്തുന്ന സ്വാധീനത്തിന്റെ പ്രത്യേകത സവിസ്തരം പ്രതിപാദിക്കുന്നു.

കേരളത്തിലെ ഉയർന്ന സാമൂഹിക, സാമ്പത്തിക സൂചികകൾക്ക് ലോകത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 'കേരള മോഡൽ' എന്നത് നമ്മുടെ ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ നേടിയ തെളിമയാർന്ന മുന്നേറ്റങ്ങളാണ്.

'കേരളം വളരുന്നു
പശ്ചിമഘട്ട'ങ്ങളെ-
ക്കേറിയും, കടന്നു ചെ-
ന്നന്യമാം രാജ്യങ്ങളിൽ'

എന്ന കവിവാക്യം തന്നെ നമ്മുടെ പ്രകൃതിയും, മാനവവിഭവശേഷിയും, സംസ്കാരവും ലോകപ്രശസ്തം എന്നല്ലേ.

ഇതൊക്കെയാണെങ്കിലും അസമത്വങ്ങളും, അസന്തുലിതാവസ്ഥയും ഇവിടെയുമുണ്ട്. ഇതു കുറയ്ക്കുന്നതിന് ശരിയായ ലക്ഷ്യബോധവും ദീർഘവിക്ഷണവും വേണം. മഹാപ്രളയം നീക്കിവെച്ചിട്ടു പോയ ശേഷിപ്പുകളെ അതിജീവനത്തിന്റെ പാതയ്ക്ക് ഉപയുക്തമാക്കണം. അതിന് ദീർഘവീക്ഷണത്തോടെയുള്ള നടപടികളുണ്ടാകണം, ഒപ്പം ഇതിന്റെ പൂർത്തീകരണത്തിന്റെ നേർസാക്ഷ്യങ്ങളായി പൗരസമൂഹം ഉണരുകയും വേണം.

മുതലാളിത്തത്തിന്റെ അകംപൊരുളിനെ തിരിച്ചറിഞ്ഞ പിക്കറ്റിക്ക് കേരളത്തിന്റെ പൊതുധാരാമണ്ഡലത്തിലെ വികസന കാഴ്ചപ്പാടുകളിലെ ശരിതെറ്റുകളെ മനസ്സിലാക്കാനാകും, അരികുവൽക്കരിക്കപ്പെട്ട ജനലക്ഷങ്ങളെ അഭിസംബോധന ചെയ്യാനാകും. കേരളീയരുടെ നിക്ഷേപ സ്വഭാവത്തിലെ പ്രശംസനീയമല്ലാത്ത ചിട്ടകളെ കണ്ടെത്താനും, നിക്ഷേപ രീതികളിലെ മലയാളികളുടെ പൊങ്ങച്ചം എങ്ങനെ വേറിട്ടു നിൽക്കുന്നുവെന്നും, ഉള്ളവരുടെ സ്വത്തുകൾക്ക് നികുതി ഏർപ്പെടുത്തി അത് അസമത്വം കുറയുന്നതിനുള്ള വിഭവസമാഹരണമായി എങ്ങനെ നിർവ്വഹിക്കപ്പെടുവെന്നും കാണാനും 41-ാം വയസ്സിൽ 'പുതിയ കാറൽമാക്സ്' എന്ന് അമേരിക്കയിലെ ടൈം മാസിക വിശേഷിപ്പിച്ച ഈ സാമൂഹ്യ ശാസ്ത്രജ്ഞനെ അടുത്തറിയേണ്ടതാണ്.

◆



എം.കെ. രാജൻ

# മരുഭൂമിയിലേയ്ക്ക് പൂപറിക്കാൻ പോയവർ

കഷ്ടപ്പാടും ദാരിദ്ര്യോംക്കെ ഒണ്ടാരുന്നെങ്കിലും പഴേ കാലോക്കെത്തന്നയായയര്ന്ന് നല്ലത്.... എല്ലാത്തിനും ഒര് ചൊല്ലൂളിയൊക്കെ ഒണ്ടാരുന്നു.... പ്രകൃതിയാണേലും മന്ഷ്യന്മാരാണേലും...; മഴേം മഞ്ഞും വെയിലും സമയാസമയത്ത് വന്നോളും.... മാനത്തോട്ട് ഒന്ന് നോക്യാ അറിയാം പ്രകൃതീടെ അന്നേരത്തെ ഭാവം എന്താന്ന്... മഴക്കാലം അട്ത്താ പാടവരമ്പത്ത്ന്ന് തവളേടെ പേക്രോം പേക്രോം കേക്കാം... കുയില് കൂവണത് കേട്ടാ കാലാവസ്ഥ മാറീന്ന് വിചാരിച്ചോണം.... എന്തെല്ലാം മാതിരി പക്ഷീടെ ഒച്ചയൊക്കെയാ... പുള്ളും കുയിലും കരികിലാം പീച്ചീം... ഉപ്പനും... ഓലേഞ്ഞാലീം... കൊച്ചുകുട്ടത്തിപ്രാവും... നേരം വെള്ക്കുമ്പം തൊടങ്ങും പലജാതിപ്പക്ഷികൾടെ പലതാളത്തിലൊള്ള പാട്ടുകൾ. അതൊക്കെ കേക്കണത് തന്നെ ഒര് സുഖായ്ര്ന്ന്. മഴക്കാലംന്ന് പറഞ്ഞാ മഴതന്നെ മഴ.... ങ്ങനെ നിർത്താണ്ട് തുള്ളിമുറിയാണ്ട് പെയ്യണ മഴ. അന്നൊക്കെ ആർക്കേലും കൊടയൊണ്ടോ... കോട്ടൊണ്ടോ.... ചേമ്പെലയോ വാഴേലയോ എട്ത്ത് ഒറ്റ പാച്ചിലാ... പാടോം പറമ്പും പൊഴേംക്കെ നെറഞ്ഞ് യെത്തിക്കെടക്കും.... പഞ്ഞകർക്കടകംന്നാ പറയാ... വേലേം... കൂലീംന്നുംല്ലാണ്ട് ആള്യോള് അട്പ്പുംചൂട്ടീല് ചുരുണ്ട് കൂടിയിരിക്കണെ കാലം... ചിങ്ങം പെറക്കണം പ്രകൃതിയൊന്ന് മാറിവരാൻ. പിന്നെ നല്ല പൂപോലെ വെയിലും ന്ലാവും... ക്കെയായി ആകപ്പാടെ ഒര് ചന്തം നെറഞ്ഞ കാലാ.... ആള്യോളുംക്കെ ഒന്ന് ഒണരും കാർണോമാരായിട്ട് കൊറേ നേലോം പറമ്പും കൃഷീംക്കെ ഒണ്ടാര്ന്നത് കൊണ്ട് വേല്യ കഷ്ടപ്പാടൊന്നും കൂടാണ്ട് ആണ്ടോടാണ്ട് കഴിഞ്ഞൂടാം... ചിറ്റ് വട്ടത്തൊക്കെത്തന്നെയൊണ്ടാരന്ന് വാല്യക്കാര്.... വെശന്ന് വസം കെട്മ്പൊ വടക്കെ മുറ്റത്ത് വരിയിട്ട് നിക്കും... അരീം നെല്ലും... പച്ചക്കറീം... അവര്ടെ വട്ടീലേക്കോ മൊറത്തിലേക്കോ.... മുതിർന്നവരാരെങ്കിലും ചൊരിഞ്ഞ് കൊടുക്കും....

ചിങ്ങം ആകുംമ്പോഴേയ്ക്കും നാടായ നാടും കാടായകാടും...പറമ്പായപറമ്പും... എല്ലാം പൂത്ത് നിൽക്കും... അതൊക്കെ കാണാൻ തന്നെ നല്ല ചേലാര്ന്ന്... ഷാരത്തെ വെല്യേച്ചീം..... കോലോത്തെ ശാരദേച്ചീം.... പിന്നെ പിള്ളേര് സെറ്റ് മുഴ്വോനും ഒണ്ടാകും... പൂപറിക്കാൻ മുക്കുറ്റീം തുമ്പേം... കാക്കപ്പൂവും.... കോളാമ്പീം.... കദളീം....എന്ന് വേണ്ട സകലമാന പൂക്കളും പറിച്ചോണ്ട് വീടെത്തുമ്പം എന്ത് ഉത്സാഹായ്ര്ന്ന്... ഓരോ ദെവസോം ഓരോ കൂട്ടം പൂക്കളാ.... ഉത്രാടത്തിന്റെന്നാ അരിഞ്ഞ്കൂട്ടല്.... തുമ്പേം ചെത്തീം... തൊളസീംക്കെ അരിഞ്ഞ് കൂട്ടി പാതിരാത്രില് പൂവേപൊലി പാടി മുറ്റത്തെ പൂക്കളത്തിന്റവിടന്ന് പടിയ്ക്കല് വരെ..... അവിടന്ന് തൃക്കാക്കരയപ്പനെ എതിരേറ്റ്കൊണ്ട് വരാന്നാ സങ്കല്പം... പൂവടേക്കെ നേദിച്ച് ... ഓണത്തപ്പനെയൊക്കെ നേരത്തേ ഒണ്ടാക്കിവെച്ചട്ടൊണ്ടാകും ചൊവന്ന മണ്ണ് കൊണ്ട്... അഞ്ചെണ്ണം.... മൂന്നെണ്ണം മുറ്റത്തും രണ്ടെണ്ണം പടിയ്ക്കലും... അതിന്റെ നെറുകിലേയ്ക്കാ അരിഞ്ഞുകൂട്ടീതും

അതു വാങ്ങുമ്പോൾ ടീച്ചറുടെ കണ്ണുകൾ തുളുമ്പി അയാളുടെ കൈകളിൽ വീണു. അത് സന്തോഷം കൊണ്ടാകുമെന്ന് അയാൾ കരുതി.  പക്ഷെ ആ നിമിഷം വിദേശത്തുള്ള തന്റെ മകനെ കുറിച്ചവർ ഓർത്തുപോയത് അയാൾക്ക് അറിയില്ലല്ലൊ...



അരിമാവ് കലക്കീതും ഇടാവു..... പുത്തനുടുപ്പില്ലാണ്ട്.. ഓണമില്ല... വറുത്തുപ്പേരീം തിന്നോണ്ടും ഊഞ്ഞാലാടീം ഉച്ചവരെ. ഉച്ചയ്ക്ക് ഇലയിട്ട് ഊണ്... അഞ്ചെട്ടുകുടം കറീടേം... പുത്തനുടുപ്പിന്റേം... തിമിർത്ത് തുളമ്പണ മണം ങ്ങനെ അന്തരീക്ഷത്തില് തങ്ങിനിക്കും ... എല്ലാടത്തും.... സന്തോഷത്തിന്റെ ഒരല തുടിച്ച് നിക്കണുണ്ടാവും... ഓണക്കളീം... തുമ്പിത്തുള്ളലും പകിടകളീം... കളം വരച്ച് കളീം ഒക്കെ ഉച്ചക്കഴിഞ്ഞാ... കോലോത്തെ മുറ്റത്തും ആലിൻ ചോട്ടിലുംക്കെ തിങ്ങിനെറഞ്ഞായിരിക്കും ആൾക്കാര്....

'കട്ട്.....കട്ട്....'

അയാൾ ക്യാമറ ഓഫ് ചെയ്തു.

'ശ്രീജി... നമുക്ക് ആംഗിളൊന്ന് മാറ്റി പിടിയ്ക്കാം... ദാ...ആ തളിർമരച്ചില്ലകളിൽ നിന്ന് പാൻചെയ്ത് ഇടനാഴിയിലെ തൂണുകൾക്കിടയിലൂടെ അമ്മയിലേയ്ക്ക്'

'ഓക്കെ '

'ഓർമ്മയിലെ ഓണം' എന്ന ചാനൽ പരിപാടിയ്ക്കു വേണ്ടി എത്തിയതായിരുന്നു അവർ. മാർക്കറ്റിംഗിലെ പ്രതാപൻ സാറാണ് ഇങ്ങനെയൊരു വൃദ്ധമന്ദിരത്തെക്കുറിച്ച് അപ്പോൾ പറഞ്ഞത്.

മക്കൾ വിദേശത്തുള്ളവരും റിട്ടയർമെന്റിനു ശേഷം ഒറ്റപ്പെട്ടു പോയവരും സ്വയം തീരുമാനിച്ച് എത്തിയവരുമൊക്കെയുള്ള വലിയൊരു വൃദ്ധമന്ദിരം.

നഗരത്തിലെ തിരക്കും ബഹളവും ഒന്നുമില്ലാത്ത ശാന്തമായ ഒരിടത്തായിരുന്നു വൃദ്ധമന്ദിരം 'പ്രശാന്തിയുടെ താഴ്‌വര' എന്നായിരുന്നു അതിന്റെ പേര്. ഇത്തരം ഒരു പരിപാടിയ്ക്കാണ് എന്നു പറഞ്ഞപ്പോൾ ഇതിന്റെ ഡയറക്ടർ തന്നെയാണ് ഈ ടീച്ചറിനെക്കുറിച്ച് പറഞ്ഞത് എന്തായാലും ആ തെരഞ്ഞെടുപ്പ് വളരെ ശരിയുമാണെന്ന് തോന്നി.

ഷൂട്ട് കഴിഞ്ഞിറങ്ങുമ്പോൾ ടീച്ചർ അടുത്തു വന്നു ചോദിച്ചു.

'ഇതെന്നാ നിങ്ങള് ടീവീല് കാണിയ്ക്കാ' .

'ഉത്രാടത്തിന്റന്ന് .... ഉച്ചയ്ക്ക്..... '

'ഹരീ....എവടെ...? '

അപ്പോൾ ഒരാൾ ഒരു വലിയ കവർ അയാളെ ഏല്പിച്ചു.

'ടീച്ചർ.....ഒന്നടുത്തുവന്നു നിൽക്കൂ.... '

'ഇതെന്താ...... '

'ഈ പ്രോഗ്രാം സ്പോൺസർചെയ്യുന്നവരുടെ ഒരു സമ്മാനമാണ്....ഓണക്കോടി..... '

അതു വാങ്ങുമ്പോൾ ടീച്ചറുടെ കണ്ണുകൾ തുളുമ്പി അയാളുടെ കൈകളിൽ വീണു. അത് സന്തോഷം കൊണ്ടാകുമെന്ന് അയാൾ കരുതി. പക്ഷെ ആ നിമിഷം വിദേശത്തുള്ള തന്റെ മകനെ കുറിച്ചവർ ഓർത്തുപോയത് അയാൾക്ക് അറിയില്ലല്ലൊ... തിരിഞ്ഞു നടക്കുമ്പോൾ അയാൾ ഒന്നുകൂടി തിരിഞ്ഞു നിന്ന് ആ അമ്മയുടെ നേർക്ക് നോക്കി. തൂണിൽ ചാരി വഴിയിലേയ്ക്ക് കണ്ണുകൾ നീട്ടി അവർ അവിടെത്തെന്നെ നിൽക്കുന്നുണ്ടായിരിന്നു ഒപ്പം മറ്റ് അന്തേവാസികളും.

ഉത്രാടം.

ദുബായിലെ ഒരു ഫ്ളാറ്റിന്റെ ഇരുപത്തിയൊന്നാം നമ്പർ മുറിയിൽ ഒരു മലയാളി കുടുംബം ഗൃഹാതുരസ്മരണകളോടെ ഓണം ആഘോഷിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഉച്ചയ്ക്ക് എല്ലാ മലയാളികളും വലിയൊരു കൺവെൻഷൻ സെന്ററിൽ ഒത്തുകൂടുന്നുണ്ട്. പാട്ടും കളികളും കലാപരിപാടികളും ഓണ സദ്യയുമെല്ലാമുണ്ട്.

കസവുകരയുള്ള മുണ്ട്. പുതിയ ഷർട്ടുമിട്ട് അയാൾ ഇറങ്ങി വന്നു ചോദിച്ചു.

'എവടെ... നിങ്ങളാരും റെഡിയായില്ലേ.... '

പുതിയ സാരിചുറ്റി അയാളുടെ ഭാര്യ ബാഗുമെടുത്തിറങ്ങി.....

'ഞാനെപ്പോഴെ റെഡി ... '

'പിള്ളേരോ.... '

'ദാണ്ടെ.... ടീവീം കണ്ടോണ്ടിരിക്കുന്നു... '

'ഓർമയിലെ ഓണം എന്ന രസകരമായ ഒരു പ്രോഗ്രാമിൽ ലയിച്ചിരിക്കുകയായിരുന്നു അവരപ്പോൾ അനാഥമന്ദിരത്തിലെ മുത്തശ്ശിയുടെ വാക്കുകളിലൂടെ അവർ മറ്റേതോ ഒരു ലോകത്തിൽ എത്തപ്പെട്ടതുപോലെയായിരുന്നു.

അയാൾ ഒരു നിമിഷം ടിവിയിലേയ്ക്ക് സൂക്ഷിച്ചു നോക്കി പിന്നാലെയെത്തിയ അയാളുടെ ഭാര്യയും. രണ്ടുപേരുടേയും കണ്ണുകൾ തമ്മിലൊന്നു കൊരുത്തു പിൻവാങ്ങി. പൊടുന്നനെ ആ സ്ത്രീ കുട്ടികളുടെ കൈയ്യിൽ നിന്നും റിമോട്ട് പിടിച്ചു വാങ്ങി ടിവി ഓഫ് ചെയ്തു; ഈർഷ്യയോടെ.

'അവടെ പരിപാടിതൊടങ്ങാറായി.... അപ്പഴാ....ഇവടെ ടിവീം കണ്ടോണ്ടിരുന്നാ... ' ഞങ്ങൾക്കും ഇദ്പോലൊര് മുത്തശ്ശി ഒണ്ടായിര്ന്നെങ്കി..... '

'വാ.... നടക്ക് .....രണ്ടും. '

അവരുടെ കൈകളിൽ പിടിച്ച് ലിഫ്റ്റിനുള്ളിലേയ്ക്ക് അയാളുടെ പിന്നാലെ ആ സ്ത്രീയും കയറി.

കാറിൽ കുട്ടികളോടൊപ്പം ഇരിക്കുമ്പോൾ മുൻവശത്തെ കണ്ണാടിയിൽ അയാളുടെ മുഖത്തെ അസ്വസ്ഥത അവൾ ശ്രദ്ധിച്ചു.

കൺവെൻഷൻ സെന്ററിലെ ഓണാഘോഷത്തിന്റെ ആരവങ്ങളിലേയ്ക്ക് കാർ മെല്ലെ പ്രയാണമാരംഭിച്ചു.

◆

യാത്രാവിവരണം

# മങ്ങാത്ത ഓർമ്മകൾ മായാത്ത കാഴ്ചകൾ






**സന്തോഷ് വി.**
ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പി.എസ്.

വിദേശരാജ്യങ്ങൾ സന്ദർശിക്കണമെന്ന മോഹം ചെറുപ്പം മുതലേ മനസ്സിൽ അങ്കുരിച്ചിരുന്നു. അവിചാരിതമെന്നോണം യൂറോപ്പ് സന്ദർശനത്തിന് വഴിയൊരുങ്ങുന്നുവെന്ന് കേട്ടപ്പോൾ സഞ്ചാരപ്രിയനായ ഞാൻ സന്തോഷിച്ചു. യാത്ര സ്വന്തം കുടുംബത്തോടൊപ്പം ആകുമ്പോഴുള്ള ആനന്ദ നിർവൃതി അനിർവചനീയമായിരുന്നു. ജ്യോഷ്ഠസഹോദരനും കുടുംബവും യാത്രയിൽ പങ്കു ചേരുന്നു എന്ന് കൂടിയായപ്പോൾ മറ്റൊന്നുമാലോചിക്കാതെ യൂറോപ്യൻ ട്രിപ്പിന് ഒരുങ്ങിക്കഴിഞ്ഞു. 15 ദിവസം നീണ്ടുനിൽക്കുന്ന യാത്രയിൽ പത്ത് യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കുന്ന പാക്കേജാണ് സോമൻസ് ലഷർ എന്ന ട്രാവൽസ് മുഖേന ബുക്ക് ചെയ്തത്. 2018 ജൂൺ 12-ന് ആരംഭിച്ച് 26ന് അവസാനിക്കുന്ന പാക്കേജാണ് ഞങ്ങൾ തെരഞ്ഞെടുത്തത്. ഇംഗ്ലണ്ട്, ഹോളണ്ട്, ബൽജിയം, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, ലിച്ചെൻസ്റ്റിൽ, ആസ്ട്രിയ, ഇറ്റലി, വത്തിക്കാൻ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കാൻ അവസരമുള്ളത്. ഇംഗ്ലണ്ടിന് മാത്രമായി പ്രത്യേകം വിസയും മറ്റു രാജ്യങ്ങളിലേയ്ക്ക് ഒറ്റ വിസയും എടുക്കണമെന്നതിനാൽ രണ്ടു പ്രാവശ്യം കുടുംബാംഗങ്ങളെ കൂടി എറണാകുളത്ത് പോകേണ്ടി വന്നു. യാത്രയ്ക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതോടു കൂടി സന്ദർശനവിവരങ്ങൾ പൂർണ്ണ രൂപത്തിൽ അടങ്ങിയ ബ്രോഷറും ഇൻഫർമേഷൻ ക്ലാസും മെയ് 27ന് എറണാകുളം ഓഫീസിൽ നിന്ന് ലഭിച്ചു. വിവരങ്ങൾ ലഭ്യമായതോടെ യൂറോപ്പിനെ എത്രയും വേഗം അടുത്തറിയണമെന്ന ആകാംക്ഷ ഞങ്ങളെ സ്വാധീനിച്ചുകൊണ്ടിരുന്നു. 2018 ജൂൺ 11 ന് രാത്രി 7 മണിയോടെ ഞാനും കുടുംബവും വീട്ടിൽ നിന്നും യാത്ര പുറപ്പെട്ടു. ജ്യേഷ്ഠ സഹോദരന്റെ വീട്ടിൽ നിന്നും 3 യൂബർ ടാക്സികളിൽ രാത്രി 12 മണിയോടുകൂടി ഞങ്ങൾ തിരുവനന്തപുരം എയർപോർട്ടിൽ എത്തി. ജൂൺ 12 ന് രാവിലെ 1 മണിയോടെ സോമൻസ് ലഷറിനെ പ്രതിനിധീകരിച്ചെത്തിയ ശ്രീമതി ജയന്തി ഞങ്ങൾ 8 പേർക്കുള്ള എയർ ടിക്കറ്റ് നൽകി. തിരുമലയിലുള്ള

മന്മദൻ സാറും ഭാര്യ മിനിയും എയർപോർട്ടിൽ വച്ച് ഞങ്ങളുടെ സംഘത്തിൽ ചേർന്നു. യാത്രയിലെ മറ്റംഗങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നാണ് പുറപ്പെട്ടത്. രണ്ടുകൂട്ടരും ദുബായ് എയർപോർട്ടിൽ ഒത്തുചേർന്ന് ലണ്ടനിലേയക്ക് പുറപ്പെടാനാണ് നിർദ്ദേശമുണ്ടായത്.

വെളുപ്പിന് 2.15 ഓടു കൂടി ബോർഡിംഗ് കഴിഞ്ഞ് ഞങ്ങളെല്ലാവരും വിമാനത്തിനകത്തു പ്രവേശിച്ചു. 5.15 ന് യാത്ര ആരംഭിച്ച് ഞങ്ങൾ 9.15 ഓടു കൂടി ദുബായിൽ എത്തിച്ചേർന്നു. അപ്പോഴേയ്ക്കും നെടുമ്പാശ്ശേരിയിൽ നിന്നും പുറപ്പെട്ട ഗൈഡ് നിധിനും 27 സഹയാത്രികരും ദുബായിൽ എത്തിച്ചേർന്നിരുന്നു. 38 പേരടങ്ങുന്ന യാത്രാ സംഘം രാവിലെ 11 മണിയോടെ ലണ്ടനിലേക്കുള്ള വിമാനത്തിൽ കയറി. ഏറ്റവും വലിയ പാസഞ്ചർ വിമാനങ്ങളിൽ ഒന്നായ എമിറേറ്റ്സിന്റെ ഡബിൾ ഡക്കർ വിമാനത്തിലായിരുന്നു ഞങ്ങളുടെ യാത്ര. വിമാനത്തിന്റെ മുകളിലത്തെ നിലയിൽ ബിസിനസ് ക്ലാസുകാരും താഴത്തെ നിലയിൽ ഇക്കോണമി ക്ലാസുകാരുമായിരുന്നു യാത്രക്കാരായിട്ടുള്ളത്. ഉച്ചയ്ക്ക് 3 മണിയോടെ ഞങ്ങൾ ഹീത്രു എയർപോർട്ടിൽ എത്തിച്ചേർന്നു. പരിശോധനയ്ക്ക് ശേഷം ചെക്ക് ഔട്ട് ചെയ്ത് പുറത്തിറങ്ങി. ഗൈഡുമായി ചേർന്ന് തുടർന്നുള്ള യാത്രക്കായി ഏർപ്പാടു ചെയ്ത ബസ്സിൽ കയറി. പോളണ്ടിന്റെ രജിസ്ട്രേഷനിലുള്ള ഒരു ഹൈടെക്ക് ബസ്സായിരുന്നു അത്. ലഗ്ഗേജുകൾ ബസ്സിലെ ബോക്സിനുള്ളിൽ ഒതുക്കി. ഹോൺസ്ലോ എന്ന സ്ഥലത്തുള്ള ഹോട്ടൽ കോൺടിനന്റിലേക്കായിരുന്നു പിന്നീടുള്ള യാത്ര. ഹോട്ടലിൽ എത്തി ചെക്ക് ഇൻ ചെയ്ത് യാത്രാ അംഗങ്ങൾക്കായി അനുവദിച്ച റൂമുകളിലേക്ക് നടന്നു നീങ്ങി. റിഫ്രഷിങ്ങിനു ശേഷം എല്ലാവരും അടുത്തുള്ള ഹോട്ടലിൽ പോയി ഡിന്നർ കഴിച്ചു. രാത്രി 9 മണി ആയിരുന്നുവെങ്കിലും പുറത്ത് തീക്ഷ്ണമായി സൂര്യപ്രകാശം പരന്നിരുന്നു. സൂര്യാസ്തമനം രാത്രി 9.45 ഓടുകൂടി ഉണ്ടാകുമെന്നാണ് ഗൈഡ് നിധിനിൽ നിന്നും അറിയാൻ കഴിഞ്ഞത്. സീസൺ അനുസരിച്ച് ഉദയാസ്തമയങ്ങൾ മാറുമെന്നും വിന്ററിൽ 4 മണിക്കും അസ്തമയം ഉണ്ടാകാറുണ്ടെന്നും നിധിൻ വ്യക്തമാക്കി. സൂര്യാസ്തമയത്തിനു ശേഷം ഹോൺസ്ലോ നഗരവീഥികൾ വീക്ഷിക്കുന്നതിനായി എല്ലാവരും പുറത്തേക്കിറങ്ങി. വീതിയേറിയ നടപ്പാതകളോടുകൂടിയ ടാർ ചെയ്ത റോഡിലൂടെ നടന്നപ്പോൾ മനോഹരങ്ങളായ ചെറുതും വലുതുമായ കെട്ടിടങ്ങൾ കാണാൻ കഴിഞ്ഞു. മുന്നോട്ട് നടന്നു നീങ്ങിയപ്പോൾ ജംഗ്ഷനു തുല്യമായ തിരക്കുള്ള സ്ഥലത്ത് എത്തിച്ചേർന്നു. ഒരു മെട്രോ സ്റ്റേഷനായിരുന്നു അത്. ഭിക്ഷാടനം നടത്തുന്ന യാചകരെ അവിടെയും കാണാൻ കഴിഞ്ഞു. കുടിയേറിവന്ന ധാരാളം പേർ യാചകരായി ഇവിടെ തങ്ങുന്നുണ്ടെന്ന് ഗൈഡ് വെളിപ്പെടുത്തി. സമയം രാത്രി 11 മണിയോടടുത്തപ്പോൾ ഞങ്ങൾ ഹോട്ടലിലേക്ക് തിരികെ നടന്നു. യാത്രാ ക്ഷീണത്താൽ എല്ലാവരും നിദ്രയിലേയ്ക്ക് വഴുതി വീണു.

പ്രഭാതത്തിൽ ഉണർന്ന ഞങ്ങൾ 7 മണിയോടെ റസ്റ്റോറന്റിൽ എത്തി. ടീമംഗങ്ങളിൽ പലരും ബ്രേക്ഫാസ്റ്റ് കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. എല്ലാവരും പരസ്പരം വിഷ് ചെയ്ത ശേഷം ഫുഡ് ഐറ്റംസ് എടുത്ത് ടേബിളിന് അടുത്തേയ്ക്ക് നീങ്ങി. ചിക്കൻ, മീറ്റ് എന്നിവ കൊണ്ടുണ്ടാക്കിയ വിഭവങ്ങൾ



സ്ക്രാ ബിൽസ്, എക്ഷ്, ഫ്രൂട്ട്സ്, ജ്യൂസ്, കോഫി എന്നിങ്ങനെ വിവിധയിനം വിഭവങ്ങൾ ടേബിളിൽ നിരന്നു. മുട്ട, ഫ്രൂട്ട്സ്, പഫ്സ് മോഡലിലുള്ള വെജിറ്റേറിയൻ പലഹാരം എന്നിവയിൽ ഞാൻ ബ്രേക്ക്ഫാസ്റ്റ് ഒതുക്കി. യാത്ര പോകുന്ന സ്ഥലങ്ങളെക്കുറിച്ച് നിധിൻ ബ്രീഫിംഗ് തന്നതിനു ശേഷം പരസ്പരം പരിചയപ്പെടാൻ അവസരം ഒരുക്കി തന്നു. പരിചയപ്പെടൽ കഴിഞ്ഞതോടെ ശ്രീ. മന്മദൻ നിത്യവിശുദ്ധയാം കന്യാമറിയമേ നിൻനാമം വാഴ്ത്തപ്പെടട്ടെ എന്ന ഗാനം ആലപിച്ചു. കെൻസിങ്ടൺ ഗാർഡനിൽ എത്താറായെന്നും അവിടെ നിന്നും ലണ്ടൻ സിറ്റിയെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി ഒരു ലോക്കൽ ഗൈഡ് നമ്മോടൊപ്പം ചേരുമെന്നും നിധിൻ അറിയിക്കുകയുണ്ടായി. നിമിഷങ്ങൾക്കകം തന്നെ ഞങ്ങൾ കെൻസിങ്ടൺ ഗാർഡനിലെത്തി.

വിക്ടോറിയ രാജ്ഞിയുടെ ഭർത്താവായ ആൽബർട്ട് രാജകുമാരന്റെ ഓർമ്മക്കായി 1872-ൽ പണികഴിപ്പിച്ച പ്രിൻസ് ആൽബർട്ട് സ്മാരകം കണ്ടു. ഗാർഡന്റെ നടുവിലായി പ്രിൻസ് രാജകുമാരന്റെ ഒരു വലിയ പ്രതിമയും അതിനുമേൽ പള്ളിയുടെ മാതൃകയിൽ വളരെ ഉയരത്തിലുള്ള മേൽക്കൂരയും ഒരു കുരിശുമായിട്ടുള്ളതാണ് സ്മാരകം. ഈ പ്രതിമയ്ക്ക് ചുറ്റും പുറത്തായി അനേകം പ്രതിമകളിലും കൊത്തുപണികൾ കാണാം. ഗാർഡന്റെ ചുറ്റുമുള്ള ലാന്റ്സ്കേപ്പിന്റെ മനോഹാരിത വർണ്ണനാതീതമാണ്. സൈക്കിൾ യാത്രക്കാരും കാൽനടക്കാരും ഗാർഡനിൽ സർവ്വസാധാരണമാണ്. സ്മാരകത്തിന്റെ മുന്നിൽ നിന്നും ഫോട്ടോകൾ എടുത്തു തീർന്നപ്പോഴേക്കും ലോക്കൽ ഗൈഡ് എത്തിയിരുന്നു. ലോക്കൽ ഗൈഡിന്റെ നിയന്ത്രണത്തിലായിരുന്നു പിന്നീടുള്ള യാത്ര. റോഡിനിരുവശങ്ങളിലുമുള്ള പ്രധാനപ്പെട്ടതും ചരിത്ര പ്രസിദ്ധവുമായ ഒട്ടേറെ കാഴ്ചകൾ കണ്ടുകൊണ്ടായിരുന്നു യാത്ര. ഗൈഡ് വിശദമായ വിശദീകരണവും നൽകിക്കൊണ്ടിരുന്നു. ബക്കിംഗ്ഹാം പാലസിലേക്കായിരുന്നു തുടർന്നുള്ള യാത്ര. 1837 മുതൽ ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയാണ് ബക്കിഗ്ഹാം പാലസ്. വെസ്റ്റ് മിനിസ്റ്റർ സിറ്റിയിലാണ് പാലസ് സ്ഥിതി ചെയ്യുന്നത്. സമ്മർ സീസണിൽ പാലസ് സന്ദർശകർക്ക് തുറന്നു കൊടുക്കാറുണ്ട്. ബ്രിട്ടീഷ് രാജകുടുംബത്തിന്റെ പ്രൗഢിയും പ്രതാപവും പാലസിൽ നമുക്ക് ദർശിക്കുവാൻ കഴിയും.



പാലസിനുമുന്നിൽ സ്ഥിരമായി നടക്കുന്ന ചെയിഞ്ച് ഓഫ് ഗാർഡ് പരേഡ് കാണാൻ അവസരമുണ്ടായി. കമ്പിളി തൊപ്പിയണിഞ്ഞ് കറുപ്പും ചുവപ്പും കലർന്ന യൂണിഫോം ഇട്ട പട്ടാളക്കാരും മുന്നിലും പിന്നിലുമായി രണ്ട് കുതിരപ്പട്ടാളക്കാരും ബാന്റ്മേളത്തിന്റെ അകമ്പടിയോടെ ചിട്ടയിൽ നടത്തുന്ന പരേഡ് വളരെ ആകർഷകമായി അനുഭവപ്പെട്ടു. പരേഡ് നടക്കുന്ന റോഡിന് ഇരുവശവും പച്ചപ്പു പുതച്ച ഇടതൂർന്ന വൃക്ഷങ്ങൾ നിരന്ന ഭംഗിയാർന്ന കാഴ്ചകൾ കാണാം. പരേഡിന് ശേഷം ഞങ്ങൾ വെസ്റ്റ് മിനിസ്റ്ററിലുള്ള ബ്രിട്ടീഷ് പാർലമെന്റ് മന്ദിരവും സുപ്രീം കോടതിയും കണ്ടു. ആധുനിക കാലത്തെ ഏറ്റവും വലിയ ആകാശ കാഴ്ചയായ ലണ്ടൻ ഐ വീക്ഷിക്കലായിരുന്നു അടുത്ത ലക്ഷ്യം. തേംസ് നദിയുടെ തീരത്താണ് ലണ്ടൻ ഐ സ്ഥിതി ചെയ്യുന്നത്. 135 മീറ്റർ ഉയരത്തിൽ 120 മീറ്റർ വിസ്തൃതിയിൽ മുട്ടയുടെ ആകൃതിയിലുള്ള 39 എ.സി. ക്യാബിനുകൾ ഉള്ള ഒരു ജയിന്റ് വീൽ ആണ് ലണ്ടൻ ഐ. ഓരോ ക്യാബിനിലും 25 പേർക്ക് കേറാവുന്നതാണ്. വളരെ സാവകാശം മാത്രം കറങ്ങുന്ന ഇതിൽ പ്രായഭേദമന്യേ ആർക്കും ധൈര്യപൂർവ്വം കയറാൻ കഴിയും. ഉയരങ്ങളിലേയ്ക്ക് പോകുന്തോറും ലണ്ടൻ നഗരം പൂർണ്ണമായും വീക്ഷിക്കാൻ കഴിയും എന്നത് സവിശേഷതയാണ്. ലണ്ടൻ നഗരത്തിന്റെ മനോഹാരിത ദൃശ്യമാക്കുന്ന ലണ്ടൻ ഐ സഞ്ചാരിയുടെ മനസ്സിലെ മായാത്ത അത്ഭുതക്കാഴ്ചയാണ്. തുടർന്ന് ഞങ്ങൾ തേംസ് നദിയിലൂടെ വലിയ ബോട്ടിൽ സഞ്ചരിച്ച് ലണ്ടൻ നഗരത്തിന്റെ പ്രതാപം വിളിച്ചോതുന്ന ലണ്ടൻ ബ്രിഡ്ജ്, ഇരു കരകളിലുമുള്ള ഉയരമേറിയ മനോഹരങ്ങളായ കെട്ടിടങ്ങൾ എന്നിവ കാണുകയുണ്ടായി. നഗരക്കാഴ്ചകൾക്കു ശേഷം ഹോട്ടലിലേക്ക് മടങ്ങി.

യാത്രയുടെ മൂന്നാം ദിവസം ലണ്ടനിലെ ഏറ്റവും വിഖ്യാതമായ ബ്രിട്ടീഷ് മ്യൂസിയം സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. മനുഷ്യ ചരിത്രവുമായി ബന്ധപ്പെട്ട മൂന്ന് മില്ല്യൻ വസ്തുക്കൾ സൂക്ഷിച്ചിട്ടുള്ളതായാണ് കണക്ക്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട അമൂല്യ വസ്തുക്കളുടെ വിപുലശേഖരം ഇവിടെ കാണാം. ഗ്രീസ്, റോം, മറ്റു രാജ്യങ്ങളിലെ സംസ്കാരത്തിന്റെ ശേഖരം, രാജ്യത്തിന്റെ പേര് എന്നിവ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. ഈജിപ്റ്റിൽ നിന്നുള്ള മമ്മിശേഖരം ഏറെ ശ്രദ്ധേയമായിരുന്നു. 3500 ബി.സി. യിൽ മരണമടഞ്ഞ ഒരാളുടെ ശരീരം കേടുപാടുകൾ വരാതെ സൂക്ഷിച്ചിരുന്ന കാഴ്ച കൗതുകമുണർത്തി. ഒരു ഓട്ടപ്രദക്ഷിണം മാത്രമാണ് നടത്തുവാൻ കഴിഞ്ഞത്. മ്യൂസിയത്തെക്കുറിച്ച് വിശദമായി മനസ്സിലാക്കാൻ മാസങ്ങൾ എടുക്കുമെന്ന് മനസ്സിലായി. മ്യൂസിയത്തിൽ നിന്നിറങ്ങി ഉച്ച



ഭക്ഷണം കഴിച്ച് ഞങ്ങൾ മാഡം തുസാട്ട്സ് വാക്സ് മ്യൂസിയം കാണാൻ പോയി. മേരി തുസാട്ട്സ് എന്ന ശിൽപി സ്ഥാപിച്ചതാണ് ഈ മ്യൂസിയം. ലണ്ടനിലെ ഏറ്റവും വലിയ ടൂറിസ്റ്റ് ആകർഷക കേന്ദ്രങ്ങളിലൊന്നാണിത്. ഇവിടെ വിവിധ രാജ്യങ്ങളിലെ ചരിത്ര പുരുഷൻമാർ, സിനിമാ അഭിനേതാക്കൾ, രാഷ്ട്രീയ നേതാക്കൾ, കായിക താരങ്ങൾ എന്നിവരുടെ ജീവൻ തുടിക്കുന്ന ഭാവത്തോടുകൂടിയ മെഴുകു പ്രതിമകൾ കാണാൻ കഴിഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ്, സിനിമാ താരങ്ങളായ അമിതാഭ് ബച്ചൻ, ഷാരൂഖ് ഖാൻ, ഹൃതിക് റോഷൻ, കായികതാരങ്ങളായ ഉസൈൻ ബോൾട്ട്, സച്ചിൻ ടെൻണ്ടുൽക്കർ, ബോക്സിംങ് ഇതിഹാസം മുഹമ്മദാലി തുടങ്ങിയവരുടെ പ്രതിമകൾ കാണാനും പ്രതിമകളോട് ചേർന്നു നിന്ന് ഫോട്ടോ എടുക്കുവാനും കഴിഞ്ഞത് അപൂർവ്വ അനുഭവമായി. വാക്സ് മ്യൂസിയത്തിൽ നിന്നും ഇറങ്ങിയ ഞങ്ങളുടെ തുടർന്നുള്ള യാത്ര ഹോളണ്ടിലേക്കായിരുന്നു. ഏകദേശം 3 മണിക്കൂർ യാത്ര ചെയ്ത് രാത്രി ഏട്ടരയോടെ ഹാർവിച്ച് തുറമുഖത്തിൽ എത്തിച്ചേർന്നു. അവിടെ നിന്നും ക്രൂയിസ് കപ്പൽ മുഖേനയാണ് ഹോളണ്ടിൽ എത്തേണ്ടത്. ക്രൂയിസിൽ കയറുന്നതിനു മുമ്പ് പാസ്പോർട്ട് വേരിഫിക്കേഷനും ലഗേജ് ചെക്കിംഗുമുണ്ട്. ലഗ്ഗേജെല്ലാം കപ്പലിനുള്ളിലെ ബോക്സിലാക്കി എല്ലാവരും സ്റ്റെനാ ലൈൻ എന്ന ക്രൂയിസിൽ കയറി. 12 നിലകളുള്ള വിസ്തൃതിയേറിയ ക്രൂയിസിൽ കയറിയതും ഒരു രാത്രി മുഴുവൻ ആ കപ്പലിൽ യാത്ര ചെയ്തതും വേറിട്ട അനുഭവമായിരുന്നു. ഞങ്ങൾ പത്താമത്തെ നിലയിലാണ് താമസിച്ചിരുന്നത്. എയർ കണ്ടീഷൻ ചെയ്ത എല്ലാ സൗകര്യമുള്ള ചെറിയ റൂമുകളാണ് അവിടെ ഉണ്ടായിരുന്നത്. ഒമ്പതാമത്തെ നിലയിൽ രണ്ട് വലിയ റസ്റ്റൊറന്റുകളും നിരവധി ഷോപ്പുകളും ഉണ്ടായിരുന്നു. 10 മണിയോടെ അവിടെയുള്ള ഒരു റസ്റ്റൊറന്റിൽ നിന്നും ഡിന്നർ കഴിച്ചു. വിഭവ സമൃദ്ധമായ ഭക്ഷണ വിരുന്നായിരുന്നു അവിടെ ഒരുക്കിയത്. ഒരു കപ്പലിൽ യാത്ര ചെയ്യുകയാണെന്ന ചിന്തയോ പ്രതീതിയോ നമ്മുടെ മനസ്സിൽ ഉണ്ടാകില്ല. കടലിന്റെ ഇരമ്പലോ, തിരമാലകളാൽ ആടിയുലയുന്നതായൊരു തോന്നലോ ഉണ്ടാകാതെ കരയിലുള്ള അതിവിശാലമായ ഒരു ഫൈവ്സ്റ്റാർ ഹോട്ടലിൽ നിൽക്കുന്ന പ്രതീതിയാണ് ക്രൂയിസിൽ അനുഭവവേദ്യമായത്. ക്രൂയിസിന്റെ മുൻഭാഗത്തു നിന്നും പിന്നിലെത്തുന്നതിന് 10 മിനിട്ടോളം നടക്കേണ്ടി വന്നു. പോകുന്ന വഴികളിൽ വസ്ത്രങ്ങൾ, ബാഗുകൾ, എന്നിവയുടെ നിരവധി ഷോപ്പുകൾ ഉണ്ട്. ഡക്കിലെ ഒരാൾ പ്രശ്നമുണ്ടാക്കിയതിന്റെ പേരിൽ ആരെയും അങ്ങോട്ട് കടത്തി വിടുന്നില്ല എന്നറിഞ്ഞു. അതിനാൽ ഡക്കിലെ കാഴ്ചകൾ ഒന്നും കാണാൻ കഴിഞ്ഞില്ല. നിരാശയാൽ ഞങ്ങൾ മുറികളിലേക്ക് പോയി. ആ രാത്രി ഞങ്ങൾ കപ്പലിൽ ഉറങ്ങി. രാവിലെ 5 മണിയോടെ എഴുന്നേറ്റ് ഡക്കിലേക്ക് നടന്നു. ഡക്കിൽ എത്തി കടലിലേയ്ക്ക് നോക്കി (ശരിക്കുമുള്ള കടലല്ല; മനുഷ്യ നിർമ്മിതമായ ഇംഗ്ലീഷ് ചാനലാണ്. കടലിനെ അതിശയിപ്പിക്കുന്ന തരത്തിലുള്ളത്) അതിമനോഹരവും വിസ്മയപ്പിക്കുന്നതുമായ കാഴ്ചയായിരുന്നു അത്. സൈഡിൽ നിന്നും താഴേയ്ക്ക് നോക്കിയപ്പോൾ കപ്പലിന്റെ താഴത്തെ നിലയിൽ 100 കണക്കിന് കണ്ടെയ്നറുകൾ അടുക്കി നിർത്തിയിരിക്കുന്നത് കാണാമായിരുന്നു. ഏതാണ്ട് 8 മണിയോടുകൂടി കപ്പൽ ഹോളണ്ടിൽ എത്തിച്ചേരുമെന്നതിനാൽ തിരികെ മുറിയിൽ ചെന്ന് ഫ്രഷ് ആയി റെസ്റ്റോറന്റിലേയ്ക്ക് പോയി. ബ്രേക്ക ഫാസ്റ്റ് കഴിച്ചു. എല്ലാവരും ഒമ്പതാം നിലയിൽ ഒത്തുകൂടി. കപ്പൽ തീരമണഞ്ഞപ്പോൾ പാസ്പോർട്ട് വെരിഫൈ ചെയ്ത് സീൽ ചെയ്ത് എല്ലാവരും പുറത്തേയ്ക്ക് കടന്നു. കൗണ്ടറുകളിൽ സ്റ്റാഫുകൾ കുറവായതിനാൽ പുറത്തേയ്ക്ക് കടക്കാൻ ഏറെ സമയമെടുക്കേണ്ടി വന്നു.



മാൻ കമ്പനിയുടെ പുതിയ ഹൈടെക്ക് ബസ് ഞങ്ങളെ കാത്ത് കിടപ്പുണ്ടായിരുന്നു. ചെറുപ്പക്കാരനായ ചെക്കോസ്ലാവാക്യൻ ഡ്രൈവർ എല്ലാവരുടേയും ലഗ്ഗേജ് ബസ്സിന്റെ ലഗ്ഗേജ് ബോക്സിലേക്ക് മാറ്റി. തുറമുഖത്തു നിന്നും ഹോളണ്ടിലേയ്ക്ക് പ്രവേശിച്ചു. ശാന്തസുന്ദരമായ അന്തരീക്ഷം, മനോഹരങ്ങളായ ചെറുഭവനങ്ങൾ, റോഡിനിരുവശവും പുഷ്പാലംകൃതമായ ചെടികൾ എന്നിവ കൊണ്ടു തന്നെ ഹോളണ്ടിന്റെ പ്രകൃതി ഭംഗി രമണീയമായി അനുഭവപ്പെട്ടു. ആംസ്റ്റർഡാമിലേക്കായിരുന്നു ഞങ്ങളുടെ തുടർന്നുള്ള യാത്ര. രണ്ട് മണിക്കൂറിലധികം യാത്ര അവിടേയ്ക്ക് വേണ്ടി വരുന്നതിനാൽ എല്ലാവരും പുറത്തെ കാഴ്ചകൾ വീക്ഷിക്കാൻ തുടങ്ങി. ഹോളണ്ടുകാരുടെ ഏറ്റവും പ്രധാനപ്പെട്ട യാത്രാ വാഹനമായ സൈക്കിൾ നിരത്തിൽ നിറഞ്ഞു നിന്നു, കാറുകളുടെ പിറകിൽ ഒന്നോ രണ്ടോ സൈക്കിൾ വയ്ക്കുവാനുള്ള ക്യാരിയറുകൾ ഘടിപ്പിച്ചു കാണാം. കാറുകൾ പാർക്ക് ചെയ്തതിനുശേഷം ചെറിയ യാത്രകൾക്ക് സൈക്കിൾ ഉപയോഗിക്കുകയാണ് പതിവ്. മൂന്നും നാലും ബോഗികൾ വീതമുള്ള ഡ്രാം സർവ്വീസുകളും റോഡിനോട് ചേർന്നു തന്നെ പോകുന്നത് കാണാം. ചില ഭാഗങ്ങളിൽ ഡ്രാം റോഡ് മുറിച്ചു കടക്കുന്നുണ്ട്. സിഗ്നൽ സംവിധാനം ഉപയോഗിച്ച് ചെറിയ ഇടവേളകളിൽ നിരവധി ഡ്രാമുകൾ ഇരുഭാഗങ്ങളിലേക്കും കടന്നുപോകുന്ന സംവിധാനത്തെ കുറിച്ച് നമുക്കിവിടെ ചിന്തിക്കുവാൻ പോലും കഴിയില്ല. രണ്ട് മണിക്കൂറിലേറെയുള്ള യാത്രയ്ക്കു ശേഷം ഹോളണ്ടിലെ പ്രശസ്ത ആകർഷക കേന്ദ്രമായ മധുറോഡം. സിറ്റിയിലെ കെട്ടിടങ്ങൾ, പള്ളികൾ, തുറമുഖങ്ങൾ, എയർപോർട്ടുകൾ, സ്റ്റേഡിയങ്ങൾ, റോഡുകൾ, മറ്റു സ്ഥാപനങ്ങൾ, ഗാർഡനുകൾ എന്നിവയെല്ലാം ഭംഗിയായി രൂപപ്പെടുത്തിയിരിക്കുന്നത് മധുറോഡത്തിൽ കാണാം. പച്ചപ്പ് പുതച്ചു നിൽക്കുന്ന ലാന്റ്സ്കേപ്പും പൂത്തുലഞ്ഞു നിൽക്കുന്ന ചെടികളും നയനമനോഹരമായിരുന്നുവെന്ന് പറയാതിരിക്കുവാൻ വയ്യ. 15 കീലോമീറ്ററുകൾക്കപ്പുറമുള്ള സിമോൺ ചിയോവ് എന്ന ചീസ് ഫാമാണ് പിന്നീട് സന്ദർശിച്ചത്. ലഞ്ച് ഏർപ്പെടുത്തിയിരിക്കുന്നത് അവിടെയാണ്. വിഭിന്നമായ വിഭവങ്ങളായിരുന്നു ലഞ്ചിൽ കണ്ടത്. ഭക്ഷണ ശേഷം ഞങ്ങൾ ചീസ് ഫാമിലേക്ക് കയറി. ചീസ് ഉണ്ടാക്കുന്നതിന്റെ ഡെമോ ക്ലാസ് ലഭിച്ചു. കൂടാതെ തടികൊണ്ട് ചെരുപ്പ് നിർമ്മിക്കുന്ന രീതിയും ആ ഫാമിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. തുടർന്ന് ഒരു കനാൽ ക്രൂയിസിൽ ഞങ്ങൾ ആംസ്റ്റർഡാം ചുറ്റിക്കണ്ടു. ആ യാത്ര വർണ്ണനീയമായിരുന്നു. ഓരോ 700, 800 മീറ്ററുകൾ പിന്നിടുമ്പോഴും കനാലിനു കുറുകെ വലിയ പാലങ്ങൾ കാണാമായിരുന്നു. ഏകദേശം 5 കിലോമീറ്റർ പരിധക്കുള്ളിൽ ഇരുപത്തിയഞ്ചോളം പാലങ്ങൾ കാണാൻ കഴിഞ്ഞു. കനാൽ യാത്ര കുറച്ചു ദൂരം പിന്നിട്ടപ്പോൾ കടലിനു സമാനമായ റെയിൻ നദിയിലെത്തിച്ചേർന്നു. നാലുഭാഗത്തു നോക്കിയാലും മനോഹരമായ ദൃശ്യങ്ങൾ. കാഴ്ചകൾ കണ്ടതിനു ശേഷം ഒരു മണിക്കൂറിലധികം യാത്ര ചെയ്ത് ക്രൂയിസിൽ കയറിയയിടത്തു തന്നെ തിരിച്ചെത്തി. തുടർന്ന് ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റിസിന്റെ ആസ്ഥാനമായ ഹേഗിനടുത്തുള്ള ബീച്ചിലെത്തി. ബീച്ചിനടുത്തുള്ള റസ്റ്റോറന്റിൽ നിന്ന് രാത്രി ഭക്ഷണം കഴിച്ചു. ഭക്ഷണ ശേഷം ഞങ്ങൾ റോട്ടർഡാമിലേക്ക് തിരിച്ചു. റോട്ടർഡാമിലെ കപ്പലിന്റെ മാതൃകയിലുള്ള ഫൈവ്സ്റ്റാർ ഹോട്ടലിലായിരുന്നു താമസമൊരുക്കിയത്. റൂമിലെത്തിയ ഞാൻ വേൾഡ്കപ്പ് ഫുഡ്ബോളിലെ സ്പെയിൻ -പോർച്ചുഗൽ മത്സരം കാണുന്നതിനായി ടിവിക്കു മുമ്പിലിരുന്നു. റൊണാൾഡോ എന്ന ഫുട്ബോൾ മാന്ത്രികന്റെ കളിയിലെ മാസ്മരികത കാണാൻ കഴിഞ്ഞതിന്റെ സന്തോഷത്തിൽ ഉറങ്ങാൻ കിടന്നു.

അടുത്ത ദിവസം രാവിലെ 8 മണിയോടുകൂടി ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രെസൽസിലേക്ക് യാത്ര തിരിച്ചു. 2 മണിക്കൂർ യാത്രയിൽ വിശാ

ലമായ റോഡുകളും ഇരുവശങ്ങളിലും ഹെക്ടറുകളിലായി നടത്തിയിട്ടുള്ള വിവിധ കാർഷിക വിളകളും കാണാൻ കഴിഞ്ഞു. ഹോളണ്ട്-ബൽജിയം അതിർത്തിയിലെത്തി. അതിർത്തിയിൽ പട്ടാളക്കാരേയോ പോലീസുകാരേയോ കാണാൻ കഴിഞ്ഞില്ല. ഒരു രാജ്യത്തിന്റെ അതിർത്തി പങ്കിടുകയാണെന്ന തോന്നൽ പോലും ഉണ്ടായില്ല. സമാധാനമായ അന്തരീക്ഷം കാത്തുസൂക്ഷിക്കുന്ന രണ്ടു രാജ്യങ്ങളാണ് ബൽജിയവും ഹോളണ്ടുമെന്ന് മനസ്സിലാക്കാൻ ഈ കാഴ്ച പ്രേരകമായി. രണ്ട് മണിക്കൂറിനു ശേഷം ബൽജിയത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അറ്റോമിയത്തിന്റെ മുന്നിൽ എത്തി. 1958-ൽ ബ്രസൽസിൽ നടന്ന വേൾഡ് ഫെയറിനുവേണ്ടി നിർമ്മിച്ചതാണിത്. ഒരു ക്യൂബിക്ക് യൂണിറ്റിൽ 9 ആറ്റം കണികകളുടെ രൂപത്തിലുള്ള ഭീമാകാരങ്ങളായ അയൺ ക്രിസ്റ്റൽസ് ആണ് അറ്റോമിയത്തിന്റെ പ്രത്യേകത. ശാസ്ത്രത്തിന്റെ അഭൂതപൂർവ്വമായ വളർച്ച വിളിച്ചോതുന്ന ഒരു കാഴ്ചയാണിത്. ഭംഗിയുള്ള പൂക്കളാൽ അലംകൃതമായ ഒരു ഗാർഡനുമിവിടെയുണ്ട്. ഒരു മണിക്കൂറോളം അവിടെ ചെലവഴിച്ച് ചോക്ലേറ്റിന് പേരുകേട്ട സ്ഥലം സന്ദർശിച്ചു. അവിടെയുള്ള വായുവിനുപോലും ചോക്ലേറ്റിന്റെ സൗരഭ്യം ഉണ്ടെന്ന് അനുഭവത്തിലൂടെ മനസ്സിലാക്കി. ചോക്ലേറ്റ് വിഭവങ്ങൾ വാങ്ങിയും കഴിച്ചും ആസ്വദിച്ചു. ആ സ്ട്രീറ്റിൽ ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ കണ്ടു. ബ്രസൽസിലെ ഒരു ജയിലായിരുന്നു അത്. കാറൽമാക്സ് അവിടെ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതായി ഗൈഡ് സൂചിപ്പിച്ചു. അവിടെ നിന്നും നടന്ന് നഗരത്തിന്റെ പ്രധാന ഭാഗത്ത് എത്തിയപ്പോൾ 40 മുതൽ 50 വരെ നിലകളിലുള്ള അമ്പരചുംബികളായ നിരവധി കെട്ടിടങ്ങൾ കണ്ടു. ഉച്ചഭക്ഷണം ഒരു പഞ്ചാബിയുടെ ഹോട്ടലിൽ നിന്നായിരുന്നു. ഭക്ഷണത്തിനു ശേഷം ഞങ്ങൾ ബസ്സിൽ പാരീസിലേക്ക് യാത്ര തിരിച്ചു. 320 കിലോമീറ്റർ അകലത്തിലാണ് പാരീസ്. 4 മണിക്കൂർ യാത്രയുള്ളതിനാൽ എല്ലാവരും ഉറക്കത്തിന്റെ ആലസ്യത്തിലായി. പാരീസിൽ എത്തിച്ചേർന്ന ഞങ്ങൾ പരിശുദ്ധി എന്ന് അർത്ഥം വരുന്ന സൈൻ നദിയുടെ തീരത്തെത്തി. ഡയാനാ രാജകുമാരിയുടെ ഓർമ്മക്കായി നിർമ്മിച്ച ഫെയിം ഓഫ് ലിബർട്ടി മെമ്മോറിയൽ സമീപത്തായി കണ്ടു. ഇവിടെ വച്ചാണ് കാറപകടത്തിൽ ഡയാന രാജകുമാരി മരണമടഞ്ഞത്. അവിടെ നിന്നും ക്രൂയിസിൽ കയറി സൈൻ നദിയിലൂടെ പാരീസിന്റെ ഹൃദയഭാഗങ്ങൾ ചുറ്റിക്കണ്ടു. ഈഫൽ ടവറുൾപ്പെടെയുള്ള വിവിധങ്ങളായുള്ള ദൃശ്യങ്ങൾ നദിക്ക് ഇരുവശവും കാണാമായിരുന്നു. കൊട്ടാര സദൃശ്യങ്ങളായ വലിയ കെട്ടിങ്ങൾ, വലിയ പാലങ്ങൾ, വലിയ പള്ളികൾ എന്നിവ പാരീസിന്റെ മുഖമുദ്രകളാണ്. സൈൻ നദിയൂലൂടെയുള്ള യാത്രയ്ക്കു ശേഷം ഹോട്ടൽ നോവോട്ടലിൽ എത്തിച്ചേർന്നു. അത്താഴത്തിനു ശേഷം അന്നേ ദിവസത്തെ അവിസ്മരണീയ മുഹൂർത്തങ്ങൾ മനസ്സിലൊതുക്കി ഉറങ്ങാൻ കിടന്നു.

ലോകാത്ഭുതങ്ങളിലൊന്നായ ഈഫൽ ടവർ സന്ദർശിക്കണമെന്ന അതിയായ മോഹം രാവിലെ നേരത്തേ തന്നെ യാത്ര തുടങ്ങുവാൻ പ്രേരിപ്പിച്ചു. 8 മണിയോടെ ഈഫൽ ടവറിലെത്തി. നല്ല തിരക്കായിരുന്നു അവിടം. ടവറിൽ കയറുന്നത് 3 ലെവലായാണ്. ആദ്യ ലെവലിൽ ചരിഞ്ഞു കയറുന്ന റോപ്പ് വേ കാറും തുടർന്ന് വലിയ ലിഫ്റ്റുകളുമാണുള്ളത്. മുകളറ്റം വരെ ചവിട്ട് പടിയിലൂടെയും കയറാം. അതിസാഹസികമാണ് ആ യാത്ര. ടവറന്റെ മുകളിൽ നിന്നും നോക്കിയാൽ പാരീസ് നഗരം മുഴുവൻ കാണാം. വലിയ കെട്ടിടങ്ങൾ പോലും ചെറുതായി തോ ന്നുന്നതിനാൽ ഈഫൽ ടവറിന്റെ ഉയരം നമുക്ക് ഊഹിക്കാവുന്നതാണ്. ഗുസ്തവാ ഈഫൽ എന്ന എഞ്ചിനീയറും അദ്ദേഹത്തിന്റെ കമ്പനിയും ഡിസൈൻ ചെയ്ത് നിർമ്മിച്ചതാണ് ഈ ടവർ. അവിടെനിന്നുമിറങ്ങി റസ്റ്റോറന്റിൽ കയറി. വിവിധയിനം ഡിഷുകൾ ഉണ്ടെങ്കിലും 3 എണ്ണം മാത്രമേ എടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയുള്ളതിനാൽ ഡിഷുകൾ ഞങ്ങൾ പരസ്പരം ഷെയർ ചെയ്ത് വിഭവങ്ങളുടെ സ്വാദ് ആസ്വദിച്ചു. അവിടെ നിന്നും പുറത്തിറങ്ങി ലോക്കൽ ഗൈഡിന്റെ സാന്നിധ്യത്തിൽ പാരീസ് സിറ്റി കറങ്ങി കണ്ടു. നെപ്പോളിയന്റെ വിജയങ്ങൾക്കുള്ള ഓർമ്മയായി പണിത ആർക്ക് ഡിട്രേയംപ് സ്മാരകത്തിലേക്കാണ് പിന്നീട് പോയത്. ഫ്രാൻസിലെ വളരെ വിഖ്യാതമായ ഈ സ്മാരകം നിരവധി കൊത്തുപണികൾ, ശിൽപ്പങ്ങൾ എന്നിവ കൊണ്ട് പ്രസിദ്ധമാണ്. ഇന്ത്യ ഗേറ്റിന് സമാനമായ ഒരു നിർമ്മാണമാണ് ഈ സ്മാരകം. 1836ൽ ഫ്രഞ്ച് ചക്രവർത്തിയായിരുന്ന ലൂയി ഫിലിപ്പ് ആണ് ഈ സ്മാരകം രാഷ്ട്രത്തിന് സമർപ്പിച്ചത്. തുടർന്ന് ഞങ്ങൾ ലോകത്തിലെ ഏറ്റവും വലിയ ആർട്ട് മ്യൂസിയമായ ലൂറെ മ്യൂസിയം കാണാൻ പോയി. സൈൻ നദീതീരത്ത് സ്ഥിതി ചെയ്യുന്ന ഈ മ്യൂസിയത്തിൽ 38,000 ആർട്ടുകൾ കാണാൻ കഴിഞ്ഞു. ഇതിൽ പുരാതന ഗ്രീസിന്റേയും റോമിന്റേയും ശിൽപ്പങ്ങളാണ് കൂടുതൽ. പതിമൂന്നാം നൂറ്റാണ്ട് മുതലുള്ള 7500 ഓളം പെയിന്റിംഗുകൾ, റാഫേൽ, മൈക്കലാഞ്ചലോ, എന്നിവരുടെ പ്രശസ്തമായ പെയിന്റിംഗുകൾ ഞങ്ങളെ അത്ഭുതപ്പെടുത്തി. ലിയാനാർഡോ ഡാവിഞ്ചിയുടെ പ്രശസ്തമായ മൊണാലിസ അവിടെ കാണാൻ കഴിഞ്ഞു. അവിടം ഒരു ഓട്ട പ്രദിക്ഷിണം നടത്തിയ ശേഷം പാരീസിലെ ഏറ്റവും പ്രശസ്തമായ നാട്ടർ ഡെയം കത്തീഡ്രലിൽ എത്തിച്ചേർന്നു. ഗോത്തിക്ക് ആർക്കിടെക്ചറിന്റെ ഏറ്റവും മനോഹരമായ കൺസ്ട്രക്ഷനാണിത്. ലോകത്തിലെ തന്നെ ഏറ്റവും വലുതും അറിയപ്പെടുന്നതുമായ കാത്തലിക്

ചർച്ചുകളിൽ ഒന്നാണിത്. ഇതിനകത്ത് 10 ബെല്ലു കൾ സ്ഥാപിച്ചിട്ടിട്ടുണ്ട്. ഏറ്റവും വലിയ ബെല്ലായ ഇമ്മാനുവൽ സൂത്ത് ടവറിലാണ് സ്ഥാപിച്ചത്.

യാത്രയുടെ 7-ാം നാൾ വേഴ്സയിൽസ് പാലസ് ലക്ഷ്യം വച്ചായിരുന്നു യാത്ര. ഫ്രഞ്ച് ചക്രവർത്തി യായിരുന്ന ലൂയി പതിനാലാമന്റെ കൊട്ടാരവും യുനസ്കോ അംഗീകരിച്ചിട്ടുള്ള വേൾഡ് ഹെറിറ്റേജ് സൈറ്റുകളിൽ ഒന്നു കൂടിയാണിത്. രണ്ടായിരം ഏക്ക റോളം വരുന്ന പൂന്തോട്ടം മനോഹരമായി അലങ്കരി ച്ചത് കണ്ടപ്പോൾ മനസ്സ് കുളിരണിഞ്ഞു. തുടർന്ന് ഫ്രാൻസിലെ റോമൻ കാത്തലിക്ക് ചർച്ചായ റീംസ് കത്തീഡ്രൽ സന്ദർശിച്ചു. അവിടെ നിന്നും ജർമ്മനി യിലെ ഫ്രങ്ക് ഫർട്ട് എന്ന നഗരത്തിലെത്തി. ജർമ്മ നിയിലെ ഹെസ്സെ സ്റ്റേറ്റിലുള്ള ഒരു സിറ്റിയാണിത്. റെയിൻ നദിയുടെ തീരത്താണ് ഇത് സ്ഥിതിചെയ്യു ന്നത്. യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഫിനാൻ ഷ്യൽ സെന്ററുകളിൽ ഒന്നാണിത്. ഫ്രാങ്ക്ഫർട്ട് എയർപോർട്ട് ലോകത്തിൽതന്നെ ഏറ്റവും തിരക്കേറി യ വളരെ ഉയരത്തിലുള്ള മനോഹരമായ എയർപോർ ട്ടുകളിൽ ഒന്നാണ്. കെട്ടിടങ്ങളുടെ ഒരു ശൃംഖല തന്നെ ഇവിടെക്കാണാം.

അടുത്ത ദിവസം ജർമ്മനിയിലുള്ള റ്റിറ്റിസി തടാകത്തിലേക്കായിരുന്നു യാത്ര. ബ്ലാക്ക് ഫോറസ്റ്റി ലുള്ള ഏറ്റവും ആകർഷകമായ തടാകമാണിത്. ജർമ്മ നിയിൽ നിന്നും സിറ്റ്സർലന്റിലേക്ക് പോകുന്നത് ബ്ലാക്ക് ഫോറസ്റ്റിലൂടെയാണ്. ഇരുഭാഗത്തും ഇട തൂർന്ന് നിൽക്കുന്ന പൈൻ മരങ്ങൾ ഭംഗിയാർന്ന കാഴ്ചയാണ്. റോഡിന് ഇരുവശവും കാണുന്ന കച്ച വടസ്ഥാപനങ്ങളിൽ ബ്ലാക്ക്ഫോറസ്റ്റിന്റെ സവിശേ ഷതകളിലൊന്നായ കുക്കു ക്ലോക്കുകൾ ലഭ്യമാണ്. ഹാന്റ് മെയിഡ് ആയിട്ട് വിവിധ മോഡലുകളിൽ നല്ല ക്വാളിറ്റിയിൽ നിർമ്മക്കുന്നവയാണിത്. ജർമ്മനി യിലെ ഏറ്റവും വലിയ നാച്ചുറൽ പാർക്കുകളിൽ ഒന്നാണ് റെയിൻ നദിയുടെ ഭാഗമായ ഈ തടാകവും അതിനോട് ചേർന്ന ഭാഗങ്ങളും. പൂക്കളുടെ വർണ്ണ വസന്തം എന്ന് വിശേഷിപ്പിക്കാവുന്നത്ര പ്രകൃതി രമ ണീയമായിരുന്നു പാർക്കിലെ കാഴ്ചകൾ.

യൂറോപ്പിന്റെ പുതപ്പ് എന്നറിയപ്പെടുന്ന സ്വിറ്റ്സർലന്റിലേക്കായിരുന്നു പിന്നീടുള്ള യാത്ര. റോഡിനിരുവശത്തും മനോഹരമായ കൊച്ചുവീടു കൾ. പച്ച പരവതാനി നിവർത്തി വിരിച്ചിട്ടിരുക്കുന്ന തുപോലെ പുൽത്തകിടികൾ ഒരുക്കിയിരിക്കുന്നു. മൈതാനം പോലെ കിടക്കുന്ന അവിടെ പശുക്കൾ, കുതിരകൾ എന്നിവ ഒന്നിച്ച് നിന്ന് മേയുന്നതു കാണാം. ഹരിതാഭമായ ആ പ്രദേശവും അവിടത്തെ പരിസര ശുചീകരണവും കണ്ടാൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് ആരും പറഞ്ഞുപോകും. പോകുന്ന വഴിയിൽ റെയിൻ വെള്ളചാട്ടം കാണാം. തെളിമ യാർന്നതും മനോഹരവുമായ വെള്ളച്ചാട്ടമാണിത്. അര മണിക്കൂർ ഇടവിട്ട് വെള്ളചാട്ടത്തിനടുത്തെ ത്താൻ ബോട്ട് സർവ്വീസുണ്ട്. ടിക്കറ്റെടുത്ത് ബോട്ടിൽ കയറി. രണ്ട് വലിയ പാറകൾക്കിടയിലൂടെ വെള്ളം പതഞ്ഞുപൊങ്ങി പാലുപോലെ താഴെക്ക് പതിക്കുന്ന കാഴ്ച വർണ്ണനാതീതമാണ്. സ്വിറ്റസർലന്റിന്റെ മുഴു വൻ സൗന്ദര്യവും ദൃശ്യമാകുന്ന ഒരിടമാണിത്. തുടർ ന്ന് ഞങ്ങൾ സ്വിറ്റസർലന്റിലെ ഏറ്റവും വലിയ സിറ്റി യായ സൂറിച്ചിലെ ഒരു ഹോട്ടലിലെത്തി. താമസവും ഭക്ഷണവും അവിടെയായിരുന്നു.



യാത്രയുടെ 9-ാം ദിവസമായ ജൂൺ 20ന് രാവി ലെ 8 മണിയോടുകൂടി സ്വിറ്റ്സർലന്റിലെ ഏറ്റവും വലിയ പർവ്വതമായ റ്റിറ്റ്ലിസിലേക്ക് യാത്രപുറപ്പെ ട്ടു. ആൽപ്സ് പർവ്വതനിരയുടെ ഭാഗമാണിത്. 6 പേർക്ക് ഇരിക്കാവുന്ന കേബിൾ കാറുകളിലാണ് ഞങ്ങൾ മുകളിലേക്ക് പോയത്. ഉയരങ്ങളിലേക്ക് പോകും തോറും മഞ്ഞുമൂടിക്കിടക്കുന്ന പർവ്വത നിര കൾ കാണാം. ഈ കേബിൾ കാർ പർവ്വതത്തിന്റെ ഒരു പോയിന്റിലെത്തിയപ്പോൾ അവിടെ ഇറങ്ങി 60 പേർക്ക് കയറാവുന്ന വലിയ കേബിൾ കാറിൽ കയറി റ്റിറ്റ്ലിസിന്റെ ഏറ്റവും മുകളിലെത്തി. അവിടെയുള്ള വലുതും വിശാലവുമായ ഒരു കെട്ടിടത്തിൽ റസ്റ്റോ റന്റ്, ഷോപ്പുകൾ എന്നിവയുണ്ട്. അഞ്ചുനിലകളുള്ള കെട്ടിടത്തിലെ ലിഫ്റ്റിലൂടെ ഞങ്ങൾ ഏറ്റവും മുക

ളിലെത്തി പുറത്തിറങ്ങി മഞ്ഞുപാളികളിലൂടെ തെന്നി നീങ്ങി മുകളിലേക്ക് കയറി. ദേവലോകത്ത് ഏത്തിയ ഒരു പ്രതീതി അനുഭവവേദ്യമായി. മഞ്ഞിനുമുകളി ലായിട്ടുകൂടി സൂര്യന്റെ ചൂട് കാരണം ഇട്ടിരുന്ന ജാക്കറ്റ് ഊരി കൈയിൽപിടിക്കേണ്ടി വന്നു. സൂര്യ പ്രകാശം മഞ്ഞുപാളികളിൽ തട്ടിപ്രതിഫലിക്കു മ്പോൾ കണ്ണുകൾകൊണ്ട് കാഴ്ചകൾ കാണാൻ ബുദ്ധിമുട്ടായിരുന്നതിനാൽ സൺ ഗ്ലാസ്സുകൾ ഉപയോ ഗിക്കേണ്ടി വന്നു. ഒരു തൂക്കുപാലത്തിലൂടെ താഴേക്ക് പോയാൽ രണ്ടാനിലയിൽ എത്തിച്ചേരാം. ഗുഹപോ ലുള്ള ഭാഗത്തുകൂടി 3 മിനിട്ട് നടന്നുവേണം കെട്ടിട ത്തിൽ എത്തിച്ചേരാനെന്നുള്ളതിനാൽ ആ യാത്ര ഭയമുണ്ടാക്കി. എങ്കിലും എല്ലാവരും തൂക്കുപാലത്തി ലൂടെ താഴെക്കിറങ്ങി. അസാമാന്യമായ തണുപ്പ് അനു ഭവപ്പെട്ടു. റസ്റ്റോറന്റിൽ നിന്നും ലഞ്ച് കഴിച്ച് കേബിൾ കാറിൽ കയറി തിരികെയെത്തി. അവിടെനിന്നും ലൂസേൺ സിറ്റിയിലേക്ക് പോയി. സിറ്റി നടന്നു കാണു ന്നതിനും ഷോപ്പിങ്ങിനുമായി 2 മണിക്കൂർ സമയം അനുവദിച്ചു. അവിടെ ഏറ്റവും ആകർഷകമായി തോ ന്നിയത് ലൂസേൺ തടാകത്തിന് മുകളിലൂടെ റൂയി സിൽ നിന്നും സെന്റ് പീറ്റേഴ്സ് ചർച്ചിലേക്ക് നിർ മ്മിച്ച തടി കൊണ്ടുള്ള പാലങ്ങളാണ്. തെളിമ യാർന്ന തടാകത്തിൽ അരയന്നങ്ങൾ നീന്തി തുടി ക്കുന്നുണ്ടായിരുന്നു. തടി കൊണ്ട് നിർമ്മിച്ച പാലം മേൽക്കൂരയോടുകൂടിയതാണ്. നിരവധി കൊത്തുപ ണികളും പെയിന്റിംഗുകളുമുള്ള ഈ പാലത്തിന് ഇരുവശവും പുഷ്പാലംകൃതമായ ചെടികൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

13-ാം നൂറ്റാണ്ടിൽ നിർമ്മിതമാണ് ചാപ്പൽ ബ്രിഡ്ജ് എന്നറിയപ്പെടുന്ന ഈ പാലം. തടാക ത്തിനിരുവശവും ഭംഗിയാർന്ന പഴയ കെട്ടിടങ്ങൾ കാണാം. സ്വിറ്റ്സർലന്റിലെ ഏറ്റവും പഴക്കംചെന്ന സിറ്റികളിലൊന്നാണിത്. അവിടെയാണ് സ്വിസ്സ് ബാങ്കിന്റെ ആസ്ഥാനം. സിറ്റിയിലെ ഷോപ്പിംഗ് കഴിഞ്ഞ് ലയൺ മോണിമെന്റിലേക്ക് യാത്രയായി. 1792ലെ ഫ്രഞ്ച് വിപ്ലവത്തിൽ കൊല്ലപ്പെട്ട ധീരരായ സ്വിസ് പട്ടാളക്കാരുടെ ഓർമ്മക്കായി നിർമ്മിച്ചിട്ടുള്ള സ്മാരകമാണിത്. ഭീമാകാരമായ പാറക്കു നടുവിൽ മുറിവേറ്റ സിംഹം കിടക്കുന്നതായുള്ള കൊത്തുപണി വിസ്മയജനകമാണ്. അവിടെ നിന്നും തിരകെ ഹോട്ട ലിൽ എത്തി. റെയിൽവേ ലൈനിലൂടെ നിരവധി ഡബിൾ ഡക്കർ ട്രെയിനുകൾ ഇരുവശങ്ങളിലേക്ക് കടന്നുപോകുന്നത് ഹോട്ടലിൽ നിന്നും കാണാൻ കഴി ഞ്ഞു. റെസ്റ്റോറന്റിൽ നിന്നും പുറത്തിറങ്ങി അക ലെയുള്ള പർവ്വതത്തിൽ സൂര്യാസ്തമയം കാണാൻ പോയി. രാത്രി 9.15 ന് ആയിരുന്നു അസ്തമയം. അസ്തമയത്തിനു ശേഷം കാഴ്ചകൾ കണ്ട് തിരികെ ഹോട്ടലിൽ എത്തി.

പത്താം ദിവസം രാവിലെ ഹോട്ടലിൽ നിന്നും ചെക്ക്ഔട്ട് ചെയ്ത് ഏറ്റവും വലിയ രാജ്യങ്ങളിലൊ ന്നായ ലിച്ചിൻസ്റ്റിനിലേക്ക് യാത്ര തിരിച്ചു. സ്വീറ്റ് സർലന്റിനോട് അതിർത്തി പങ്കിടുന്ന രാജ്യമാണി ത്. റെയിൻ നദിക്ക് കുറുകെയുള്ള പാലം കഴിഞ്ഞാൽ ലിച്ചൻസ്റ്റിനായി. രാജ്യതലസ്ഥാനമായ വഡൂസിലെ ത്തിച്ചേർന്ന ഞങ്ങളെ ഈ കൊച്ചു രാജ്യത്തിന്റെ സൗന്ദര്യം വശീകരിച്ചു. തലസ്ഥാന നഗരത്തിനോട് ചേർന്നു കിടക്കുന്ന ഉയരത്തിലുള്ള സ്ഥലത്താണ് രാജകുടുംബത്തിന്റെ പാലസുള്ളത്. ശാന്തപ്രകൃതം അനുഭവപ്പെട്ട ആ സിറ്റിയിൽ ഒട്ടും തിരക്ക് അനുഭവ പ്പെട്ടിരുന്നില്ല. പടർന്നു പന്തലിച്ചു നിൽക്കുന്ന തണൽവൃക്ഷങ്ങൾ കൊണ്ട് നിബിഢമായിരുന്നു ആ പ്രദേശം. അതിനു താഴെ ഇരിക്കുന്നതിനായി നിര വധി കോൺക്രീറ്റ് ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു ബസ്റ്റാന്റിനു സമാനമായ അവിടെ 3 ചെറിയ ബോഗി കൾ ഘടിപ്പിച്ച ട്രാം പോലെയുള്ള വാഹനമുണ്ട്. അതിൽ കയറിയാൽ ഏകദേശം 25 മിനിറ്റുകൊണ്ട് ലിച്ചൻസ്റ്റിൻ കണ്ട് തിരികെ എത്തിച്ചേരാം. രാജ്യ ത്തിന്റെ വലുപ്പത്തെക്കുറിച്ചുള്ള ഒരു ധാരണ ലഭി ക്കാൻ ഈ അറിവ് ധാരാളമാണ്. പന്ത്രണ്ടാം നൂറ്റാ ണ്ടിൽ നിർമ്മിച്ച വഡൂസ്കാസിൽ ആണ് അവിടുത്തെ പ്രധാന ആകർഷകങ്ങളിലൊന്ന്.

തുടർന്ന് ഞങ്ങൾ തൊട്ടടുത്ത രാജ്യമായ ഓസ്ട്രിയയുടെ പ്രധാനപ്പെട്ട സിറ്റികളിലൊന്നായ ഇൻസ്ബ്രുക്കിലേക്ക് പോയി. സരോവ്സ്കി ക്രിസ്റ്റൽ വേൾഡ് ആണ് അവിടുത്തെ ആകർഷണീയത. ക്രിസ്റ്റൽ കൊണ്ടുണ്ടാക്കിയ വിവിധ കലാരൂപങ്ങളും ആർക്കിടെക്ച്ചറൽ ഡിസൈനുകളും കണ്ടു. ഇന്റർ നാഷണൽ ആർട്ടിസ്റ്റുകൾ ഡിസൈൻ ചെയ്ത വിവിധ ക്രിസ്റ്റൽ മാതൃകകൾ ഇവിടുത്തെ പ്രത്യേക തയാണ്. ക്രിസ്റ്റലിന്റെ ഒരു മായിക ലോകം മനസ്സിൽ സൃഷ്ടിക്കുവാൻ ആ കാഴ്ച പ്രേരകമായി. അവി ടുത്തെ കാഴ്ചകൾക്കു ശേഷം ഹോട്ടലിൽ തിരിച്ചെ ത്തി. ഓസ്ട്രിയയിൽ വലിയ തണുപ്പായിരുന്നു. വലിയ കുന്നിന്റെ അടിവാരത്തിലായിരുന്നു ഹോട്ടൽ. രാവിലെ കുന്നിൻ മുകളിലേക്ക് കയറി, കണ്ട കാഴ്ച കൾ കൗതുകകരമായിരുന്നു. പ്രകൃതി രമണീയമായ കുന്നിൻ ചെരുവിൽ കഴുത്തിൽ വലിയ മണികെട്ടിയ പശുക്കൾ മേഞ്ഞു നടക്കുന്നുണ്ടായിരുന്നു. അതിന്റെ കിലുക്കം എല്ലാ നേരവും തുടർന്നുകൊണ്ടേയിരുന്നു. പശുക്കളെല്ലാം വെള്ളയും തവിട്ടും കലർന്ന നിറ ത്തിലുള്ള അഴകാർന്നവയായിരുന്നു. അവയുടെ ചെവിയിൽ നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ചിട്ടുണ്ടായിരു ന്നു. കുറേനേരം അവിടെ ചെലവഴിച്ച് ഞങ്ങൾ വെനീ സിലേക്ക് യാത്ര തിരിച്ചു. നാനൂറ് കിലോമീറ്റർ യാത്ര യുള്ളതിനാൽ ബസിൽ ടീം തിരിഞ്ഞ് 'ഗസ്സ് ദി പേഴ്സൺ നടത്തി. സജീവമായി എല്ലാവരും മത്സര ത്തിൽ പങ്കെടുത്തതുകൊണ്ട് നാലരമണിക്കൂർ പോയ തറിഞ്ഞില്ല. മത്സരം പൂർത്തിയായപ്പോഴേക്കും



ഞങ്ങൾ വെനീസിലെത്തിയിരുന്നു. നൂറിലധികം ദ്വീപുകൾ ചേർന്ന ഒരത്ഭുത ലോകം തന്നെയാണ് വെനീസ്. അഡ്രിയാറ്റിക്ക് സമുദ്രത്തിലാണ് ഇത് സ്ഥതിചെയ്യുന്നത്. കനാലിലൂടെയാണ് യാത്രകൾ അധികവും റോഡ് ഗതാഗതമില്ലാത്ത പ്രദേശം. കൊട്ടാരവും പള്ളികളും വലിയ കെട്ടിടങ്ങളുമെല്ലാം നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ കടലിൽ തടികൊണ്ടുള്ള പില്ലറുകളാൽ നിർമ്മിച്ചിട്ടുള്ളവയാണ്. നൂറ്റാണ്ടുകൾക്കു മുമ്പുള്ള ഈ സാങ്കേതിക വിദ്യകൊണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടുപോയി. പ്രധാനപ്പെട്ട കാഴ്ചകളായ പിസ്സാ സാൻമാർക്കോ, സെന്റ് മാർക്സ് ബസലിക്ക. സെൻട്രൽ സ്ക്വയർ എന്നിവ കണ്ട് ഞങ്ങൾ ഗൊണ്ടാള യാത്രക്കായി തയ്യാറെടുത്തു. ആറുപേർക്ക് ഇരിക്കാവുന്ന ഒരു പ്രത്യേക തരം ബോട്ടാണ് ഗൊണ്ടാള. ബോട്ടിൽ കയറി കനാലുകളിലൂടെ വെനീസ് ചുറ്റികണ്ടു. വെള്ളത്തിലാടിയുലയുന്ന പട്ടണം അഥവാ ഫ്ളോട്ടിംഗ് സിറ്റി എന്നു പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയുമില്ല. രണ്ട് വഞ്ചികൾ കടന്നുപോകാനുള്ള വീതിമാത്രമേ കനാലുകൾക്കുള്ളൂ. കടലിന്റെ മധ്യത്ത് ഇങ്ങനെയൊരു ദ്വീപ് മഹാത്ഭുതം തന്നെയെന്ന് ഓരോരുത്തരും പറഞ്ഞു. ഫ്ളോട്ടിംഗ് സിറ്റി എന്നാണ് അറിയപ്പെടുന്നതെങ്കിലും ഇപ്പോൾ സിങ്കിംഗ് സിറ്റി എന്നും പറയപ്പെടുന്നു. പതിയെപതിയെ സിറ്റി കടലിിലേക്ക് താഴ്ന്നുകൊണ്ടിരിക്കുന്നു എന്നതിനാലാണത്രേ ആ വിവക്ഷ. വെനീസിലെ അത്ഭുതക്കാഴ്ചകണ്ട ശേഷം ഞങ്ങൾ ഫ്ളോറൻസിലേക്ക് യാത്ര തിരിച്ചു. ഫ്ളോറൻസ് സിറ്റി കണ്ട ശേഷം ചരിഞ്ഞഗോപുരം എന്നറിയപ്പെടുന്ന ലോകാത്ഭുതങ്ങളിലൊന്നായ പിസ്സാ ഗോപുരം സന്ദർശിച്ചു. വെള്ള മാർബിൾ കൊണ്ട് സിലിണ്ടർ രൂപത്തിൽ നിർമ്മിട്ടിട്ടുള്ളതാണിത്. പിസ്സ കത്തീഡ്രലിനു പിറകിലാണ് പിസ്സാ ഗോപുരം. മനസ്സിലെ ചില മോഹങ്ങൾ പൂവണിഞ്ഞ സന്തോഷാധിക്യമാണ് പിസ്സാ ഗോപുരകാഴ്ചയിലൂടെ സാധിച്ചത്. അവിടുന്ന് ഇറ്റലിയിലെ മറ്റൊരു സിറ്റിയായ പാദുവയിലേക്ക് പോയി.

പതിമൂന്നാം ദിവസം രാവിലെ ഇറ്റലിയുടെ തലസ്ഥാനമായ റോമിലേക്ക് യാത്ര പുറപ്പെട്ടു. ദീർഘമായൊരു യാത്രയ്ക്ക് ശേഷം റോമിലെത്തിയ ഞങ്ങൾ മറ്റൊരു ലോക അത്ഭുതമായ കൊളോസിയം സന്ദർശിച്ചു. എ.ഡി. 72 ൽ നിർമ്മിതമായിട്ടുള്ള കൊളോസിയം അന്നത്തെ ആഘോഷങ്ങളുടെയും മത്സരങ്ങളുടെയും പൊതുവേദിയായിരുന്നു. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഈ വേദികളിൽ പതിവാണ്. കൊളോസിയം ഫ്ളോവയൻ ആംഫി തീയേറ്റർ എന്നപേരിലും അറിയപ്പെടുന്നു. റോമൻ ചക്രവർത്തിയും പരിവാരങ്ങളും ആഘോഷവേളകളിൽ കൊളോസിയത്തിൽ സന്നിഹിതരാകാറുണ്ട് അപ്പോഴൊക്കെ മല്ലയുദ്ധം നടക്കാറുണ്ട്. ഈ മത്സരത്തിൽ ഒരാളുടെ മരണം വരെ ഈ വിനോദം തുടരുക പതിവാണ്. ഭൂമികുലുക്കമുണ്ടായ സന്ദർഭത്തിൽ കൊളോസിയത്തിന് കേടുപാടുകൾ സംഭവിച്ചുവെങ്കിലും ഇന്നും അതൊരു അത്യാകർഷക കാഴ്ചയാണ്. കൊളോസിയത്തിൽ നിന്നും ഹോട്ടലിലെത്തിയ ഞങ്ങൾ യാത്രയുടെ അവസാനദിനത്തിനുമുന്നോടിയായി കോൺഫറൻസ് ഹാളിൽ ഒത്തു ചേർന്ന് യാത്രാനുഭവങ്ങൾ പരസ്പരം പങ്കുവച്ചു. തദവസരത്തിൽ യാത്രയുടെ പൂർണ്ണവിജയത്തിന് നേതൃത്വം നൽകിയ ഗൈഡ് നിധിനെ ആദരിക്കുകയുണ്ടായി. ഹൃദ്യവും അവിസ്മരണീയവും ശുഭകരവുമായ യാത്ര സമ്മാനിക്കുന്നതിന് കളിയും ചിരിയും പാട്ടും കുസൃതികളും ഒരുക്കിയ സഹയാത്രികരായ സർവ്വശ്രീഃ ജോസ്, ഹർഷൻ, ജോമോൻ, ജോൺ അലക്സാണ്ടർ, അനിൽകുമാർ, വിനോദ്, മുരളി, മന്മദൻ, ബിജോ മാത്യു, ബാലകൃഷ്ണൻ, പ്രദീപ്, കൃഷ്ണൻകുട്ടി, ബാബു, ശ്യാംപ്രകാശ് എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമുള്ള കൃതജ്ഞതയും അഭിനന്ദനവും രേഖപ്പെടുത്താൻ ഞാൻ ആ അവസരം വിനിയോഗിച്ചു.

അവസാന ദിവസം വത്തിക്കാൻ മ്യൂസിയത്തിലേക്കായിരുന്നു യാത്ര. സെന്റ് പീറ്റേഴ്സ് ബസലിക്ക മ്യൂസിയം കണ്ട ഞങ്ങൾ അവിടെ നിന്നും റോം എയർപോർട്ടിലെത്തി. എമിറേറ്റ്സ് ഫ്ളൈറ്റിൽ ദുബായ് വഴി കൊച്ചിയിൽ രാവിലെ ഒൻപത് മണിക്ക് എത്തിച്ചേർന്നു. ഒരു നല്ല യാത്രയുടെ സുഖദമായ ഓർമ്മകൾ മനസ്സിൽ എന്നും കാത്തു സൂക്ഷിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ യാത്രാംഗങ്ങൾ വിടപറഞ്ഞു. ◆




# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും സ്വർണ്ണനിക്ഷേപവും



**ജയകുമാർ എം.**
മുൻസെക്ഷൻ ഓഫീസർ

ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ ഒരു വ്യക്തിയുടെ സമ്പാദ്യത്തിന്റെ ഭൂരിഭാഗവും വിവാഹാവശ്യത്തിനും ആ ചെലവിന്റെ 35-50% വരെ സ്വർണ്ണവും മറ്റ് ആഭരണങ്ങളും വാങ്ങുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഒരു ആചാരമെന്ന നിലയിൽ വധുവിന് നൽകുന്ന സ്വർണ്ണം പ്രദർശിപ്പിക്കുന്നതിനും അതു വഴി കുടുംബത്തിന്റെ പദവിയെ പ്രതിനിധാനം ചെയ്യുന്നതിനും ശ്രമിക്കുന്നു. ജീനുകളുടേയും ജനിതക ഗുണങ്ങളുടേയും പോലെതന്നെ സ്വർണ്ണവും ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഇതൊരു നിക്ഷേപമായി കാണുകയും കുടുംബത്തിന് വലിയൊരു സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ ഒരു സമ്പാദ്യമെന്നനിലയിൽ വലിയൊരു സഹായമാവുകയും ചെയ്യുന്നു.

വളരെയധികം വിലപിടിപ്പുള്ള ഒരു ലോഹമാണ് സ്വർണ്ണം. ഇതിനോട് ദീർഘവും അടുത്തതുമായ ഒരു ബന്ധമാണ് നമുക്കുള്ളത്. അത് സമ്പത്തിനേയും ഭാഗ്യത്തേയും പ്രതിനിധാനം ചെയ്യുന്നു: ഇന്ന് ലോകത്തിലെ സ്വർണ്ണത്തിന്റെ വലിയൊരു പങ്കും ഇന്ത്യാക്കാർ കൈവശം വച്ചിരിക്കുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. സ്റ്റോക്ക് മാർക്കറ്റ്, മ്യൂച്ചൽ ഫണ്ട്, സ്ഥിരനിക്ഷേപം, ഗവൺമെന്റ് ബോണ്ടുകൾ തുടങ്ങിയവയെപ്പോലെ നിരവധി നിക്ഷേപാവസരങ്ങളുണ്ടെങ്കിലും ഉപഭോക്താക്കൾക്ക് സ്വർണ്ണത്തിൽ നിക്ഷേപിക്കുന്നതിനോടാണ് താത്പര്യം. 1980ൽ സ്വർണ്ണ നിക്ഷേപരംഗത്ത് വൻ തകർച്ചയുണ്ടായെങ്കിലും ഇന്ത്യയെ അത് സ്വാധീനിച്ചില്ല. ആ സ്ഥിതിവിശേഷം ഇപ്പോഴും തുടരുകയാണ്. ആഗോള കറൻസിയുമായി താരതമ്യം ചെയ്യുമ്പോൾ രൂപയുടെ മൂല്യം തകരുകയാണ്. ഇത് ഇന്ത്യൻ സമ്പദ് വ്യവസ്ഥയെസംബന്ധിച്ചിടത്തോളം അത്ര നല്ല പ്രവണതയല്ല.

ഒരു ദരിദ്രരാഷ്ട്രമാണ് ഇന്ത്യ. എന്നാൽ ഇവിടത്തെ ജനങ്ങൾക്ക് സ്വർണ്ണത്തോടുള്ള ഭ്രമം മൂലമാണ് ധാരാളം സ്വർണ്ണം ഇറക്കുമതി ചെയ്യേണ്ടിവരുന്നത്. സ്വർണ്ണനിരക്ക് ചോദനത്തേയും പ്രദാനത്തേയും ആശ്രയിക്കുന്നു. ഇതു കാരണം മറ്റു

ചരക്കുകളെ അപേക്ഷിച്ച് എക്കാലത്തും ഇതിന്റെ വിലയിലുണ്ടാകുന്ന മാറ്റം ചരിത്രപ്രധാനവും പ്രവചനാതീതവുമായി മാറിക്കൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ സ്വർണ്ണത്തിന്റെ വില വർദ്ധിച്ചുവരുന്നത് ചെറിയതോതിലായിരുന്നു. എന്നാൽ കഴിഞ്ഞ കുറെക്കാലങ്ങളായി ആ തോത് വളരെയധികം വർദ്ധിച്ചതായിക്കാണുന്നു. 10 വർഷത്തിനുള്ളിൽ ഇതിന്റെ വിലയിലുണ്ടായ മാറ്റം വളരെ ശ്രദ്ധേയമാണ്. ഉപഭോക്താക്കൾക്ക് സ്വർണ്ണത്തോടുള്ള അഭിനിവേശം വർദ്ധിച്ചു വരുകയാണ്. ഇത് അവന്റെ സമ്പത്തിന്റേയും സുരക്ഷിതത്ത്വത്തിന്റേയും പ്രതീകമാണ്. സ്വർണ്ണമെന്നത് ഭാഗ്യത്തിന്റേയും സമൃദ്ധിയുടേയും അടയാളമായതുകൊണ്ടാവണം ഇതിനെ മാറ്റിനിർത്തി ഇന്ത്യയിൽ ഒരു ആഘോഷവും നടക്കാറില്ല. എത്ര തന്നെ വില വർദ്ധിച്ചാലും അതിന്റെ ആവശ്യം കുറയുന്നില്ല. അതുകൊണ്ടു തന്നെ ലോകത്തിലെ സ്വർണ്ണ ഉപഭോഗത്തിന്റെ മൂന്നിലൊന്നും ഇന്ത്യയിലാകുന്നത്. ഇവിടത്തെ ഉപഭോക്താക്കളുടെ ചോദനം ചൈനയുടേതിനെക്കാളും 37.6% കൂടുതലാണ്.

“ ഒരു വ്യക്തി സ്വർണ്ണം വാങ്ങി ലോക്കറിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ ആഭരണമാക്കി മാറ്റുകയോ ചെയ്യുമ്പോൾ അത് സമ്പദ്‌വ്യവസ്ഥയിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നില്ല.

പണപ്പെരുപ്പത്തിനെതിരായ ഒരു രക്ഷാകവചമായതുകൊണ്ടാണ് സ്വർണ്ണത്തിന് ആവശ്യം കൂടാൻ കാരണം. സ്വർണ്ണം പണപ്പെരുപ്പത്തിന് കാരണമാകുന്നെങ്കിലും വിപണിയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കും പലിശനിരക്കിലുണ്ടാകുന്ന മാറ്റങ്ങൾക്കും വിധേയമാണ്. സ്വർണ്ണത്തിന്റെ മൂല്യം സ്ഥിരമായി വർദ്ധിക്കുന്നതുകൊണ്ടാണ് അത് സുരക്ഷിതമായ ഒരു നിക്ഷേപമാകുന്നതും. ഗ്രാമീണജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് പെട്ടെന്ന് പണമാക്കി മാറ്റാൻ കഴിയുന്നുവെന്നതാണ്. രൂപയുടെ മൂല്യത്തിലുണ്ടാകുന്ന വ്യത്യാസം, ഇറക്കുമതി ചുങ്കത്തിലുണ്ടാകുന്ന വർദ്ധനവും നിയന്ത്രണവും കാരണം ഉപഭോക്താക്കൾ സ്വർണ്ണം വാങ്ങുന്നത് മാറ്റിവയ്ക്കുന്നു. ഇന്ത്യാക്കാരുടെ ഇടയിൽ പഴയകാലം മുതലേ സ്വർണ്ണം ഒരു നിക്ഷേപമാണ്. സ്റ്റോക്ക്, ബോണ്ട് ഇവയുടെ വിലകളിൽ മാറ്റം ഉണ്ടായാലും സ്വർണ്ണവിലയെ പറ്റി ഉപഭോക്താക്കൾക്ക് യാതൊരു ആശങ്കയും ഇല്ല. സ്വർണ്ണമെന്നത് ഒരു ആസ്തിയാണ്. അതിനെ സ്പർശിക്കാനും കാണാനും കഴിയുന്നതുകൊണ്ട് ഭൗതീക സ്വർണ്ണം വാങ്ങുന്നതിൽ ഇന്ത്യാക്കാർ തത്പരരാണ്. ഡോളറിന്റെ മൂല്യത്തിലുണ്ടാകുന്ന മാറ്റം സ്വർണ്ണത്തേയും സ്വാധീനിക്കാറുണ്ട്. മൂല്യം വർദ്ധിക്കുമ്പോൾ സ്വർണ്ണത്തിൽ നിക്ഷേപിക്കാൻ താത്പര്യം കാണിക്കുന്നു. ഇതന്റെ ഫലമായി സ്വർണ്ണവിലയിൽ മാറ്റങ്ങൾ സംഭവിക്കുന്നു.

സമ്പാദ്യത്തിന്മേൽ ഉയർന്ന പലിശയാണ് ബാങ്കുകൾ നൽകുന്നതെങ്കിൽ ഉപഭോക്താക്കൾക്ക് രൂപയിൽ നിക്ഷേപിക്കാൻ താത്പര്യമുണ്ടാകും. എന്നാൽ നിക്ഷേപങ്ങൾക്ക് വളരെ കുറഞ്ഞ തോതിലുള്ള പലിശയാണ് നൽകുന്നതെങ്കിൽ ഉപഭോക്താക്കൾ സ്വർണ്ണത്തിൽ നിക്ഷേപിക്കുകയും ധാരാളം സ്വർണ്ണം വാങ്ങാൻ താത്പര്യം കാണിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കാറുണ്ട്. ഒരിക്കലും സ്വർണ്ണമെന്നത് ഉല്പാദകക്ഷമമായ ഒരു ആസ്തിയല്ല. കാരണം ഒരു വ്യക്തി സ്വർണ്ണം വാങ്ങി ലോക്കറിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ ആഭരണമാക്കി മാറ്റുകയോ ചെയ്യുമ്പോൾ അത് സമ്പദ്‌വ്യവസ്ഥയിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നില്ല.

ഇന്ത്യാക്കാർക്ക് സ്വർണ്ണത്തോടുള്ള താത്പര്യം കാരണം ഇവിടെ അതിന്റെ ചോദനം 2008-ൽ 679 ടൺ ആയിരുന്നത് 2011-ൽ 975 ടൺ ആയി മാറി. ഇത് ലോകത്ത് സ്വർണ്ണത്തിന് ഏറ്റവും കൂടുതൽ അവശ്യക്കാരുള്ളതും ഇന്ത്യയിലാണെന്ന് മനസ്സിലാക്കി തരുന്നു. RBI യുടെ കണക്കുകൾ പ്രകാരം സ്വർണ്ണത്തിന്റെ ആഭ്യന്തര ഉല്പാദനം കുറഞ്ഞുവരികയാണ്. ഇതിന്റെ ആവശ്യകത നേരിടുന്നത് ഇറക്കുമതിയിലൂടെയാണ്. സ്വർണ്ണത്തിന്റെ നല്ലൊരു പങ്കും ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്നുവെന്നതാണ് വേറൊരു പ്രശ്നം. തിരുപ്പതി ക്ഷേത്രം, പത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല തുടങ്ങിയതെക്കെ ഇന്ത്യയിലെ മതപരമായ സ്ഥാപനങ്ങളിൽ ധാരാളം സ്വർണ്ണം സൂക്ഷിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ പല നടപടികളും അതിന്റെ ഭാഗമായി സ്വീകരിക്കുകയുണ്ടായി. ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ച് നയങ്ങളിൽ വലിയ തോതിൽ മാറ്റം വരുത്തിയതുമൂലവും സ്വർണ്ണത്തിന്റെ വരവ് കുറയുകയുണ്ടായി. RBI, ആഭ്യന്തര ഉപഭോഗത്തിനു വേണ്ടി 80% വും 20% ആഭരണ രൂപത്തിലുള്ള കയറ്റുമതി ചെയ്യുന്നതിനുള്ള നയം രൂപീകരിച്ചു. ചുരുക്കത്തിൽ സ്വർണ്ണമെന്നത് അനിശ്ചിതത്ത്വത്തിനെതിരായ ഒരു രക്ഷാകവചമാണ്. ആഗോള ധനപരമായ ബുദ്ധിമുട്ട് ഉണ്ടാവുമ്പോൾ അതിനെ പരിഹരിക്കാനുള്ള മാർഗ്ഗമാണ് സ്വർണ്ണം. ഗവൺമെന്റ് സ്വർണ്ണവില വർദ്ധിക്കുന്നതിനെതിരായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അങ്ങനെ നിക്ഷേപങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സാധിക്കുന്നു. ◆



# അനുസ്മരണം

ഒരു നനുത്ത പ്രഭാതത്തിൽ ലെതർ ബാഗിന്റെ വള്ളി നെഞ്ചിന് കുറെകെയിട്ട് നടന്നു വന്ന് ഒരു അവധൂതനെപ്പോലെ കടന്നുപോയൊരാളായിരുന്നു ലേഖകൻ. ഒരു നിശബ്ദ പോരാളിയായ് നമ്മുടെ ഇടയിൽ കഴിഞ്ഞ്, ആരോടും കലഹിക്കാതെ, എല്ലാ തിന്മകളോടും എപ്പോഴും കലഹിച്ചുകൊണ്ടിരുന്നൊരാൾ!

വായന ഒരു വ്രതമാക്കി, സ്വായത്തമാക്കിയ അറിവുകൾ തേനീച്ചകണക്കെ ചിന്തയുടെ മൂശയിലിട്ട് ഉരുക്കി യെടുത്ത രചനകൾ വായനക്കാർക്ക് നേദിച്ച ഒരാൾ കടന്നുപോകുമ്പോഴുള്ള വേദന നാം ലേഖകന്റെ വേർപാടിൽ തിരിച്ചറിയുന്നു.

'വിദ്യാഭ്യാസ വായ്പ ഇന്ത്യയിൽ ഒരു പഠനം', 'വിദ്യാഭ്യാസവും സാമ്പത്തിക വികസനവും' എന്നീ ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി സമന്വയത്തന്റെ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ ഇന്ത്യയിൽ ഒരു പഠനം എന്ന ലേഖനത്തിൽ സാമ്പത്തിക വികസനത്തിന്റെ സൂചിക എന്ന നിലയിൽ വിദ്യാഭ്യാസം സാമ്പത്തിക വിദഗ്ദ്ധരുടെ ശ്രദ്ധയാകർഷിച്ചതോടെ ലോകത്തെല്ലായിടത്തും സർക്കാരുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ പ്രത്യേക താൽപര്യം കാണിച്ചു തുടങ്ങി. ഇന്ത്യയും ഇതിന് ഒരു അപവാദമല്ല. 1969-ൽ 14 വാണിജ്യ ബാങ്കുകൾ ദേശസാൽക്കരിച്ച

തോടെ ദേശീയ വരുമാനത്തി ലേയ്ക്ക് സംഭാവന ചെയ്യുന്ന മേഖലകൾക്ക് പുറമേ വിദ്യാ ഭ്യാസ രംഗത്തും വായ്പകൾ നൽകാനാരംഭിച്ചു. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും പൊതുവിദ്യാഭ്യാസം സ്റ്റേറ്റിന്റെ ചുമതലയായതിനാൽ സ്കൂൾ തലത്തിൽ വായ്പയുടെ പ്രശ്നം ഉത്ഭവിക്കുന്നില്ല. ഇത് ഇന്ത്യ യിൽ ഉന്നത വിദ്യാഭ്യാസ രംഗം വിദ്യാഭ്യാസ വായ്പയുടെ ശ്രദ്ധാകേന്ദ്രമായി മാറുന്നതിന് കാരണമായി. സ്വദേശത്തും വിദേശത്തും വിദ്യാഭ്യാസ ആവ ശ്യത്തിന് വേണ്ടി ബാങ്കുകൾ വായ്പകളും മുൻകൂർ പണവും നൽകി വരുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കണക്കനുസ രിച്ച് ഏകദേശം 18 ലക്ഷം വിദ്യാർത്ഥികൾക്ക് ഈ ആനു കൂല്യം ലഭിക്കുന്നുണ്ടെന്നും 16,000 കോടി രൂപയോളം ഈ ഇനത്തിൽ വിതരണം ചെയ്ത തായും വ്യക്തമാക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയി ലാണ് വിദ്യാഭ്യാസ വായ്പയുടെ തുടക്കം. സ്വതന്ത്ര ഇന്ത്യയിൽ സാമൂഹ്യക്ഷേമ ഡയറക്ടറേ റ്റാണ് വിദ്യാഭ്യാസ വായ്പ ആദ്യ മായി അനുവദിച്ചത്. അത് കിഴക്ക് പടിഞ്ഞാറൻ പാകിസ്ഥാ നിലെ അഭയാർത്ഥികളായ വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ പഠനം നടത്തുന്നതിന് വേണ്ടി യായിരുന്നു. 1963-ൽ ഇന്ത്യ യിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു ദേശീയ വായ്പാ പദ്ധതി നടപ്പാക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റുകളിലൂടെ യാണ് ഈ പദ്ധതി നടപ്പാക്കിയ ത്. ഈ പദ്ധതി പ്രകാരം യോഗ്യ തയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ത്തിന് പലിശരഹിത വായ്പ നൽകുകയുണ്ടായെങ്കിലും തിരി ച്ചടവില്ലായ്മയും സർക്കാരുക ളുടെ സാമ്പത്തിക ബാദ്ധ്യതയെ ത്തുടർന്നും ഇത് നിർത്തലാ ക്കിയതായി ലേഖകൻ വിശദീക രിക്കുന്നു.

1991-ലെ പുതിയ സാമ്പ ത്തിക നയങ്ങളുടെ ആവിർഭാവ ത്തിനു ശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന തിൽ സ്വകാര്യ മൂലധനത്തിന്റെ ഒരു പ്രവാഹം ഉണ്ടായി. എന്നാൽ ഈ നിക്ഷേപം പ്രധാ നമായും സാങ്കേതിക വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന തിനായിരുന്നു. കാരണം അത് കൂടുതൽ ലാഭം നൽകുന്നതായി രുന്നു. അതോടെ വിദ്യാഭ്യാസം നേടേണ്ടതിന്റെ ഉത്തരവാദിത്തം വിദ്യാർത്ഥികളുടേയും മാതാപി താക്കളുടേയും ചുമലിലായി. പ്രൊഫഷണൽ കോളേജുക ളിലെ ഉയർന്ന ഫീസ് ഭാവിയിൽ തിരിച്ചടയ്ക്കാമെന്ന പ്രതീക്ഷയി ല്ലാതെ വായ്പയെ ആശ്രയി ക്കാൻ വിദ്യാർത്ഥികളേയും മാതാപിതാക്കളേയും പ്രേരിപ്പിച്ചു മറ്റു ചില കാരണങ്ങളും ഇതിന് പിന്നിലുണ്ടായിരുന്നു.വിദേശങ്ങ ളിലെ പ്രശസ്തമായ സർവ്വകലാ ശാലകളിൽ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചതോടെ അവി ടുത്തെ ഉയർന്ന ഫീസും മറ്റ് ചെലവുകളും നിർവ്വഹിക്കുന്ന തിന് വായ്പ ഒരു ആശ്രയമായി. 20-ാം നൂറ്റാണ്ടിലെ അവസാന ദശകത്തിൽ സാമ്പത്തിക വളർച്ച യെത്തുടർന്ന് വായ്പ നൽകുന്ന തിൽ ബാങ്കുകൾ പ്രത്യേക താൽപ്പര്യം കാണിച്ചു. സാമ്പ ത്തിക സാക്ഷരത വർദ്ധിച്ചതും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിന്ന് ഗവൺമെന്റിന്റെ പതുക്കെ യുള്ള പിൻവാങ്ങലും പൊതു വിദ്യാഭ്യാസ രംഗത്തേയ്ക്ക് വ്യാപിച്ചതും അതോടൊപ്പം ആഗോളവിപണിയിലുണ്ടായ വളർച്ചയും വായ്പയെ ആശ്രയി ക്കുന്നതിന് കാരണമായി മാറിയി ട്ടുള്ളതായി വായനക്കാരുമായി ലേഖകൻ പങ്കുവയ്ക്കുന്നുണ്ട്.

"വിദ്യാഭ്യാസവും സാമ്പ ത്തിക വികസനവും എന്ന ലേഖ നത്തിൽ "-

19-ാം നൂറ്റാണ്ടിനു മുമ്പ് മിക്ക രാജ്യങ്ങളിലും മനുഷ്യവിഭ വശേഷിയിലുള്ള നിക്ഷേപം വളരെ തുച്ഛമായിരുന്നതായും 20 -ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ദ്ധ്യം, അറിവ് നേടുന്നതി ലുണ്ടായ വളർച്ച, വ്യക്തിയു ടെയും രാജ്യത്തിന്റേയും ഉല്പാദ നക്ഷമത നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമായി മാറിയതായി സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ് 20-ാം നൂറ്റാണ്ട് മനുഷ്യമൂലധനത്തിന്റെ യുഗം എന്നറിയപ്പെടാൻ തുടങ്ങി. ഇന്ന് മിക്ക രാജ്യങ്ങളിലും പ്രൈമറി, സെക്കണ്ടറി, ഉന്നതവിദ്യാഭ്യാസ മേഖല തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. അടിസ്ഥാന വിദ്യാഭ്യാസം, ഉന്ന തവിദ്യാഭ്യാസം ഇവ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചു വരുകയാണ്. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതു വഴി കുടുംബ ത്തിന്റെ വരുമാനം വർദ്ധിക്കു ന്നുയെന്നത് മാത്രമല്ല കുടുംബ ത്തിലെ മറ്റ് അംഗങ്ങളുടെ ആരോഗ്യം, പോഷകാഹാര പ്രശ്നം, കുറഞ്ഞ ശിശുമരണനി രക്ക്, കുട്ടികളുടെ വിദ്യാഭ്യാസ ത്തിലുണ്ടാകുന്ന നേട്ടം എന്നിവ സാദ്ധ്യമാകുന്നു. അടിസ്ഥാന വിദ്യാഭ്യാസം, ഗവേഷണം, തൊഴിൽ പരിശീലനം എന്നിവ യിലുള്ള നിക്ഷേപം രാജ്യ ത്തിന്റെ വികസനത്തിന് കാര ണമാകുന്നുണ്ടെന്നും സ്വന്തം ധാരണാശക്തിയെ സമ്പൂഷ്ടമാ ക്കുന്ന ഒന്നാണ് വിദ്യാഭ്യാസ മെന്നും ലേഖകൻ പറഞ്ഞുവ യ്ക്കുകയാണ്.

◆

കവിത



**ഷീലജ തെരൂർ**
സെക്ഷൻ ഓഫീസർ

# അപനിർമ്മിതി

ആത്മനിന്ദയുടെ
ഒരു പകലും മതിയാവില്ല
നിങ്ങൾക്ക്,
ജീവിതത്തെ വിലയിരുത്താൻ
നൊമ്പരങ്ങൾ
ആർക്കുവേണ്ടി കരുതിയോ
അയാൾ/അവൾ
വഴിമാറുമ്പോഴാണ്
സ്നേഹത്തിന്റെ മരുഭൂമി പൂക്കുന്നത്
മൗനമുദ്രിതമായ
നിങ്ങളുടെ
അടയാളങ്ങൾക്ക്
അമാവാസിയുടെ
മേൽവിലാസമാണ്
നമുക്കത്
മിന്നാമിനുങ്ങിന് കൊടുത്തെങ്കിലും
പുതുക്കേണ്ടിയിരിക്കുന്നു.



കെ. ഷൂജ

# നീ ചെയ്യേണ്ടത്......




നിശബ്ദതയെ പുതപ്പിച്ച നെടുവീർപ്പിന്റെ
ചിറകുകൾ കൊഴിഞ്ഞുവീഴുകയാണ്......
ഉടഞ്ഞ ചില്ലുകഷ്ണത്തിന്റെ തുണ്ടുപോലെ
ഓർമ്മകൾ എവിടെയോ മുറിഞ്ഞുപോയിരുന്നു.
എന്നേയും നിന്നേയും ചേർത്തുനിർത്തിയ
ചിന്തകളെ പതിയെ അടർത്തിയെടുക്കുമ്പോൾ
എന്റെ ഹൃദയത്തിന്റെ കൂടൊഴിയുകയാണ്.
ഭാരമില്ലാതെ..........
അപ്പൂപ്പൻതാടി പോലെ

ഞാൻ തനിച്ച്!
തിരക്കില്ലാതെ!
തെളിഞ്ഞ മേഘത്തെപോലെ!

കൂടി നിന്നവരിൽ ഞാൻ നിന്നെ മാത്രം
തിരഞ്ഞുകൊണ്ടേയിരുന്നു......
സ്വപ്നങ്ങൾ വിട്ടൊഴിഞ്ഞ തീരത്ത്
നീ വരുവോളം ഈ കാത്തിരിപ്പ്.......
വേവലാതി മെല്ലെ പടർന്ന് കയറുകയാണ്.
എനിക്ക് നിന്നോട് പറയണം.......
എവിടെയൊക്കെയോ വിട്ടുപോയ
അക്ഷരശകലങ്ങൾ ചിട്ടയോടെ
കൂട്ടിച്ചേർത്തു വായിച്ചെടുക്കാൻ........
വിരലുകൾ മറാൽ തളരാതെ.........
മനസ്സിന്റെ വാതിൽ മെല്ലെ തുറക്കണം
അവിടെ നീയെന്നെ തിരിച്ചറിഞ്ഞാൽ
നീർ പെയ്തിറങ്ങുന്ന മിഴികളെ തഴുകാൻ
എന്റെ വരണ്ട ചുണ്ടുകൾക്കാവില്ല!!!
എങ്കിലും നീ വരണം....!!
എന്റെ പിരിഞ്ഞുപോകലിന്റെ അരികിൽ
എന്നേയും നിറച്ചു നിൽക്കുന്ന നിന്നെ
അവസാനമായി കാണാൻ.

◆



വേണുഗോപാൽ ആർ.

# നക്ഷത്രദൂരങ്ങളിലെ വിസ്മയം

അമേരിക്കൻ ബഹിരാകാശ പര്യവേക്ഷണ കേന്ദ്രമായ നാസയുടെ 1969-ലെ അപ്പോളോ 10 ചാന്ദ്രദൗത്യ ബഹിരാകാശ വാഹനത്തിലെ ശാസ്ത്രജ്ഞനായിരുന്നു തോമസ് പി സ്റ്റാഫോർഡ് (കമാൻഡർ), ജോൺ ഡബ്ലിയു യങ് (കമാൻഡ് മൊഡ്യൂൾ പൈലറ്റ്), യൂജിൻ.എ.സെർനാൻ (ലൂണാർ മൊഡ്യൂൾ പൈലറ്റ്) എന്നിവർ. എട്ടു ദിവസവും മൂന്ന് മിനുട്ടും ഇരുപത്തിമൂന്നു സെക്കന്റും നീണ്ടു നിന്ന ഈ ദൗത്യത്തിന് ശേഷം ഭൂമിയിലേക്കുള്ള മടക്കയാത്രയിൽ ചന്ദ്രന് ചുറ്റുമുള്ള അവസാന പരിക്രമണത്തിനു ശേഷം ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കുതിക്കുന്ന വേളയിൽ അപ്പോളോ 10 വാഹനം ആർജിച്ച പ്രവേഗം മണിക്കൂറിൽ 39,897 കിലോ മീറ്ററായിരുന്നു. ഇതാണ് ഇന്നേവരെയുള്ള ലോകത്തിലെ ഏറ്റവും വേഗതയുള്ള മനുഷ്യസഞ്ചാരം. ഈ പേടകത്തിന്റെ ലൂണാർ മൊഡ്യൂൾ പൈലറ്റായിരുന്ന യൂജിൻ എ. സെർനാൻ ആണ് പിന്നീട് അപ്പോളോ 17 ബഹിരാകാശ ദൗത്യത്തിൽ ഏറ്റവും അവസാനമായി ചന്ദ്രനിൽ ഇറങ്ങിയ മനുഷ്യൻ. എന്നാൽ സൂര്യപര്യവേഷണത്തിനായി മണിക്കൂറിൽ 6,92,000 കിലോമീറ്റർ വേഗതയിൽ ഇപ്പോഴും സഞ്ചാരം തുടരുന്ന Parker Solar Prohe ആണ് ലോകത്തിലെ ഏറ്റവും വേഗതയുള്ള മനുഷ്യരഹിത വാഹനം. ◆



**രഞ്ജിത പി. എസ്.**
**സെക്ഷൻ ഓഫീസർ**

# സൗഹൃദം




സൗഹൃദമൊരു തേൻമഴ
ബാല്യകൗമാരങ്ങളിൽ
പള്ളിക്കൂടമുറ്റങ്ങളിൽ പെയ്തിറങ്ങി
ചിന്തകൾ ചിന്തേരിടും ശിരസ്സിൽ
കാലം വെള്ളി പൂശുമ്പോൾ
കുളിർ മഴയായ് മാറും
ഞാനുമെൻ ബാല്യവും

മറക്കില്ലൊരിക്കലുമാ കളിചിരികളും
ഗുരുനാഥകൾ, സന്യാസികൾ പകർന്നൊരു
ഗുണപാഠങ്ങൾ ജീവിതവീഥിയിൽ തണലായതും,
*നൈർമല്യ-തേജസ്സുകൾ തൻ നറുപുഞ്ചിരിയും

അമലയായ് വിമലയായ് മരിയ ഗൊരേത്തിതൻ
നാമധേയത്തിലുണ്ടൊരു വിദ്യാലയം
ഇതുമാ കുരിശ്ശടി തൻ സമീപേ ഉതശീർഷമായ്
ഭാവഗൗരവമാർന്നു നിൽക്കുന്നു സാഭിമാനം

വീണ്ടുമൊത്തു ചേരുന്നു ഞങ്ങൾ വിശുദ്ധ
മരിയഗൊരേത്തിതൻ പുത്രിമാർ
സെന്റ് ഗൊരേറ്റീസ് 1979.

* സിസ്റ്റർ നൈർമല്യ
സിസ്റ്റർ തേജസ്സ് എന്നീ
ഗുരുനാഥകളെ ഓർക്കുന്നു.



**ദീപക്. എസ്.**
അസിസ്റ്റന്റ്
പ്രസ്സ് റിലേഷൻസ് വിഭാഗം

# വെൺപാൽക്കുളക്കടവത്ത്.....

**കുട്ടിക്കാലത്തെ മറക്കാനാവാത്ത ഒരുദിനം ഇവിടെ നിങ്ങളുമായി പങ്കുവയ്ക്കുന്നു**

അന്നൊക്കെ നന്മയുടെ ആ പാൽക്കുളം സമൃദ്ധമായി നിറഞ്ഞിരുന്നു. നേരിന്റെയും നിഷ്കളങ്കതയുടെയും പ്രതിരൂപമായ ആ വെൺകുളക്കടവിനെ നന്മയാൽ സമൃദ്ധമാക്കാൻ ആകാശങ്ങളിൽ നിന്നും അന്നൊക്കെ സിന്ദൂരമഴ പെയ്തിരുന്നു. ചെത്തിയും വിവിധ വർണ്ണങ്ങളിലുള്ള ചെമ്പരത്തികളും നന്ത്യാർവട്ടവും, ആ വെൺകുളക്കടവത്തെ എന്റെ മുറ്റത്ത്, അപ്പൂപ്പൻ പകർന്നുനൽകിയ പുണ്യാഹവും രുചിച്ചുകൊണ്ട്, കടവുകൾക്കു നാഥയായ ദേവിയുടെ അനുഗ്രഹവും കാത്തു നിൽക്കുന്ന നേരം.. ഒപ്പം വെള്ള, മഞ്ഞ തുടങ്ങി നിറവൈവിധ്യമുള്ള ചിത്രശലഭങ്ങളും ചുവന്ന വാലൻ അരണയും, ഓന്തുകളും കൂട്ടത്തിൽ കുളത്തിലെ മീനുകളെയും മറ്റു ചെറു ജീവികളെയും ഭക്ഷിക്കാനെത്തുന്ന പൊൻമാനുകളും, കൊക്കരണിയും ഒക്കെയുമുണ്ട്.

ആ സമയം ദേവിയെ പള്ളിയുണർത്താനുള്ള തിടുക്കത്തിലായിരിക്കും അമ്പലത്തിലെ തിരുമേനി. അന്നേരം പാൽക്കുളത്തിലെ താമരമൊട്ടുകൾ, നേരമായിട്ടും തങ്ങളെയുണർത്താൻ സൂര്യദേവനെന്തേയിത്ര താമസം എന്നോർത്ത് കിഴക്കുചക്രവാളത്തിലേക്ക് ഓട്ടക്കണ്ണിട്ടു നോക്കുന്നുണ്ടാകും.

നേരം പത്തുവിനാഴികകുടി പിന്നിട്ടു. സൂര്യദേവന്റെ എഴുന്നള്ളത്ത് അറിയിക്കാനെത്തുന്ന സിന്ദൂരമഴയെ നിഷ്പ്രഭമാക്കിക്കൊണ്ട് നാടിന്റെ ദേവിയെയും, താമരമൊട്ടുകളെയും, എന്നെയുമുണർത്താനായി കിഴക്ക് ചക്രവാളത്തിൽ നിന്നും സ്വർണ്ണത്തിരികളുടെ ഒരു ഭണ്ഡാരം തന്നെ വിതറിക്കൊണ്ട് സൂര്യദേവൻ ഉദിച്ചുയർന്നുകാണും. സൂര്യോദയത്തോടെ താമരമൊട്ടുകൾ പാതിമുക്കാലും വിരിഞ്ഞ് ആദ്യമായി തങ്ങളുടെ വരനെക്കണ്ട നാരികളുടെ നാണത്തോടെ സൂര്യദേവനെ വണങ്ങും. അതൊരു പതിവാണ്. ഹായ് എന്തു രസമുള്ള കാഴ്ച

അതാ ക്ഷേത്രത്തിൽ നിന്നും മണിനാദം.....! മണിനാദം മുഴങ്ങിക്കേൾക്കുന്നു. അന്നേരം വീട്ടിലെ സകലരും ക്ഷേത്രത്തിൽ ഉണ്ടാകും. ഞാൻ ഒഴികെ.....! സത്യം പറയണമല്ലോ .......... ഞാൻ ഞാനപ്പോഴും സുഖ സുഷുപ്തിയിലാണേ.......!

............ ന്നാലും സൂര്യ ദേവനും നാടിന്റെ ദേവിയും ആ സമയം അപ്പൂപ്പൻ, അമ്മൂമ്മ, അച്ഛനമ്മമാർ, മാമൻ എന്നവർക്കൊപ്പം എന്നെയും അനുഗ്രഹിക്കും! "ചെറിയ കുട്ട്യല്ലേ പോട്ടെ സാരല്യ......" അങ്ങനെയാണല്ലോ.........?......... പക്ഷെ താമരപ്പൂക്കളും, വീട്ടിലെ ചെത്തിയും ചെമ്പരത്തികളും നന്ത്യാർവട്ടവുമൊക്കെ എന്നെ നോക്കി കളിയാക്കലും അടക്കംപറച്ചിലും ഒക്കെ തുടങ്ങിയിട്ടുണ്ടാവും..........

"ദീപാരാധന കഴിഞ്ഞു....... എനിക്കും ദേവിക്കും മറ്റുഭക്തരെ കാണാൻ നേരമായിട്ടും നീ നീയെന്താ കുട്ടീ ഇങ്ങനെ....... എഴുന്നേൽക്കാൻ ഭാവമില്ലേ?" അന്ന് സൂര്യദേവന്റെ ചോദ്യം കേട്ടിട്ടാകണം ഞാൻ പതിയെ കണ്ണു തുറന്നു........ എനിക്ക് ഓർമ്മ വയ്ക്കുന്ന കാലം........

ഞാനുണർന്നാൽ സാധാരണ അമ്മ പതിവു-ഹോർലിക്സുമായി എന്റെ അടുത്തുതന്നെ ഉണ്ടാകും. കണ്ണും മിഴിച്ചു നിഷ്കളങ്കമായ നോട്ടവുമായി അമ്മയെയും കാത്തു ഞാൻ കിടന്നു. അന്നു നേരമൊത്തിരിയായി അമ്മയെ

കാണുന്നില്ല! അച്ഛനെയും...... ആരെയും കാണുന്നില്ല!

പതിയെയെഴുന്നേറ്റ ഞാൻ ചുറ്റും വട്ടം പിടിച്ചു. എന്തൊക്കെയോ ചില അസാധാരണ ശബ്ദങ്ങൾ. തിരക്കുപിടിച്ചു സംസാരിക്കുന്നതുപോലെ. ശബ്ദങ്ങൾ അപരിചിതം.......! എന്റെ ഉറ്റവരെയും ഉടയവരെയും എങ്ങുംകാണുന്നില്ല........ ഞാൻ "അമ്മേ" യെന്നലറിക്കരഞ്ഞു എന്നിട്ടും ആരെയും കാണുന്നില്ല. ഞാനാകെ ഭയന്നു

എന്റെ അമ്മയെവിടെ? അച്ഛനെവിടെ? അപ്പൂപ്പനും അമ്മൂമ്മയുമെവിടെ! ഞാൻ കരഞ്ഞുതളർന്നു ജനാലയിലൂടെ പുറത്തേക്ക് നോക്കി........ അപരിചിതർ! അപരിചിതരുടെയൊരു കൂട്ടം.......! ഒടുവിൽ ആൾക്കൂട്ടത്തിനിടയിൽ ചില പരിചിത മുഖങ്ങൾ തെളിഞ്ഞു. മുറ്റത്ത് ഒരറ്റത്തായി അച്ഛൻ നിൽപ്പുണ്ട്........ വിളിച്ചാൽ വിളികേൾക്കുന്ന ദൂരത്തല്ല. അച്ഛന്റെയടുത്തായി മാമൻ നിൽപ്പുണ്ട്...... നിർവികാരനായി........ ഞാൻ മാമനെ ഇതിനു മുമ്പങ്ങനെ കണ്ടിട്ടേയില്ല! ഞാൻ തിടുക്കത്തിൽ കിടപ്പുമുറി വിട്ട് പുറത്തേക്കിറങ്ങി.

പതിവുപോലെയല്ല......... വെൺപാൽക്കുളക്കടവത്ത് എന്റെ മുറ്റത്തുമാത്രം എന്തൊക്കെയോ മാറ്റങ്ങൾ. വീട്ടിൽ നടുത്തളത്തിലായി അപ്പൂപ്പൻ മലർന്നുകിടന്നുറങ്ങുന്നു. ചുറ്റിലും അമ്മ, അമ്മൂമ്മ, മാമിമാർ, വല്യമ്മമാർ കൂടാതെ അപരിചിതരായ കുറേ സ്ത്രീകൾ എന്നിവർ ഇരിക്കുന്നു. അമ്മയും അമ്മൂമ്മയും വല്യമ്മമാരും അലമുറയിട്ടുകരയുന്നു! അന്നു മുറ്റത്തു പെരുമഴയായിരുന്നു... ഒരു പന്തലിനടിയിലായാണ് പുറത്തെ ആൾക്കൂട്ടം. അന്നു സൂര്യദേവനുണർന്നു......... അദൃശ്യനായി മേഘക്കെട്ടുകളിലൊളിഞ്ഞുനിൽപ്പുണ്ടാവും. ദേവിയുണർന്നില്ല. സിന്ദൂരമഴയും അന്നുണ്ടായില്ല. മുറ്റത്തെ പന്തൽ കാരണം ആകാശം ദൃശ്യമാകുന്നേയില്ല. ക്ഷേത്രത്തിലെ മണിനാദവും അന്നുണ്ടായില്ല.

എല്ലാം തോന്നലുകൾ മാത്രമായിരുന്നു.... അന്നു പെയ്തതു കലിമഴയായിരുന്നു.

എത്രയായിട്ടും "ഇതെന്താ സംഭവം? ആരൊക്കെയാ വീട്ടിൽ? അപ്പൂപ്പനെന്തേ ഉണരുന്നില്ല? എന്തിനെല്ലാരും കരയുന്നു? അമ്മയെന്താ എന്നെ ശ്രദ്ധിക്കാത്തത്?" ഒരു നൂറു ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉയർന്നു....... ഒടുവിൽ ചിണുങ്ങിക്കരയുന്ന എന്നെ കണ്ടപാടെ അമ്മ വാരിയെടുത്ത് വിതുമ്പിക്കൊണ്ട് മുറിയിൽ കൊണ്ടോയി ചായയും ബിസ്ക്കറ്റും ഒക്കെ തന്നു..... പിന്നെ മറ്റെന്തൊക്കെയോകൂടി......

'ഇന്നെന്താ ഇഡ്ഡലിയും ദോശയും പുട്ടും ഒന്നുമില്ലേ....?' ഞാൻ ആലോചിച്ചു. അമ്മ വിതുമ്പി തീരുന്നില്ല. ഇല്ലെങ്കിൽ ചോദിക്കാമായിരുന്നു.

അച്ഛൻ മാമനെക്കൂട്ടി വീട്ടിനകത്തേക്കു വന്നു. മാമന്റെ മുഖത്ത് അപ്പോഴും ഒരുഭാവവും ഉണ്ടായിരുന്നില്ല. കരയുന്നുണ്ടോ എന്നൊരു നേരിയ സംശയം.... അല്ലെങ്കിൽ അതിനുതൊട്ടുമുൻപത്തെ അവസ്ഥ.

അപ്പോഴും ഒരാൾ മാത്രം പുഞ്ചിരിക്കുന്നുണ്ടായിരുന്നു........ വീട്ടിലെ ഭിത്തിയിലെ ഫോട്ടോയിൽ, അപ്പുറത്തെ ഷേണായ് സാറിന്റെ കാറിൽ ചാരിനിന്നു പുഞ്ചിരി തൂവുകയാണ് ഉണ്ണിമാമൻ! ഉണ്ണി മാമനെ പറ്റി കേട്ടുകേൾവി മത്രമേ എനിക്കുണ്ടായിരുന്നുള്ളു. നേരിൽ കണ്ടിട്ടില്ല.... ചില്ലിട്ട ആ ചിത്രത്തിൽ ഭംഗിയായി ഒരു മാലയിട്ടിട്ടുണ്ട്.

വീട്ടിൽ കരയുകയും കരയുന്നവരെ സമാധാനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന അപരിചിതരെ ഞാൻ സംശയത്തോടെ നോക്കി. മുറ്റത്തെ തിക്കും തിരക്കും തെല്ലൊന്നു വർദ്ധിച്ചു. ചെത്തിയും ചെമ്പരത്തികളും നന്ദ്യാർവട്ടവുമൊന്നും തിരക്കുകാരണം ദൃശ്യമാകുന്നില്ല. അപ്പൂപ്പൻ ഒന്നുചരിഞ്ഞു പോലും കിടക്കുന്നില്ല......! കിടപ്പ് ഇപ്പോഴും മലർന്നുതന്നെ........!

കലിമഴപെയ്യുന്നുണ്ടായിരുന്നു അന്ന്. സൂര്യനുണർന്നെങ്കിലും, താമരമൊട്ടുകളും നാടിന്റെ ദേവിയും ചെമ്പരത്തികളും നന്ദ്യാർവട്ടവും, പൊൻമാനുകളും, കൊക്കരണിയും, അപ്പൂപ്പനും അന്നുണർന്നില്ല. എങ്ങും തിക്കും തിരക്കും ഏങ്ങലുകളും മാത്രം. ഭിത്തിയിൽ നിന്ന് ഉണ്ണിമാമൻ മാത്രം പുഞ്ചിരിച്ചുകൊണ്ടിരുന്നു..........

കടവേത് പാൽക്കുളമേതെന്നു വേർതിരിച്ചു ദൃശ്യമാകാത്ത വിധം കോരിച്ചൊരിയുന്ന കലിമഴ..........!

അപ്പൂപ്പൻ സുഖസുഷുപ്തിയിൽ തന്നെ കിടന്നു. അമ്മൂമ്മ വിളിച്ചാലും വിളികേൾക്കാത്ത വിധം, നിലവിളക്കിനരികിൽ, ചന്ദനത്തിരിയുടെ ഗന്ധവുമാസ്വദിച്ച് എന്നെന്നേക്കുമായുള്ള ഉറക്കം......... വിതുമ്പലുകൾ കേൾക്കാതെ, പാൽക്കുളത്തിന്റെ വെൺമ എന്നെന്നേയ്ക്കുമായി കെടുത്തിക്കൊണ്ട് നേരിന്റെ ആ വെള്ളിവെളിച്ചം വിടവാങ്ങി..........

" താമരമൊട്ടുകളും നാടിന്റെ ദേവിയും ചെമ്പരത്തികളും നന്ദ്യാർവട്ടവും പൊൻമാനുകളും കൊക്കരണിയും ഒക്കെ അപ്പൂപ്പന്റെ വിളി കേട്ടായിരുന്നോ ഉണരാറ്.........?" ഞാനെന്നോടു തന്നെ ചോദിച്ചു.................... ◆

ചെറുകഥ



**പുഷ്പാംഗദൻ. റ്റി.**



# സത്യവും മിത്തും

സ്ഥാപനത്തിന്റെ യശസ്സ് വർദ്ധിപ്പിക്കാനായി വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന ഘോഷയാത്രയിൽ കഴിയാവുന്നത്ര നാടൻ കലാരൂപങ്ങളും പുരാണ കഥാപാത്രങ്ങളും ആനയും അമ്പാരിയും വാദ്യമേളങ്ങളും വേണം എന്ന് യോഗത്തിന്റെ ആരംഭത്തിൽ തന്നെ മാനേജർ അദ്ധ്യക്ഷൻ വിശദീകരിച്ചു. ഘോഷയാത്ര നാടിനെ ഇളക്കിമറിക്കുന്ന ഒന്നാകണമെന്ന് മാനേജർക്ക് നിർബന്ധമാണ്.

ആയിരക്കണക്കിന് ജീവനക്കാർ പണിയെടുക്കുന്ന സ്ഥാപനത്തിൽ കലാകാരൻമാരും കലാകാരികളും ഒരു കലയും വശമില്ലാത്തവരും മറ്റുള്ളവർക്ക് 'വേല' കൊടുക്കുന്നവരുമുണ്ട്.

അദ്ധ്യക്ഷന്റെ ഗംഭീര ശബ്ദം സദസ്സിലാകെ പ്രകമ്പനം കൊണ്ടു: ഘോഷയാത്രയിൽ ഏതാനും ഇനങ്ങൾ അവതരിപ്പിക്കാനുള്ള ആളുകളായിക്കഴിഞ്ഞു. ഇനിയാരാണ് കരടിയുടെ വേഷം ചെയ്യുന്നത്? ചോദ്യം കേട്ടതും ജീവനക്കാരുടെ മുഖത്ത് മ്ലാനത പരന്നു. കരടി ഒരു നികൃഷ്ട

ജീവിയായതുകൊണ്ടൊന്നുമല്ല; അതിനെ അവതരിപ്പിക്കാനും പ്രത്യേകം കഴിവുവേണം. ഒരു നിശബ്ദത എങ്ങും നിറഞ്ഞു നിന്നു!

വിശാഖൻ ചാടിയെണീറ്റ് പറഞ്ഞു: "എനിക്കൊരു റോൾ കിട്ടി - ഹനുമാന്റേത്. കരടിയുടേത് നന്ദനെടുക്കട്ടെ" എന്നു നിർദ്ദേശിച്ചുകൊണ്ട് നന്ദന്റെ മേൽ തന്റെ വെറുപ്പ് ഇപ്രകാരം കോരിയൊഴിച്ചു:

"രൂപം അതിന് യോജിച്ചതാണ്. മുഖം കരടിയുടേതിൽ നിന്നും വിഭിന്നമല്ല. ശരീരം മുഴുവൻ രോമാവൃതം;- മറ്റെന്തു കുറവാണുള്ളത്!

വിശാഖന്റെ ഉള്ളിലിരിപ്പ് നന്ദനു പിടികിട്ടി: 'താനിഷ്ടപ്പെട്ട വേഷമാണല്ലോ വിശാഖന് കൊടുത്തത്. ഹനുമാന്റെ റോൾ തനിക്ക് നന്നായി ചേരുമെന്ന് നാട്ടുകാർതന്നെ എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. എന്നിട്ടും തനിക്കത് തന്നില്ല'- നന്ദനോർത്തു.

നന്ദൻ വിശാഖന്റെ നേർക്കൊരു വിഷംകലർന്ന നോട്ടമെയ്തു. എന്നിട്ട് മനസ്സിലിങ്ങനെ വിചാരപ്പെട്ടു: "ചതിയൻ, എന്നെ കരി പുരട്ടാമെന്നാണവന്റെ വിചാരം!"

കരടിയുടെ വേഷം തനിക്ക് വേണ്ടെന്ന് നന്ദൻ തറപ്പിച്ചു പറഞ്ഞു.

എന്നാപ്പിന്നെ ആരെങ്കിലും ആ റോൾ ഏറ്റെടുക്കണം- മാനേജർ നിർദ്ദേശിച്ചു.

ആ സ്ഥാനം സ്വയം ഏറ്റെടുത്ത് ഒരു മാന്യവ്യക്തി മുന്നോട്ടു വന്നു. പേര് സദാശിവം.

എല്ലാവരും സമ്മതിച്ചു.

യോഗത്തിൽ മറ്റൊരാൾ തന്റെ ഇംഗിതമറിയിച്ചു: "ഞാൻ ശിവന്റെ വേഷം കെട്ടിക്കോളാം..." ഇതുകേട്ട് ഒരാൾ വിചാരപ്പെട്ടതിങ്ങനെയാണ്: "ശരിക്കും അവന് അർദ്ധനാരീശ്വരന്റെ റോളാണ് പറ്റിയത്. അർദ്ധനാരീശ്വരൻ ഒരു മാതൃകാപ്രതീകമാണെങ്കിൽ ആ സ്ഥാനം ഏറ്റടുക്കാൻ വന്ന ഇയാൾ ശരിക്കും ആണും പെണ്ണും കെട്ടവൻ! ആണിന്റെ ശരീരവും പെണ്ണിന്റെ സ്വഭാവവും."

> ആദ്യമാദ്യം താഴ്ന്ന സ്ഥലങ്ങളിൽ വെള്ളം നിറഞ്ഞു. ക്രമേണ ജലനിരപ്പ് ഉയർന്നു തുടങ്ങി. ഏതാനും ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ വീടുകളിൽ വെള്ളം കയറി. വെള്ളം കയറയിപ്പോൾ കോൺക്രീറ്റ് കെട്ടിടങ്ങളിലുള്ളവർ മുകളിലത്തെ നിലയിൽ കയറി.

ശിവന്റെ വേഷമാഗ്രഹിച്ചയാൾക്ക് അതു തന്നെ നൽകി. 'മുഖത്ത് ഉജ്ജ്വലകാന്തിക്കും പ്രഭാപൂരത്തിനും പകരം വിവർണ്ണമുഖവും പൊക്കക്കുറവും.'

തുടർന്ന് സൽസ്വഭാവിയായ ഒരാൾക്ക് നാരദന്റെ റോൾ നൽകി.

സ്ഥാപനത്തിൽ നുണയും ഏഷണിയുമായി നടക്കുന്നതും 'നാരദ' നെന്ന് വിളിപ്പേരുമുള്ള ആൾക്ക് കിട്ടിയത് മുരുകന്റെ വേഷം! മയിൽവേഷത്തിനും മയൂരനൃത്തത്തിനും ജീവനക്കാരിൽ നിന്നുതന്നെ ആളെ കണ്ടു പിടിച്ചു.

ഗണപതിയുടെ വേഷം ഏറ്റെടുത്തയാളെ എല്ലാവരും ഇഷ്ടപ്പെട്ടു. അയാൾക്ക് 'കുമ്പയും ചേറ്റപ്പല്ലുമുണ്ട്. നീളം കൂടിയ മൂക്കിന്റെ അറ്റത്ത് കുറച്ചു കൂടി വച്ചു കെട്ടിയാൽ സാക്ഷാൽ ഗണപതി!.

യോഗം പകുതിയായപ്പോൾ മറ്റ് ജോലികളുണ്ടെന്നും അറിയിച്ച് ചിലർ മുങ്ങി.....

"ഘോഷയാത്രയിൽ ഭദ്രകാളിയുടെ വേഷം ഞാൻ ചെയ്തോളാം" — സുഭദ്ര പറഞ്ഞു.

കൂടെ നിന്ന പത്മ പിറുപിറുത്തു: "വേഷം കെട്ടാതെതന്നെ ഭദ്രകാളിയുടെ ലുക്കുണ്ട്. നാക്കിന്റെ നീളം കൂടി വച്ചു നോക്കിയാൽ സാക്ഷാൽ ഭദ്രകാളി തോറ്റുപോകുകയേയുള്ളൂ.....!"

മാനേജർ കണ്ടിട്ടുള്ള ഘോഷയാത്രയുടെ അറിവുവച്ച് അയാൾ പറഞ്ഞു: "ഘോഷയാത്രയ്ക്ക് സിംഹങ്ങളും പുലികളും നാഗയക്ഷികളും കുതിരകളിയുമൊക്കെ വേണം. ഓരോരുത്തരായി വേഷങ്ങളേറ്റെടുക്കാൻ മുന്നോട്ടു വരണം....."

സാക്ഷാൽ സിംഹരൂപികളായവർതന്നെയാണ് സിംഹങ്ങളുടെ റോൾ ഏറ്റെടുത്തിട്ടുള്ളത്. പുലികളുടെ വേഷം നാലഞ്ചാളുകൾ ഏറ്റെടുത്തു. സിംഹങ്ങളുടെയും പുലികളുടെയും വേഷം ചെയ്യുന്നവർ വലിയ വയറുള്ളവരായിരിക്കണം. അതായത് കുടവയർ! ചായം കൊണ്ട് കുടവയറിൽ മൃഗങ്ങളുടെ മുഖം വരച്ചു ചേർക്കുന്നു. വയറു കിടന്നു കുലുങ്ങുമ്പോൾ സിംഹത്തിന്റെയും പുലിയുടെയും ക്രൗര്യവും ശൗര്യവും ഒത്തു വരണം!

'സിംഹം, പുലി എന്നീ രൂപങ്ങൾ യോജിച്ചവർക്കുതന്നെയാണെന്ന്' ഓരാൾ വിളിച്ചു പറഞ്ഞു. എന്നിട്ട് അയാൾ ഇങ്ങനെ മനോവിചാരം കൊണ്ടു! 'സാക്ഷാൽ സിംഹവും പുലിയും കൊന്നുതിന്നുമെങ്കിൽ, ആ വേഷം ഏറ്റെടുത്തവർ കൊന്നിട്ട്

അതിന്റെ മുകളിൽ കാഷ്ഠിച്ചിട്ട് പോകും..... !''

നാഗയക്ഷിയാവാൻ പലരും മടിച്ചുനിന്നപ്പോൾ ഗൗരി ശാന്ത യുടെ മേൽ ഇങ്ങനെ വിചാരം കോരിയൊഴിച്ചു: 'ശാന്തയ്ക്ക് റോള് ചേരും, യക്ഷിയുടെ രൂപവും സ്വഭാവവുമുള്ളതു കൊണ്ട് കുറച്ച് മേക്കപ്പ് മതി യാകും'. ശാന്തയ്ക്കാണ് വേഷം ചേരുന്നതെങ്കിലും സുമയത് ഏറ്റെടുത്തതിൽ ഗൗരിക്ക് കുണ്ഠിതം തോന്നി........

പശുക്കിടാങ്ങളുടെയും മാൻപേടകളുടെയും മറ്റ് സാധ്യ മായ എല്ലാ രൂപങ്ങളുടെയും റോളുകൾ പലരായി സ്വമനസ്സാ ലെയും അല്ലാതെയും ഏറ്റെടു ത്തു. യോഗം അവസാനിച്ചതായി അദ്ധ്യക്ഷൻ അറിയിക്കുകയും ഈ ഉപദേശം നൽകുകയും ചെയ്തു: "ഒരു കാര്യം കൂടി – ഒരാഴ്ചയെങ്കിലും റിഹേഴ്സൽ വേണം. സ്ഥാപനത്തിന്റെ ഡൈനിംഗ്ഹാളിൽ റിഹേഴ്സൽ ഏർപ്പാടാക്കിയിട്ടുണ്ട്. എല്ലാവരും നാളെ രാവിലെ എട്ടുമണിയ്ക്കു തന്നെ എത്തിച്ചേരണം''.

രണ്ടാഴ്ചയാണ് ഇനി ഘോഷയാത്രക്കുള്ളത്. ഘോഷ യാത്ര സുഗമമായി നടപ്പിൽ വരു ത്തുന്നതിനുള്ള ലീഡർമാരെയും മാനേജർ നിയോഗിച്ചു. അലങ്കാര ത്തിനുവേണ്ടുന്ന എല്ലാ വേഷഭൂ ഷാധികളും ലീഡർമാർ ഏർപ്പാ ടാക്കണം. മറ്റെല്ലാ ക്രമീകരണ ങ്ങളും ഏർപ്പെടുത്താൻ തീരുമാ നിച്ചു.

ദിവസങ്ങൾ വേഗത്തിൽ കടന്നു പോയി. എല്ലാം തയ്യാറാ യിക്കഴിഞ്ഞു. ഘോഷയാത്രാ ദിനത്തിൽ ഉച്ചയ്ക്ക് മൂന്നമണിക്ക് ഗംഭീര വെടിക്കെട്ടോടെയാണ് ആരംഭം. ഘോഷയാത്ര നടത്താ നുള്ള അനുമതിയും അധികൃത രിൽ നിന്നും വാങ്ങി.

ഘോഷയാത്രാദിവസം രാവിലെ തന്നെ മുൻനിശ്ചയപ്ര കാരം എല്ലാവരും മേക്കപ്പിനെ ത്തി. തകൃതിയായി വേഷംകെ ട്ടൽ നടന്നു........

പുറത്ത് മഴ ചാറുന്നുണ്ടായി രുന്നു. മഴ കനക്കാത്തതിനാലും സമയമാകുമ്പോൾ ചാറ്റൽ മഴ മാറികിട്ടുമെന്നുമുള്ള പ്രതീക്ഷ യിൽ വേഷമണിയലും മറ്റു സന്നാഹങ്ങളും സജ്ജമായി.

ഭദ്രകാളീദേവി ഉഗ്രരൂപി യായ സാക്ഷാൽ ദേവിയായി കാണപ്പെട്ടു. നാരദനും നാഗയ ക്ഷിയും ഭൂമിയിൽ പ്രത്യക്ഷപ്പെട്ട ദൈവങ്ങളായി. വേലും പിടിച്ച് മുരുകൻ നിൽക്കുന്നതുകണ്ടാൽ ഭീമനെ ആക്രമിക്കാൻ ജരാസന്ധൻ മരവും പിഴുതു നിൽക്കുന്നത് ഓർമ്മ വരും.... ഇതുപോലെ മറ്റെല്ലാ വേഷ ക്കാരും അവരവരുടെ റോൾ ഭംഗിയായി നിർവ്വഹിക്കാൻ തയ്യാറായി നിന്നു.

ഈ സമയം മഴത്തുള്ളി കൾക്ക് കനം വച്ചുതുടങ്ങി. ആകാശം കൂടുതൽ കൂടുതൽ ഇരുണ്ടു. എല്ലാം നിമിഷം കൊണ്ടുതന്നെ സംഭവിച്ചു! മണി ക്കൂറുകൾ നീണ്ട മേഘ വിസ്ഫോടനം! സ്ഥലവാസികൾ പേടിച്ചരണ്ട് ഓടിയൊളിക്കാൻ തുടങ്ങി.

ആദ്യമാദ്യം താഴ്ന്ന സ്ഥല ങ്ങളിൽ വെള്ളം നിറഞ്ഞു. ക്രമേണ ജലനിരപ്പ് ഉയർന്നു തുടങ്ങി. ഏതാനും ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ വീടുക ളിൽ വെള്ളം കയറി. വെള്ളം കയറയിപ്പോൾ കോൺക്രീറ്റ് കെട്ടിടങ്ങളിലുള്ളവർ മുകളി ലത്തെ നിലയിൽ കയറി. വെള്ളം മുകളിലത്തെ നിലയിൽ എത്തിയപ്പോൾ അതിനു മുക ളിൽ നിലയിലുള്ളവർ ആ നില യിൽ അഭയം പ്രാപിച്ചു. ചിലർ ടെറസ്സിനു മുകളിൽ പേടിച്ചിരു ന്നു. മറ്റു ചിലർ മരങ്ങളിൽ കയ റിപ്പറ്റി. എങ്ങും അലർച്ചയും നിലവിളിയും കേൾക്കാം.....

ആദ്യം രക്ഷാപ്രവർത്തിനെ ത്തിയത് നാട്ടുകാർ തന്നെയായി രുന്നു. നീന്തൽ വശമുള്ളവരും വള്ളം തുഴയാനറിയുന്നവരും രക്ഷാപ്രവർത്തനത്തിൽ മുന്നിട്ടു നിന്നു. നമ്മുടെ ഘോഷയാത്ര ക്കാരും ആളുകളെ രക്ഷപ്പെടു ത്താനായി വെള്ളത്തിൽ ചാടി.

വിഷാദമൂകരായി നിന്നിരുന്ന നൂറുകണക്കിന് ഘോഷയാത്രക്കാർ ആശങ്ക യോടെ പരസ്പരം നോക്കി പിറു പിറുത്തു. ഒരാളുടെ പ്രതിക രണം ഇങ്ങനെ: ''നമ്മുടെ വിക സന സങ്കൽപ്പമാണ് വെള്ളപ്പൊ ക്കത്തിനു കാരണം''

മറ്റൊരാൾ: ''പാറമടകളും മണലൂറ്റുമാണ് കുന്നുകളിടി യാനും ഉരുൾപൊട്ടാനും കാരണം''

മൂന്നാമതൊരാൾ : "പരി സ്ഥിതി നിയമം മാത്രം പോരാ, പാലിക്കണം....."

ശിവനായി വേഷം കെട്ടിയ ആളുടെ വാക്കുകൾ ഇങ്ങനെയാ യിരുന്നു: ''പ്രകൃതിക്കെതിരെ കാലങ്ങളായി നടന്നുവരുന്ന നിരന്തരമായ ചൂഷണമാണ് ഈ വെള്ളപ്പൊക്കത്തിനു കാരണം''.

നാരദനെന്നു അപരനാമ മുള്ള ഒരാൾ ആദ്യമായി ഒരു തത്വം പറഞ്ഞു: ''ആർത്തലച്ചെ ത്തിയ പെരുവെള്ളത്തെ ഉൾക്കൊള്ളാൻ വയലുകളും കുള ങ്ങളുമൊന്നും ഇപ്പോൾ ഇല്ലല്ലോ.......''

ഇത്തരം അഭിപ്രായപ്രകടന ങ്ങൾക്ക് വിരാമമിടാൻ മാനേജർ തന്നെ ഇടപെട്ടു: ''എല്ലാരും പറ ഞ്ഞതും വെള്ളപ്പൊക്കത്തിനു കാരണമായിട്ടുണ്ട്. സ്വാർത്ഥത മനുഷ്യനെ നശിപ്പിച്ചുകൊണ്ടിരി ക്കുന്നു! ഒരർത്ഥത്തിൽ നമ്മുടെ ഘോഷയാത്രതന്നെ ആവശ്യമു ള്ളതായിരുന്നോ?''

മാനേജർ ഒരു തീരുമാനമെ ടുത്തു: ''നമ്മുടെ സ്ഥാപന ത്തിനിനി ഘോഷയാത്ര വേണ്ട!''

◆

കവിത

# പൊന്നോണം



എം. വിനോദ് ചെറായി




ആവണി നിലാവുപോലമ്മ!
തൊടിയിലും മുറ്റത്തുമകത്തളങ്ങളിലും
മന്ദസ്മിതം തൂകി കടന്നു പോയി-
മുഴുകീടുമോരോരോവേലകളിൽ!

ആതിരപ്പെണ്ണിൻ പൂക്കൂടനിറയെ
ചെത്തിയും തുമ്പയും മുക്കുറ്റിയും
നിറച്ച് ഓണമെങ്ങു നിന്നോ
വീണ്ടും വിരുന്നിനെത്തി.

പാടവരമ്പത്തെ പുൽപ്പരപ്പിൽ
കുട്ടനും കൊച്ചനുജത്തിയും കൂട്ടരും
പൂക്കളിറുത്തു നടക്കുന്നു,
അയലത്തെ കുട്ടികൾ ആർപ്പൂവിളികളുമായ്
തങ്ങളിൽ തങ്ങളിൽ മത്സരിച്ചീടുന്നു!

ചിങ്ങനിലാവുമെഴുകിയ മുറ്റത്ത്
ചേലൊത്തൊരു പൂക്കളം തീർക്കുന്നു
നീലാംബര വീഥിയിലൊരിടത്തിങ്കൽ
കാളമേഘങ്ങൾ കൊമ്പുകോർത്തിടുന്നു.

ശീമചേമ്പിന്റെ താളൊന്നടർത്തി
പൂക്കളം ചേമ്പില വച്ചു മറച്ചിടുന്നു.

അത്തം കറുത്തു മഴ കനത്തു,
മുറ്റം നിറയെ മഴവെള്ളം,
പൂക്കളം ചേമ്പിലത്തോണിയിലേറി-
യലഞ്ഞുതിരിയുന്നതു കാൺകേ
കുട്ടനുംകൊച്ചനുജത്തിയും
ദു:ഖങ്ങൾ തങ്ങളിൽ പങ്കുവെച്ചൂ!

ഓർമതൻ മണിച്ചെപ്പിലമ്മ കാത്തു സൂക്ഷിച്ച
ഈ ബാല്യദൃശ്യങ്ങളോരോന്നും
അമ്മതൻ ഏകാന്ത നിമിഷങ്ങളെ,
ഊഞ്ഞാലിലേറ്റിത്താലോലിപ്പൂ.

ഘോഷങ്ങളൊന്നിനു പിന്നാലെ
മറ്റൊന്നു വന്നു പടിയിറങ്ങി
കുട്ടനും കൊച്ചനുജത്തിയും,
ഏറെ വളർന്നോരോ ദിക്കിൽ കുടിയേറി,
ഇരുവരും മാറിമാറി വിളിച്ചീടിലും
അച്ചനുറങ്ങുന്ന മണ്ണുവിട്ടമ്മയെങ്ങും പോയതില്ല!

വാത്സല്യത്തൂശനിലയിൽ
പുഞ്ചിരിച്ചോറും
കൊച്ചുദുഃഖങ്ങൾതൻതൊടുകറികളുമായി-
ഉമ്മറക്കോലായിൽ,
ഉണ്ണികളെത്തുന്നതും കാത്ത്-
മിഴിനട്ടിരിപ്പാണമ്മ!

◆



**വിക്രമൻ സി**
ബൈൻഡർ




# ക്രൂരതയുടെ പുതിയ മാനങ്ങൾ തേടുന്ന കേരളം

സംസ്ക്കാരം, വിദ്യാഭ്യാസം, ജീവിതമൂല്യങ്ങൾ എന്നീ അടിസ്ഥാന ഘടകങ്ങളിൽ കേരളീയരായ നാം മറ്റ് സമൂഹങ്ങൾക്ക് പലപ്പോഴും മാതൃകയാണ്. എന്നാൽ പുതിയ കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ ഹൃദയഭേദകമായ പല കാഴ്ചകൾക്കും നാം മൂകസാക്ഷികളായി ത്തീർന്നു കൊണ്ടിരിക്കുകയാണ്. ക്രൂരതകളുടെ പര്യായമായി മാറിക്കൊണ്ടിരിക്കുന്ന കേരള സമൂഹം! ഞെട്ടിപ്പിക്കുന്നതും, അറപ്പുളവാക്കുന്നതുമായ തരത്തിലുള്ള ശാരീരിക, മാനസിക പീഡനങ്ങളിലൂടെ വ്യക്തിത്വങ്ങളെ ഉന്മൂലനം ചെയ്യുകയും, അപമാനിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ നാം ദിനംപ്രതി കേൾക്കുകയും കാണുകയും ചെയ്യുന്നു. സമപ്രായക്കാർ പരസ്പരം ജീവനെടുക്കുന്ന അവസ്ഥ വളരെ നിഷ്ഠൂരമാണ്. പ്രകൃതി തന്നെ തലകുനിച്ചു പോകുന്ന തരത്തിലുള്ള പീഡന ശൈലികളാണ് പല കോണുകളിൽ നിന്നും നാം ശ്രവിച്ചു കൊണ്ടിരിക്കുന്നത്. 'ഭീകരർ' എന്ന് ലോകം മുദ്രകുത്തിയിട്ടുള്ള വ്യക്തികൾ, മനുഷ്യസമൂഹത്തെ ഉന്മൂലനം ചെയ്യുവാൻ സ്വീകരിക്കുന്ന നടപടികളെക്കാൾ വളരെ പൈശാചികമായി കൊല ചെയ്യപ്പെടുന്നത്, വ്യക്തികളുടെ അന്തസ്സിനെ സംരക്ഷിക്കുന്ന ഘടകമായി മാറ്റുന്ന പ്രവണത കൂടുകയാണ്. ഇതിനെ നാം ദുരഭിമാനകൊലയെന്നും, വ്യക്തിത്വ വിജയമെന്നും, സംഘടനകളുടെ ആത്മവീര്യത്തെ ഉയർത്തുന്ന പ്രവൃത്തികളെന്നും സംബോധന ചെയ്ത് ഊറ്റം കൊള്ളുന്നു. മലയാളികളുടെ മനസ്സിന്റെ വികലതയെയാണ് ഇത്തരത്തിൽ നമുക്ക് ദർശിക്കുവാൻ കഴിയുന്നത്.

ഇത്തരം വികലമായ ചിന്തകളും, പ്രവർത്തനങ്ങളും നമ്മുടെ സമൂഹം സ്വായത്തമാക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. രണ്ട് വ്യക്തികൾ/സംഘടനകൾ തമ്മിലുള്ള ആശയപരമായ വ്യത്യാസങ്ങളെ ആശയപരമായി നേരിടാമെന്നിരിക്കെ, അതിനുള്ള ത്രാണി നഷ്ടപ്പെടുമ്പോൾ ഒരു വ്യക്തിയുടെ മനസ്സിൽ പകയുടെ അണുക്കൾ ഉത്പാദിപ്പിക്കപ്പെടുന്നത്. ഇത്തരം അണുക്കൾ പെറ്റുപെരുകി ശരീരത്തെ കീഴ

> രണ്ട് വ്യക്തികൾ/സംഘടനകൾ തമ്മിലുള്ള ആശയപരമായ വ്യത്യാസങ്ങളെ ആശയപരമായി നേരിടാമെന്നിരിക്കെ അതിനുള്ള ത്രാണി നഷ്ടപ്പെടുമ്പോഴാണ് ഒരു വ്യക്തിയുടെ മനസ്സിൽ പകയുടെ അണുക്കൾ ഉത്പാദിപ്പിക്കപ്പെടുന്നത്.

ടക്കുമ്പോഴുണ്ടാകുന്ന വൈകാരിക പ്രകടനങ്ങളാണ് മറ്റുള്ളവരുടെ ജീവനെടുക്കുന്നതിനും ബലാത്ക്കാരത്തിലൂടെ അപമാനിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മുടെ കേരളത്തിൽ വർദ്ധിച്ചുവരുന്നു എന്നത് നാം വളരെ ഗൗരവതരമായി ചിന്തിക്കേണ്ട കാര്യമാണ്. അയൽക്കാരന്റെ വീട്ടിൽ ഇന്ന് നടക്കുന്ന സംഭവങ്ങൾ നമ്മുടെ വീട്ടിലും വന്നുകൂടായ്കയില്ല. കാരണം മലയാളി എന്നും അനുകരണശീലത്തിന് പിന്നാലെ പായുന്നവരാണെന്നത് നഗ്നമായ സത്യമാണ്. താത്ക്കാലികമായ സുഖസൗകര്യങ്ങളുടെ പിറകെ പോകുന്നതിന് തടസ്സമായി നിൽക്കുന്ന ഏതിനേയും (താൻ ജന്മം കൊടുത്ത കുഞ്ഞിനെപ്പോലും) അതിക്രൂരമായി ശാരീരിക/മാനസിക പീഡനത്തിലൂടെ കൊലചെയ്യപ്പെടുമ്പോൾ/പിച്ചിച്ചീന്തപ്പെടുമ്പോൾ മനുഷ്യ മന:സ്സാക്ഷി യെ തകർക്കുന്ന തരത്തിൽ നമ്മുടെ രക്തബന്ധങ്ങൾ അറ്റുപോകുകയാണെന്ന ബോധ്യം ഇത്തരക്കാർക്ക് ഉണ്ടാകാത്തതിന്റെ മുഖ്യകാരണം, ബന്ധങ്ങളെക്കാൾ താത്ക്കാലിക സുഖസൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതുകൊണ്ടുതന്നെയാണെന്നത് സമ്മതിക്കേണ്ടതായി വരുന്നു. മാംസളഹൃദയത്തിന് ഉടമകളായിരിക്കുന്ന മനുഷ്യർ ചില സന്ദർഭങ്ങളിൽ വജ്രത്തേക്കാൾ കാഠിന്യമേറിയ ഹൃദയങ്ങൾക്കുടമകളായി മാറുമ്പോഴാണ് ഇത്തരം ക്രൂരതകൾ വർദ്ധിക്കുന്നത്.

'വഴി തിരിച്ചറിയുന്നത് വിവേകിയുടെ വിവേകം
ചതിക്കുന്നതോ ഭോഷന്മാരുടെ ഭോഷത്വം'.

ഇത്തരം നല്ല ചിന്തയിലധിഷ്ഠിതമായ ജീവിതശൈലിയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

പ്രശോഭിതമാകേണ്ട യുവത്വം അന്ധകാരത്തിന്റെ പിടിയിൽ അമർന്ന് സ്വയമേവ നാശോന്മുഖമാക്കിത്തീർക്കുന്ന പ്രവണത ഏറിവരികയാണ്. യുവത്വത്തിന്റെ പ്രസരിപ്പോടെ, ഉത്സാഹഭരിതരായി കുടുംബത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിന്റെ വളർച്ചയ്ക്കും വേണ്ടി പ്രയത്നിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ട നമ്മുടെ യൗവ്വനക്കാരുടെ സഞ്ചാരപഥം ഏത് ദിക്കിലേക്കാണ് എന്നത് സൂക്ഷ്മതയോടെ വീക്ഷിക്കേണ്ടതാണ്.

ഈ ലോകത്തിന്റെ മായാ കാഴ്ചകൾക്കും, മോഹവലയങ്ങൾക്കും അടിമകളായി സ്വജീവിതത്തെ ക്ഷണികമാക്കുന്ന/ദുരിതപൂർണ്ണമാക്കുന്ന അനേകരായ യുവരത്നങ്ങൾ ഇന്ന് സമൂഹത്തിൽ ജീവിക്കുന്നുണ്ട്. അവർ സ്വയം പ്രകാശിക്കേണ്ടവരും, സമൂഹത്തിന് വെളിച്ചം പകർന്ന് നൽകേണ്ടവരുമാണ്. യുവത്വമാകുന്ന പ്രകാശത്തിന്മേൽ പലതരത്തിലുള്ള ആസ്തികളാകുന്ന (മദ്യം, മയക്കുമരുന്ന്, മോഹം) ഇരുട്ടിന്റെ അതിപ്രസരം അവരുടെ ജീവിതങ്ങളെ അന്ധകാരത്തിന്റെ അഗാധ തലങ്ങളിലേക്ക് താഴ്ത്തിക്കളയുകയാണ്. നമ്മുടെ ശരീരത്തിനും ആത്മാവിനും ഉന്മാദം നൽകുന്ന ഇത്തരം അന്ധകാരത്തിന്റെ അനുഭവങ്ങളെ പ്രാരംഭത്തിൽ തന്നെ 'വേണ്ട' എന്ന് ഖണ്ഡിതമായി തീരുമാനിക്കുവാൻ യുവസഹോദരങ്ങളെ പ്രാപ്തിയിലെത്തിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. വിവേകപൂർണ്ണമായ ജ്ഞാനം സ്വായത്തമാക്കുവാൻ നമ്മുടെ യുവത്വങ്ങൾക്ക് കഴിയണം.

മക്കളുടെ വളർച്ചയ്ക്കനുസൃതമായി ലോകത്തിലെ ശരിയും, തെറ്റും അവരുടെ മനസ്സിന്റെ ആഴങ്ങളിൽ നിക്ഷേപിക്കേണ്ട പ്രാരംഭനടപടികൾ ഭവനങ്ങളിൽ നിന്നാണ് ആരംഭിക്കേണ്ടത്. സഹജീവികളുടെ വേദന തന്റെ വേദനയാണെന്നും, അവരുടെ നഷ്ടം എന്റെയും നഷ്ടമാണെന്നും ഉള്ള ബോധ്യം യുവഹൃദയങ്ങളിൽ രൂഢമൂലമാകണം. ഇത്തരം ജീവിതശൈലികളിലൂടെ മറ്റുള്ളവരുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന തരത്തിലുള്ള വാക്കുകൾ, ശരീരത്തെ മുറിപ്പെടുത്തുന്നതരത്തിലുള്ള ഇടപെടലുകൾ എന്റെ ജീവിതത്തിൽ ഉണ്ടാകില്ലെന്നുള്ള നിശ്ചയദാർഢ്യം ഓരോ യുവാക്കളിലും വളർന്നുവരേണ്ടതുണ്ട്. 'ക്രൈംത്രില്ലർ' എന്ന ഓമനപ്പേരുള്ള സിനിമകളും, അനുബന്ധ ദൃശ്യങ്ങളും നിരന്തരമായി വീക്ഷിക്കുന്ന വ്യക്തിത്വങ്ങൾ, തങ്ങളുടെ ജീവിതത്തെ ഇത്തരം കഥാപാത്രങ്ങൾക്കനുസൃതമായി തിന്മപ്രവൃത്തികളിലൂടെ അനുകരിക്കുവാൻ ശ്രമിക്കുമ്പോഴാണ് അവൻ/അവൾ നിയമത്തിന് മുമ്പിൽ കുറ്റക്കാരായിത്തീരുന്നത്. ഈ ലോകത്തിലെ നന്മ-തിന്മ-കൾ വിവേകപൂർവ്വം തിരിച്ചറിയാനുള്ള പ്രാപ്തി വ്യക്തിജീവിതത്തിൽ പൂർണ്ണമായും അനുഭവവേദ്യമാക്കേണ്ടത് പ്രധാന ഘടകമാണ്. 'സ്നേഹം' എന്ന വാക്കിന്റെ അർത്ഥതലങ്ങൾ ഗ്രഹിക്കാതെ സ്നേഹിക്കേണ്ടവരെ നിഗ്രഹിക്കുന്നതിൽ സന്തോഷവും സമാധാനവും കണ്ടെത്തുന്ന വ്യക്തിത്വങ്ങളായി മാറുന്ന ഒരു സമൂഹത്തെയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുക! അഷ്ടചിന്താ ഗതിക്കാരുടെ ആലോചനകളെ നിരസിക്കുകയും, തിന്മയുടെ വഴികളിലൂടെ സഞ്ചരിക്കാതെയും, നിഷ്കളങ്ക ജീവിതത്തിന് ഉടമകളായി ഈ ലോകത്തിന് വെളിച്ചം നൽകുവാൻ പ്രാപ്തിയുള്ളവരായി ഓരോ വ്യക്തിത്വങ്ങളിലും രൂപാന്തരം സംഭവിക്കുമ്പോൾ നമ്മുടെ സമൂഹം സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, സാഹോദര്യത്തിന്റെയും ഈറ്റില്ലമായി മാറുന്നത് നമുക്ക് അനുഭവിക്കാൻ കഴിയും.

◆

ചെറുകഥ



# പ്രിയ അദ്ധ്യാപകൻ



**എൽ. രാധാകൃഷ്ണൻ**

സമയമൽപ്പം വൈകിയാണ് ട്രെയിൻ സ്റ്റേഷനിലെത്തിയത്. രണ്ടാംശനിയാഴ്ചയ്ക്കു ശേഷമുള്ള തിങ്കളാഴ്ചയായതിനാൽ നല്ല തിരക്ക്. പോരാതെ അവധിക്കാലവും. ഇറങ്ങാൻ ആളുകൾ അധികമില്ലാതാനും. ചൂടിന്റെ കാഠിന്യം എത്രയേറിയിട്ടും കുടുംബങ്ങൾ മൃഗശാലയും പ്ലാനറ്റോറിയവുമൊക്കെ കാണാൻ കുട്ടികളെയും കൊണ്ട് തലസ്ഥാനത്തേയ്ക്ക് യാത്രതിരിച്ചിരിക്കുന്നു, അന്തരീക്ഷതാപനില ഒട്ടും ബാധിക്കാത്തമട്ടിൽ കുസൃതിക്കുരുന്നുകൾ.

നിർത്തിയ ട്രെയിനിൽ ഒരു വിധം കടന്നുകൂടി. അങ്ങോളം നിൽക്കേണ്ടിവരുമെന്നുറപ്പായിരുന്നു. പ്ലാറ്റ്ഫോമിൽ നിന്നു ട്രെയിൻ നീങ്ങിത്തുടങ്ങുമ്പോഴും വാതിൽക്കൽ നിൽക്കുന്നവരെ ഈർച്ചയോടെ നോക്കിക്കൊണ്ട് പിന്നെയും ചിലർ ചാടിക്കയറുന്നുണ്ട്. ട്രെയിൻ എറണാകുളത്തെത്തുമ്പോൾത്തന്നെ യാത്രക്കാരാൽ കംപാർട്ട്മെന്റ് നിറഞ്ഞിരുന്നു. കൂടിനിന്നവരിൽ ആരോ അറിയിപ്പുകൊടുക്കുന്നു. ഇരിക്കാൻ സീറ്റ് കിട്ടില്ലെന്ന് കണിശമായറിയാമായിരുന്നെങ്കിലും കണ്ണുകൾ ചുറ്റും പരതി. കയറിക്കൂടിയതും നിൽക്കാൻ സാധിച്ചതും ഭാഗ്യമെന്നേ പറയേണ്ടൂ. ബാഗ് വയ്ക്കാൻ സ്ഥലം കിട്ടിയതിൽ തെല്ലല്ല ആശ്വാസം തോന്നിയത്. കൂട്ടമായി വീണ്ടും പുറകിലൂടെയും മുന്നിലൂടെയും യാത്രക്കാർ വരുന്നുണ്ട്. ഇവരൊക്കെ എങ്ങോട്ടുപോകുന്നു. ഒരു വിധം ഒരു സീറ്റിന്നരികിൽ ചാരിനിന്നു. തൂവെള്ള ഷർട്ടും മുണ്ടും ധരിച്ച് മുടിയും മീശയും നരച്ച വന്ദ്യവയോധികനാണ് തൊട്ടടുത്ത സീറ്റിലിരിക്കുന്നത്. തലതാഴ്ത്തിക്കൊണ്ടുള്ള ഇരിപ്പു

കണ്ടാലറിയാം നല്ല മയത്തിലാണ്. പോക്കറ്റിൽ നിന്നും മൊബൈൽ എടുത്ത് ഓൺ ചെയ്തു നോക്കി. ട്രെയിൻ നീങ്ങിത്തുടങ്ങിയതുകൊണ്ട് നെറ്റ് കിട്ടുന്നില്ല. തിരികെ പോക്കറ്റിൽ വച്ചു.

അമ്പലപ്പുഴ സ്റ്റേഷൻ അടുക്കാറായപ്പോൾ മയങ്ങിക്കൊണ്ടിരുന്ന കാരണവർ തല പൊക്കി ചോദിച്ചു എവിടെയെത്തി? അമ്പലപ്പുഴ ആകുന്നു. എവിടെ ഇറങ്ങാനാണ്? അങ്ങോട്ടു തിരക്കി.

കായംകുളത്ത്.

ഓ ഇനിയും സമയമുണ്ട്. അമ്പലപ്പുഴ, ഹരിപ്പാട് അതുകഴിഞ്ഞാണ് കായംകുളം.

എത്ര സമയം എടുക്കും - വീണ്ടും അദ്ദേഹം.

ഏകദേശം നാൽപ്പതു മിനിറ്റുകൊണ്ടെത്തും

എവിടുന്നാണ് എന്നു ചോദിക്കുംമുമ്പേ കാരണവർ വാചാലനായിത്തുടങ്ങി.

എറണാകുളത്തൂന്നാ. അടൂർക്ക് പോകുകയാണ്. ഞാൻ മാത്രമല്ല, രണ്ടുപേർ കൂടി ഉണ്ട്. മുന്നിലെ സീറ്റുകളിലിരുന്നവരെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. ആളൊരു സംസാരപ്രിയനാണെന്നു ഭാഷ്യത്തിലൂടെ മനസ്സിലായി. പറ്റിയ ചങ്ങാതി തന്നെ.

എവിടെ പോകാനാ? തിരുവനന്തപുരത്തേയ്ക്ക്.

ഓ അവിടാണോ ജോലി.

അതെ

ഇന്ന് താമസിച്ചൂല്ലോ ട്രെയിൻNN

അതെ, ഒരൽപ്പം. മറുപടിക്കു കാത്തുനിൽക്കാതെ അദ്ദേഹം തുടർന്നു. എറണാകുളത്തെത്തിയപ്പോൾ തന്നെ വൈകിയിരുന്നു. എവിടെയാണു ജോലി? വീണ്ടും ചോദ്യം.

മറുപടി കേട്ടപ്പോൾ അതിശയത്തോടെ മൊഴിഞ്ഞു. ഓ, നിങ്ങൾ ഭാഗ്യവാൻ. ഞങ്ങൾക്കൊക്കെ അത് പുറത്തു

> പത്തുനാൽപ്പതു വർഷങ്ങൾക്കുശേഷം പഠിപ്പിച്ച ആരാധ്യനായ അദ്ധ്യാപകനെ കണ്ടുമുട്ടുക. മറക്കാനാവാത്ത ദിനം. പറഞ്ഞറിയിക്കാനാവാത്ത ആത്മനിർവൃതി. കഥകളിലും സിനിമകളിലും കാണാറുള്ള സന്ദർഭം. സ്വപ്നമല്ലാത്ത നാടകീയ നിമിഷങ്ങൾ.

നിന്നു കാണാനേ സാധിക്കൂ. പിന്നെ ചറപറാന്ന് സംസാരം. ഓഫീസ് കാര്യത്തെക്കുറിച്ചും ട്രെയിൻ യാത്രയെക്കുറിച്ചും കുറെ ചോദിച്ചറിയാനുള്ളതുപോലെ. ഒരു പെൻഷൻ സംഘടനയിലെ ഭാരവാഹികളത്രേ പൂള്ളിക്കാരനടക്കം മറ്റു രണ്ടാളും. മീറ്റിംഗുമായി ബന്ധപ്പെട്ട് അടൂർക്ക് പോവുകയാണ്. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ യാത്ര പതിവാണുപോലും. അദ്ദേഹം കൂട്ടിച്ചേർത്തു.

പള്ളുരുത്തിയാണ് വീട്. അവിടെനിന്നും തോപ്പുംപടി ചെന്ന് ബസ്സിനു വരുന്നതാണെളുപ്പമെങ്കിലും യാത്രാ ദുരിതം ആലോചിച്ചും വിശിഷ്യാ തിങ്കളാഴ്ചയായതിനാൽ സീറ്റു കിട്ടാൻ ബുദ്ധിമുട്ടാകുമെന്നറിയാമായിരുന്നതിനാലും എറണാകുളം വരെ പോയി ട്രെയിനു വരാൻ തീരുമാനിച്ചു. ബ്രേക്ക്ഫാസ്റ്റും മറ്റു കാര്യങ്ങളും സംഘടനയുമായി ബന്ധപ്പെട്ടവർ ശരിയാക്കിയിട്ടുണ്ട്. അന്വേഷിക്കാതെ ഇത്രയും ഒരൊറ്റ ശ്വാസത്തിൽ അദ്ദേഹം പറഞ്ഞുനിർത്തി.

കായംകുളത്തെത്താൻ എത്ര സമയമെടുക്കുമെന്നാരാഞ്ഞപ്പോൾ ട്രെയിൻ വഴിയിലെവിടെയെങ്കിലും പിടിക്കാതിരിന്നാൽ ഹരിപ്പാടുന്ന് ഏതാണ്ട് പത്തുപതിനഞ്ചു മിനിറ്റു മതിയെന്നും കൃത്യസമയത്തിനെത്തുമെന്നും വഴിയിൽ ട്രെയിൻ പിടിച്ചാൽ വീണ്ടും താമസിക്കുമെന്നും അറിയിച്ചു. എന്തെങ്കിലും കാരണവശാൽ താമസിച്ചുപോയാൽ തന്നോട് നീരസം തോന്നരുതല്ലോയെന്നു കരുതി മുൻകൂർ ജാമ്യമെടുക്കുകയായിരുന്നു. അനിഷ്ടം തെല്ലും പ്രദർശിപ്പിക്കുന്നില്ല താനെന്നറിഞ്ഞപ്പോൾ ഫുൾസ്റ്റോപ്പില്ലാതെ സംസാരിക്കാൻ ഒരു മടിയും കാണിച്ചില്ല പുള്ളിക്കാരൻ. കായംകുളം ഔട്ടറിലെത്തിയപ്പോൾ തന്നോട് ഒരു കുഞ്ഞു സഹായം അഭ്യർത്ഥിച്ചു.

എന്താണ് സഹായം?

മുകളിൽ വച്ചിരിക്കുന്ന ആ കറുത്ത ബാഗൊന്നെടുത്തു തരാമോ

ഇതാണോ സഹായം വണ്ടി സ്റ്റേഷൻ എത്തിക്കോട്ടെ എടുത്തുകൊടുക്കാമെന്നു താനേറ്റു.

എനിക്ക് സന്തോഷം. ആ ഇഷ്ടത്തിനു കാരണം ചോദിക്കാതെതന്നെ അദ്ദേഹം പറഞ്ഞു. ചിലരൊക്കെ ഒരു സഹായമപേക്ഷിക്കുമ്പോൾ ഈഗോ കാണിക്കുമത്രെ.

ഒരു ബാഗെടുത്തുകൊടുക്കുന്നതിൽ എന്തിന് ഈഗോ, തനിക്ക് സംശയം തോന്നി.

ഓ ഇക്കാലത്ത് എന്തിനുമേതിനും എല്ലാവർക്കും ഈഗോയാണ്.

പച്ച മനുഷ്യനായി ജിവിക്കുന്നതിലല്ലേ സന്തോഷവും സംതൃപ്തിയും.

തന്റെ സംശയം തീർന്നില്ല.

അതെ പക്ഷെ പലർക്കുമതറിയില്ല. കാരണവർ പറഞ്ഞു.

താൻ ബാഗെടുത്തു തരാമെന്നേറ്റതും സീറ്റിൽനിന്നെഴുന്നേൽക്കുകയായിരുന്ന അദ്ദേഹം അതേ വേഗത്തിൽ തിരിച്ച് സീറ്റി

ലിരുന്നു. കൊച്ചിയിലൊരു സ്കൂളിൽ അദ്ധ്യാപകനായിരുന്നു എന്ന കാര്യം കൂടി അറിയിച്ചു. ഔപചാരികതയ്ക്കുവേണ്ടി ഏത് സ്കൂളിലെ അദ്ധ്യാപകൻ എന്ന് ചോദിച്ചു. സ്കൂളിന്റെ പേരറിഞ്ഞതും താൻ അമ്പരന്നു.

അപ്പോൾ സാറിന്റെ പേര് പേരുകൂടി കേട്ടപ്പോൾ അമ്പരപ്പ് ഇരട്ടിയായി.

സാർ മലയാളം അദ്ധ്യാപകനായിരുന്നോ

അതെ.

എങ്ങനെ അറിയാമെന്ന മട്ടിൽ തലയുയർത്തിക്കൊണ്ട് തന്നെ ചോദ്യഭാവേന അദ്ദേഹം പറഞ്ഞു.

സാർ, സാറെന്റെ മലയാളം അദ്ധ്യാപകനാണ്. സന്തോഷാധിക്യത്താൽ സാറിന്റെ കൈതലം സ്പർശിച്ചുകൊണ്ട് പറഞ്ഞു. ഞാൻ സാറിന്റെ വിദ്യാർത്ഥിയാണ്. ആനന്ദത്താൽ മനസ്സ് നിറഞ്ഞു. മിഴികളും. നിമിഷനേരം കൊണ്ട് മനസ്സ് വർഷങ്ങൾക്കു മുമ്പ് പഠിച്ച സ്കൂളിലും പരിസരത്തും ക്ലാസ് മുറിയിലും കുഞ്ഞു കൂട്ടുകാരിലും ചെന്നെത്തി....... ട്രെയിൻ പ്ലാറ്റ്ഫോമിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയായിരുന്നു. കൂടെ വന്നവർ ഇറങ്ങാനായി വാതിൽക്കൽ നിലയുറപ്പിച്ചിരുന്നു. സാർ അവരെ നോക്കിക്കൊണ്ട് പറഞ്ഞു കേട്ടോ എന്റെ സ്റ്റുഡന്റാണ് . ആ ശബ്ദത്തിൽ അഭിമാനം സ്ഫുരിക്കുന്നുണ്ടായിരുന്നു. തന്നോടുള്ള സ്നേഹവും വാൽസല്യവുമുണ്ടായിരുന്നു.

ആ ബന്ധമാണ് നമ്മളെ അടുപ്പിച്ചത്. തിരക്കിനിടയിൽ യാദൃശ്ചികമെന്നോണം അരികിൽ വന്നുനിൽക്കാനും സംസാരിക്കാനും അവസരമുണ്ടായത് ആ ആത്മബന്ധത്തിന്റെ പശ്ചാത്തലമൊന്നുകൊണ്ടുമാത്രമല്ലേ

അതെ സാർ തികച്ചും സത്യമാണ്.

പത്തുനാൽപ്പതു വർഷങ്ങൾക്കുശേഷം പഠിപ്പിച്ച ആരാധ്യനായ അദ്ധ്യാപകനെ കണ്ടുമുട്ടുക. മറക്കാനാവാത്ത ദിനം. പറഞ്ഞറിയിക്കാനാവാത്ത ആത്മനിർവൃതി. കഥകളിലും സിനിമകളിലും കാണാറുള്ള സന്ദർഭം. സ്വപ്നമല്ലാത്ത നാടകീയ നിമിഷങ്ങൾ.

ക്ഷമിക്കണം സാർ, സാറാകെ മാറിപ്പോയി എനിക്ക് മനസ്സിലായില്ല.

കാലത്തിന്റെ കൈകളിൽ മാറ്റം അനിവാര്യമല്ലേ

ഓർമ്മകളിൽ ആ സ്വരം ചികഞ്ഞെടുത്തു. ശബ്ദം മാറിയില്ലേ ഇല്ലെന്നുതോന്നി. ട്രെയിൻ പ്ലാറ്റ്ഫോമിലെത്തി. ബാഗെടുത്ത് പ്ലാറ്റ്ഫോമിലിറങ്ങി സാറിനെ ഏൽപ്പിച്ചു.

ഇനിയെന്നെങ്കിലും കാണാം. ബാഗ് മേടിച്ച് സാർ കൈകൾ പിടിച്ചുകൊണ്ട് പറഞ്ഞു. ട്രെയിൻ നിങ്ങിത്തുടങ്ങി. കൂടെവന്നവരോടൊപ്പം പ്ലാറ്റ്ഫോമിലൂടെ നടന്നു നീങ്ങുന്ന സാറിനെ നോക്കിക്കൊണ്ടു വാതിൽക്കൽ നിന്നു. അകന്നുപോകുന്ന കാഴ്ച കുറച്ചു കഴിഞ്ഞപ്പോൾ മാഞ്ഞുപോകുമ്പോഴും മനസ്സിൽ കുറിച്ചു, ഇനിയുമെന്നെങ്കിലും കണ്ടുമുട്ടാം സർ.

◆



നിരൂപണം



# അവഞ്ചേഴ്സ് – എന്റ് ഗെയിം

## മലയാളി പ്രേക്ഷകരുടെ ആസ്വാദനം



അനസ്. എം.ബി.

ഒരു സിനിമ എങ്ങനെ ആസ്വദിക്കരുത് എന്നതിനുള്ള നല്ലൊരു ഉദാഹരണമാണ് സമ്മർ വേക്കേഷൻ കാലത്ത് തീയേറ്ററുകളിൽ എത്തിയ അവഞ്ചേഴ്സ് എന്റ് ഗെയിം എന്ന ഹോളിവുഡ് സിനിമ. യുക്തിക്ക് നിരക്കാത്ത രംഗങ്ങളുടെ ആധിക്യത്താൽ സമ്പന്നമായ ഈ സിനിമയാണ് ഇക്കുറി വെക്കേഷനിൽ നഗര കുടുംബങ്ങളെയും കുട്ടികളെയും തീയേറ്ററിൽ എത്തിച്ചത്. നമ്മുടെ നഗരവൽകൃത സിനിമാ പ്രേക്ഷകർ എങ്ങനെ ചിന്തിക്കുന്നുവെന്നുള്ളതിന് നല്ലൊരുദാഹരമാണ് ഇത്. മലയാള സിനിമകളിൽ ഒന്നോ രണ്ടോ സീനുകളിൽ യുക്തിരഹിതമായ സീനുകളുണ്ടായാൽ വിമർശിച്ച് കൊല്ലുന്ന ഒരു കൂട്ടം പ്രേക്ഷകരാണ് ഒരു വീഡിയോ ഗെയിമിന്റെ നിലവാരത്തിലുള്ള ഈ സിനിമയെ ബോക്സോഫീസ് ഹിറ്റാക്കിയതെന്നുള്ളത് അതിശയകരം തന്നെ. സോഷ്യൽ മീഡിയയും അതുവഴി കൈവന്ന ഡിജിറ്റൽ നേട്ടങ്ങളും കാര്യങ്ങളെ ഒരുമാതിരി യാന്ത്രികമായി സമീപിക്കാൻ നമ്മുടെ നഗരവൽകൃത സമൂഹത്തെ പഠിപ്പിച്ചിരിക്കുന്നു.

സൂപ്പർ ഹീറോകളെ കയ്യടിച്ച് പ്രോൽസാഹിപ്പിക്കുന്നത് അത് കണ്ട് കൊണ്ടിരിക്കുന്ന കുട്ടികളിലുണ്ടാക്കുന്ന മാനസിക മാറ്റങ്ങൾ എത്രത്തോളമാകുന്നുവെന്ന് അവരെ ഇത്തരം സിനിമകൾക്ക് കൊണ്ടുപോകുന്ന രക്ഷിതാക്കൾ ചിന്തിക്കുന്നുണ്ടോ ആവോ? സായിപ്പ് ചെയ്യുന്നതെല്ലാം മഹത്തരം എന്നൊരു ഫ്യൂഡൽ അടിമത്ത മാനസികാവസ്ഥ ഇപ്പോഴും നമ്മൾ പിന്തുടരുന്നുണ്ടെന്നുള്ളത് ഇത്തിരി ചിന്തിക്കേണ്ട ഒരു വിഷയം തന്നെയാണ്. കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് യാതൊരു സംഭാവനകളും നൽകാത്ത ഇത്തരം ഹോളിവുഡ് മസാല ഹീറോ സിനിമകളിൽ നിന്നും നമ്മുടെ കുടുംബങ്ങൾക്ക് മാറി നിൽക്കേണ്ടത് അനിവാര്യമായിരിക്കുന്നു. കുട്ടികളുടെ ചലച്ചിത്ര മേള മുതലായ പരിപാടികളിൽ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളിൽ ഒരു പുതിയ കാഴ്ച സംസ്കാരം വളർത്തിയെടുക്കാനാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്.

◆

കവിത



രാജീവ്. സി

# അതിജീവനം

ഇടവപ്പാതി മഴ
പെയ്തു പെയ്തൊഴിയവെ

ചിങ്ങമാസത്തിൻ കതിർ
തെളിഞ്ഞു തുടങ്ങവെ

ഒട്ടുമേ നിനയ്ക്കാതെ
യെത്തിയെൻ നാടിൻ സപ്ത

നാഡികൾ തകർത്തൊരീ
നൂറ്റാണ്ടിൻ പ്രളയമേ

എത്രയോ തലമുറ
രക്തമാംസാദി നൽകി

പടുത്ത നാടിന്നടി
ക്കല്ലോളമിളക്കി നീ

പമ്പയിൽ, പെരിയാറ്റിൽ
നിളയിൽ നാടിൻ നിറ

നെഞ്ചകങ്ങളിൽ നീയൊ
ന്നൊഴുകി പരന്നപ്പോൾ

ആയിരം ഫണം വിരി
ച്ചാടി നീ പുളഞ്ഞപ്പോൾ

ചുടലപ്പറമ്പായ
ദൈവത്തിൻ സ്വന്തം നാടേ-

ഇത്രനാളാരാധിച്ച
ദൈവങ്ങളെവിടെപ്പോയ്

മുങ്ങുന്നു വിശ്വാസത്തിൻ
ഭാണ്ഡങ്ങൾ നിന്നോടൊപ്പം

മുങ്ങുന്ന ദൈവങ്ങളോ
മുക്കുന്നു ജനത്തേയും

മുങ്ങുന്ന ജനങ്ങളൊ
കാലനെപ്പഴിക്കുമ്പോൾ

കടലിൽ കനവുള്ള
ധീരരാം കടൽ മക്കൾ

കരയിൽ കുതിച്ചെത്തി
കാലനോടടരാടി

തിരികെ പിടിച്ചവർ
ജീവനൊട്ടനവധി

കടലിൽ കരുത്തുള്ള
കേരളാ സൈനികർ

പുളകം കൊണ്ടീടുന്നേൻ
പുതുതാം തലമുറ

അതിജീവനത്തിന്റെ
അമരം കാത്തീടുമ്പോൾ

കസ്തൂരി രംഗൽ, ഗാഡ്ഗിൽ
ദീർഘദർശനം ചെയ്തോർ

മാപ്പിരന്നീടുന്നു ഞാൻ
കേരള നാടിന്നായി

ഓണത്തെ വരവേൽക്കാൻ
നാടണിഞ്ഞൊരുങ്ങവേ

ചീന്തിയെറിഞ്ഞു നീയാ
പട്ടുടയാട കഷ്ടം

മങ്ങിപ്പോയ് പുകഴ്പെറ്റ
പൊന്നോണ നിലാവിന്റെ

പൊൻ വെളിച്ചവും തങ്ക
തിരിതൻ നാളങ്ങളും

മാനമുള്ളവർ ഞങ്ങൾ
മലയാളികളൊന്നായ്

മാനവ സേതു തീർത്തീ
പ്രളയം കടന്നിടും

നിപ്പയെ തുരത്തിയ
നിശ്ചയധാർഢ്യം നോക്കൂ

നിശ്ചയം കടന്നെത്തും
കേരളം പ്രളയത്തെ

ഇതിലും പകിട്ടോടെ
വന്നിടുമോണക്കാലം

അതിന്നായ് അണിചേരൂ
മലയാളികളൊന്നായ്.

◆

കവിത

**നിഷാ സരിത്ത്**
കംപ്യൂട്ടർ അസിസ്റ്റന്റ്





എൻ താരാട്ടുകേട്ട് ഉറങ്ങണം നീ.......
എൻ ചൂടുപറ്റി വളരേണം നീ.......
എന്നു കൊതിച്ചൊരാ നിന്നമ്മ നിനയ്ക്കുന്നു
കിടത്താനായ് നിന്നെത്തിരികെ-
തൻ ചൂടുപറ്റുന്ന ഗർഭപാത്രത്തിൽ .
നിൻ നേർക്ക് നീളുന്ന കാമത്തിൻ കൈകളും,
നിന്നുടലിൽ പതിയ്ക്കുന്ന കഴുകൻ മിഴികളും,
വെട്ടിയും ചൂഴ്ന്നും എടുക്കുവാൻ
നിനയ്ക്കവെ, കേൾക്കുന്നു.........
അകലെയായ് ഒരു പെൺരോദനം.
തൻ കുട്ടിയും പെറ്റമ്മയും വൃദ്ധയും പോരാഞ്ഞൊരാ......
പെൺമൃഗത്തെപ്പോലും.......!
വേട്ടയാടുന്നീ കഴുകൻമാർ വസിക്കുമീ ലോകം
ഇല്ലായ്മ ചെയ്യുവാൻ എൻ ഭുജങ്ങൾക്കാകുമോ?
ഞാനറിയുന്നീ സത്യം ....... ഈ നിമിഷവും
ഇല്ലാതെയാകുവാൻ കഴിയുമീ അമ്മയ്ക്ക്
തൻ പിഞ്ചോമനെയെയും പേറി എല്ലാ വിശുദ്ധിയോടും.
നിന്നിരയാകില്ലൊരിക്കലും, നിന്നിൽ നിന്നൊളിക്കവേ
നിലയ്ക്കാത്ത നാദം പോൽ അലയുമെന്നാത്മാവ്.
ഓർക്കുക! നീചനാം നീ മനുഷ്യാ..........
നിൻ പിറവിയും ഒരമ്മതൻ നോവിനാൽ സഞ്ചിതം. ◆

ചെറുകഥ



# നേർക്കാഴ്ച



**ബിജു. ബി**
അമിനിറ്റീസ് അസിസ്റ്റന്റ്

നഗരത്തിലെ വളരെ ഒഴിഞ്ഞ കോണിലെ പഴകി ദ്രവിച്ച് തുടങ്ങിയ ഇരുനില ക്കെട്ടിടത്തിലെ ഒരു ഒറ്റമുറിക്കട.

കഷ്ടിച്ച് ഒരാളിന് മാത്രം നിന്ന് തിരിയാൻ പോലും ഇടമില്ലാത്ത ആ ഒറ്റമുറി പീടികയിൽ അലക്കുകാരനായ അയാൾ എത്തിയിട്ട് വർഷം രണ്ടായി. എഴുപത് വയസ് പിന്നിട്ട അസ്ഥികൂടം പോലെ ചുക്കിച്ചുളിഞ്ഞ അയാളുടെ മുഖത്ത് ഒരു പ്രത്യേക ഐശ്വര്യം കളിയാടിയിരുന്നു.

അയാൾക്ക് പുഞ്ചിരിച്ചുകൊണ്ട് മാത്രമേ സംസാരിക്കാനറിയാമായിരുന്നുള്ളു. അതുകൊണ്ട് തന്നെ അയാളോട് ഒരിക്കൽ സംസാരിക്കുന്നവരെല്ലാം അയാളുടെ കസ്റ്റമേഴ്സ് ആയി മാറുക പതിവായിരുന്നു.

അലക്കിന്റെ കാര്യത്തിലാണെങ്കിലോ........, ചെയ്യുന്ന ജോലിയോട് നൂറ് ശതമാനം സത്യസന്ധത പുലർ ത്തുന്ന ആൾ. എത്ര മുഷിഞ്ഞ തുണിയും അയാളുടെ കൈവേലയിൽ പുതുപുത്തനായി മാറും.

അയാളുടെ നടോവീടോ ദേശമോ ഒന്നും ആർക്കും അറിയില്ല.... എന്തിന് പേരു പോലും........ അതിനെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ ഒന്ന് ഊറിച്ചിരിക്കുക മാത്രം ചെയ്യും.

ഏകദേശം രണ്ട് വർഷങ്ങൾക്ക് മുമ്പ് വഴിവക്കിൽ ഇരുന്ന് തുണി തേയ്ക്കുന്നയാളായാണ് അയാൾ പ്രത്യക്ഷപ്പെട്ടത്. ചിരട്ടക്കരിയൂതി വടിപോലെ തേച്ച് എടുക്കുന്ന തുണികളിലൂടെ നാട്ടുകാരുടെ ഇടയിൽ അയാൾ സൗഹൃദത്തിന്റെ നൂലിഴകൾ പാകി. അങ്ങനെ ആരുടേയോ ശ്രമഫലമായി ഒരു പ്രവാസിയുടെ കെട്ടിടത്തിലെ ഒഴിഞ്ഞ മുറി അയാൾക്ക് വാടകയ്ക്ക് കിട്ടി. എല്ലാ മാസവും ഒന്നാം തീയതി തന്നെ വാടക കടയുടമസ്ഥന്റെ അക്കൗണ്ടിലിടുന്ന കാര്യത്തിൽ അയാൾ ഇന്നുവരെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

അയാളുടെ പീടികയിൽ നിന്നും ഇരുന്നൂറ് മീറ്റർ അകലെയാണ് നഗരാതിർത്തിയിലെ പോലീസ് സ്റ്റേഷൻ. അവിടത്തെ പോലീസുകാരുടെ യൂണിഫോം അലക്കുന്നതും അവരുടെ വീട്ടുകാരുടെ സ്വകാര്യ വസ്ത്രങ്ങൾ അലക്കുന്നതും അയാളാണ്.

അന്നും അയാൾ പതിവ് പോലെ ടേബിളിൽ മടക്കിയിട്ട തുണിയിൽ ഇസ്തിരി ഇടുകയായിരുന്നു. പീടികയ്ക്ക് മുന്നിൽ പോലീസ് ജീപ്പ് വന്നു നിൽക്കുന്ന ശബ്ദം കേട്ട് അയാൾ തല ഉയർത്തി.

ജീപ്പിൽ നിന്നും ചിരിച്ച് കൊണ്ട് ഇറങ്ങി വരുന്ന ഡ്രൈവർ ബാബു.

കൈയിലൊരു തുണിക്കെട്ടും.

"എന്താ അമ്മാവാ....... സുഖം തന്നെയല്ലേ..? മറുപടിയായി അയാൾ പുഞ്ചിരിതൂകുക മാത്രം ചെയ്തു.

കൈയിലിരുന്ന തുണിക്കെട്ട് പീടികയുടെ ഒരു ഒഴിഞ്ഞ കോണിലിട്ട് സാബു തുടർന്നു" പുതുതായി സ്ഥലം മാറി വന്ന എസ്.ഐ. യുടെ തുണികളാ.... ആ... അമ്മാവാ ഒരുപകാരം ചെയ്യണം. ഞാൻ ലീവിലാ..... ഇതെല്ലാം രണ്ട് ദിവസത്തിനകം ക്ലിയറാക്കി ഒന്ന് സ്റ്റേഷൻ വരെ എത്തിക്കണം.........

"അതിനെന്താ... ഞാൻ ചെയ്തേക്കാം... സാബു സാർ ധൈര്യമായി പൊയ്ക്കോ...... പുതിയ എസ്.ഐ. ങനാ.......?

"കാണാനൊക്കെ സുന്ദരനാ. ഏകദേശം അമ്മാവന്റെ കട്ട് വരും..... പക്ഷേ ആള് പരമ നാറിയാ......... അമ്മാവൻ പേടിക്കേണ്ട........ കാശ് വിനോദ് സാർ വാങ്ങിത്തന്നു കൊള്ളും........

"എനിക്കൊരു പേടിയുമില്ല മോനേ.......... എന്റെ കാശ് തന്നില്ലെങ്കിൽ പോലീസ് ജീപ്പ് ജപ്തി ചെയ്ത് ഞാനിങ്ങ് കൊണ്ടു പോരും.........."

അതും പറഞ്ഞ് അയാൾ ഉറക്കെ ചിരിച്ചു. കൂടെ സാബുവും പങ്കു ചേർന്നു.

രണ്ട് ദിവസം കഴിഞ്ഞാണ് അലക്കിയ തുണികളുമായി അയാ ൾ സ്റ്റേഷനിലെത്തിയത്. സ്റ്റേഷനിൽ ഹെഡ് കോൺസ്റ്റബിൾ വിനോദിന്റെ മേശപ്പുറത്ത് തുണികൾ കൃത്യമായി എണ്ണിയടുക്കി വച്ചു.

അപ്പോഴാണ് ഹാഫ് ഡോർ തുറന്ന് മൊബൈലിൽ ആരോടോ സംസാരിച്ചുകൊണ്ട് ചെറുപ്പക്കാരനായ എസ്.ഐ. അങ്ങോട്ടേയ്ക്ക് വന്നത്. അയാളെ തീരെ ശ്രദ്ധിക്കാതെ മൊബൈൽ സംസാരത്തിന് ഒരിടവേള നൽകി ധിക്കാരം കലർന്ന സ്വരത്തിൽ ചോദിച്ചു "ഡോ

ഏകദേശം രണ്ട് വർഷങ്ങൾക്ക് മുമ്പ് വഴിവക്കിൽ ഇരുന്ന് തുണി തേയ്ക്കുന്നയാളായാണ് അയാൾ പ്രത്യക്ഷപ്പെട്ടത്. ചിരട്ടക്കറിയുതി വടിപോലെ തേച്ച് എടുക്കുന്ന തുണികളിലൂടെ നാട്ടുകാരുടെ ഇടയിൽ അയാൾ സൗഹൃദത്തിന്റെ നൂലിഴകൾ പാകി.

കിളവാ....... എല്ലാം നന്നായി അലക്കിയിട്ടുണ്ടല്ലോ അല്ലേ......... പിന്നീട് എന്റെ കൈകക്ക് മെനക്കേട് വരുത്തരുത്......."

"ഉവ്വ് " ഡ്രസ്സുകൾ അടുക്കുന്നതിനിടയിൽ വിനയത്തോടെ അയാൾ പറഞ്ഞു.

"എത്രയായെടാ......"

"അഞ്ഞൂറ്റിപ്പതിനഞ്ച്......"

പഴ്സിൽ നിന്നും പൈസാ എടുത്ത് അയാൾക്ക് നേരെ നീട്ടി. പൈസാ വാങ്ങാനായി തിരിഞ്ഞ അയാളുടെ മുഖം കണ്ട് ഇൻസ്പെക്ടറുടെ മനസ്സിലൂടെ ഒരു കൊള്ളി യാൻ മിന്നി മറഞ്ഞു.

തെല്ലിട എന്തൊക്കെയോ ഭാവങ്ങൾ അയാളുടെ വാർദ്ധക്യം ചുളിവുവീണ മുഖത്ത് മിന്നി മറഞ്ഞു. എന്നിട്ട് എന്തോ ആലോചിച്ച് ഉറച്ച മട്ടിൽ പൈസ വാങ്ങാതെ നടന്നു നീങ്ങാനൊരുങ്ങിയ അയാളെ സ്നേഹപുരസരം തടഞ്ഞ് നിറുത്തികൊണ്ട് വിനോദ് പറഞ്ഞു "സാറിന്റെ പ്രകൃതം അങ്ങനെയാ..... സാരമാക്കണ്ട....... കാശ് വാങ്ങിക്കോളൂ അമ്മാവാ, ജോലി ചെയ്തതിനുള്ള കൂലിയല്ലേ......"

മുന്നോട്ട് നീങ്ങാൻ തുടങ്ങിയ അയാൾ ഇടറിയ ശബ്ദത്തിൽ ആരോടെന്നില്ലാതെ പറഞ്ഞു "എന്താണെന്നറിയില്ല. ഈ പൈസാവാങ്ങാൻ എനിക്ക് തോന്നുന്നില്ല....... കാരണം നിങ്ങളുടെ സാറിനറിയാം.........

പെട്ടെന്ന് നടന്നുനീങ്ങാൻ തുടങ്ങിയ അയാൾ വിനോദിന്റെ മുന്നിൽ നിന്നു. പിന്നെ ഒരു നിമിഷം നിശബ്ദനായതിനു ശേഷം തുടർന്നു.

"സാറിനറിയുമോ....... എനിക്കും എന്റെ ഭാര്യയ്ക്കും വളരെ വൈകിയാണ് ഒരു മകൻ പിറന്നത്. വൈകി വന്ന ആ പുത്രനെ എല്ലാ സൗഭാഗ്യങ്ങളോടും ലാളിച്ചു വളർത്തി. അവൻ വളർന്ന് വലുതായി വലിയൊരു പോലീസ് ഉദ്യോഗസ്ഥനായി. അതിസമ്പന്നയായ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു. അവന്റെ സ്റ്റാറ്റസ് കീപ്പ്ചെയ്യാൻ അവരോടൊപ്പം മാളിക വീട്ടിൽ താമസവുമായി........ അതോടെ ജന്മം നൽകിയവരെ അവൻ മറന്നു. പെറ്റമ്മ മരിച്ചപ്പോൾ പോലും ജോലിത്തിരക്കെന്ന് പറഞ്ഞ് അവൻ വന്നില്ല. എന്നാൽ രണ്ടു വർഷം മുമ്പ് അവൻ എന്നെ കാണാൻ വന്നു. ഞാൻ അദ്ധ്വാനിച്ചുണ്ടാക്കിയ വീടും പുരയിടവും വിറ്റ് അവന്റെ ഭാര്യാസ്വത്തിൽ വീട്വയ്ക്കണമെന്ന ആവശ്യവുമായി...... അതും സാധിച്ചവൻ മടങ്ങിയപ്പോൾ കിടപ്പാടം നഷ്ടപ്പെട്ട ഞാൻ ഈ നഗരത്തിലെ അന്തേവാസിയായി........

തേങ്ങലടക്കിക്കൊണ്ട് വേച്ച് വേച്ച് നടന്നുപോകുന്ന ആ രൂപത്തെ വിനോദ് സഹതാപപൂർവ്വം നോക്കി. പിന്നെ പുച്ഛത്തോടെ മേലുദ്യോഗസ്ഥന്റെ മുഖത്തേയ്ക്കും......

ഊരുപിടിച്ച നോട്ടുകളുമായി നിശ്ചലം നിൽക്കുന്ന ആ ഉദ്യോഗസ്ഥന്റെ കണ്ണുകൾക്ക് മുന്നിലൂടെ ഒരു നേർക്കാഴ്ച പോലെ ആ വൃദ്ധൻ നടന്നു നീങ്ങി......

◆



ഉദയകുമാർ

# ആസന്നമരണ ചിന്താശരണി

പ്രകൃതി ഇപ്പോൾ നിശ്ചലം ...... എന്നാൽ ഇളം കാറ്റ് ഇല ചാർത്തുകളിൽ മന്ദമായി നൃത്തം ചവിട്ടുന്നുണ്ട്........... സായന്തനം മിഴി പൂട്ടാറാകുന്നു. മഞ്ഞ വെയിലിൽ മാനം നിറം ചൂടുന്നുണ്ട്. ചെറുകിളികളുടെ ശബ്ദം അരിച്ചിറങ്ങുന്നുണ്ട്. എന്നാൽ ഈ പ്രകൃതി പ്രതിഭാസങ്ങളൊന്നും തന്നെ ഇവിടെ ഒരാളിന്റെ മനസ്സിനെ ഉണർവിലേയ്ക്ക് തൊട്ടുണർത്തുന്നില്ല. എല്ലാരും ഉറങ്ങുമ്പോൾ ഉണർന്നിരുന്ന ഒരാൾ ...... അന്തിമവിളിക്കായി ചെവിയോർത്തിരിക്കുന്നു. അയാൾ..... പക്ഷെ മനസ്സു പിടയുന്നില്ല. എല്ലാ വഴികളും തന്റെ മുമ്പിൽ വൈകാതെ കൊട്ടിയടയ്ക്കപ്പെടുമെന്ന് അയാൾ തിരിച്ചറിയുന്നു. എന്നാൽ ഭയമില്ല. കഴിഞ്ഞ പത്തറുപതു വർഷങ്ങളിലെ ജീവിതം ദു:ഖപര്യവസായിയായി മാറുവാൻ പോവുകയാണ്. എല്ലാവരുടേയും ജീവിതം ഒരു ഘട്ടം കഴിയുമ്പോൾ അങ്ങനെയാണവസാനിക്കുന്നതും, പ്രതിരോധത്തിലേയ്ക്ക് പിന്മാറിയ ഒരുവന്റെ നിസ്സഹായത, അത്രയേയുള്ളൂ........

ഇരുണ്ടഗാധമായ ഒരു ഗർത്തത്തിന്റെ വക്കിൽ നിരായുധനായി എത്തിപ്പെട്ട അനുഭവം മുമ്പും പലതവണ ജീവിതത്തിലുണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം ജീവിതം ബാക്കി കിടന്നു. എന്നാൽ ഇപ്പോൾ...... അത് ഇനിയും തുടരുമെന്നു തോന്നുന്നില്ല. താൻ തയ്യാറാണ്. ഒരനുഭവം പലവട്ടം ആവർത്തിച്ചാൽ മനസ്സ് സർവ്വം സജ്ജമാകും. നെഞ്ചിനുള്ളിലെ ചെറിയ വേദന....... രണ്ടു ദിവസമായി തുടരുന്നു. അത് മനസ്സിന്റെ ഭാരമായി തോന്നുന്നു. മൂടിക്കെട്ടിയ മനസ്സു ഇനി തെളിയുമോ? സംശയമുണ്ട്........ ഹൃദയ കവാടം വിങ്ങുകയാണ്.

ഒന്നേയുള്ളൂ അയാൾക്കു പ്രധാനം... തന്റെ ഓമന മക്കൾ...... യൗവനത്തിലേയ്ക്ക് കാലുകൾ കുത്താറാകുന്നതേയുള്ളൂ. അവരുടെ പാദങ്ങൾ ഇനി മുള്ളുനിറഞ്ഞ പാതയിൽ ചവിട്ടുമ്പോൾ മുറിയുമോ? അന്നേരങ്ങളിൽ അച്ഛ ന്റെ അസാന്നിദ്ധ്യം അവരുടെ ഞരമ്പുകളിൽ വേദനയുണർത്തുമോ?

വരാന്തയിലേയ്ക്ക് തുറന്നിരിക്കുന്ന വാതിലിനരികെ കുത്തിയിരിക്കുമ്പോൾ എന്തൊരു ഭ്രാന്തമായ ഏകാന്തതയാണ് തന്നെ ഗ്രസിച്ചിരിക്കുന്നതെന്ന് അയാൾക്കു തോന്നി. ജീവിതമെന്ന കോലാഹലം അടങ്ങുകയാണ്. ഇനി എല്ലാറ്റിൽ നിന്നും മോചനമാണെന്നും കാണാൻ മനസ്സിലാക്കാൻ പ്രയാസമില്ല...........

എങ്കിലും അവൻ തന്റെ കൺമുമ്പിലൂടെ അമ്മയുടെ സമീപത്തേയ്ക്കു പോകുമ്പോൾ അവസാനമായി ഒന്നു കാണണം...... വിശേഷിച്ചും തന്റെ തനിപ്പകർപ്പായ മൂത്തയാൾ...... ഒന്നുമറിയാതെ അവന് ജീവിതം ഉത്സവം പോലെ തോന്നുന്ന സമയം. അവന്റെ അച്ഛനിപ്പോൾ ജീവതം ഉത്സവം കഴി ഞ്ഞ പറമ്പുപോലെ ഊഷരമാണെന്നവനറിയില്ല. ഒന്നു കാണണം....... അവന്റെ മനസ്സിന്റെ ആന്തരിക തലങ്ങളിൽ അവൻ സൂക്ഷിച്ചിരിക്കുന്ന ശുഭപ്രതീക്ഷകളുടെ പിടിവള്ളി ജീവിതകാലം മുഴുവനും അവന് സുരക്ഷിതത്വം


ഇരുണ്ടഗാധമായ
ഒരു ഗർത്തത്തിന്റെ
വക്കിൽ നിരായുധനായി
എത്തിപ്പെട്ട അനുഭവം
മുമ്പും പലതവണ
ജീവിതത്തിലുണ്ടായിട്ടുണ്ട്.
അപ്പോഴെല്ലാം ജീവിതം
ബാക്കി കിടന്നു.
എന്നാൽ ഇപ്പോൾ......

നൽകുമോ യെന്ന് കണ്ടെത്ത ണം.. അവന്റെ ഇളയവൾ അവ നിൽ ആശ്രയത്വം കാണുമ്പോൾ അവൻ പതറരുത്.........

അവന്റെ മുഖം ഒന്നു കൂടി കാണണം. അവന്റെ ആത്മവി ശ്വാസം ജീവിതത്തിലുടനീളം പച്ചപിടിച്ചതും കരുത്താർജ്ജിക്കു ന്നതും ഒരിക്കൽ കൂടി കണ്ടു ബോദ്ധ്യമാകണം. അവന്റെ മന സ്സിന്റെ സഞ്ചാരപഥമേതെന്ന് ഒരിക്കൽ കണ്ടാൽ തനിക്കു ഗ്രഹിക്കാനാകും. ആ മുഖത്തു നിന്നും താനതു കണ്ടെത്തും വേദനിക്കുന്നു...... വീണ്ടും...... നെഞ്ച് വേദന വരുന്നു ഞാൻ..... അതെ.....ഞാൻ വരുന്നു. ഒത്തിരി സമയം എനിക്കായി നീ ക്കി വയ്ക്കുക ദൈവങ്ങളേ.... എന്റെ കുടുംബംതാറുമാറാകരുത്........... ആകെ ഒന്നു പിടിച്ചുലച്ച ശേഷം പോകുന്ന കൊടുങ്കാറ്റ് ഒന്നും കട പുഴക്കി എറിയരുത്.... ജീവിത ത്തിനു രക്തം നൽകുന്ന ധമനി കൾ വരളരുത്.....

പാവം അവരുടെ അമ്മ....... ഒരു വലിയ ദുരന്തം തൊട്ടരികെ നിൽക്കുന്നതറിയാതെ അവൾ അടുക്കളയിൽ മക്കൾക്കു ഭക്ഷണ മുണ്ടാക്കുകയാണ്..... മക്കൾ ഇപ്പോഴെത്തും കോളേജും സ്കൂളുമെല്ലാം കഴിഞ്ഞ്.........

ഇവിടെ ഈ ഇരിപ്പ് തുട ങ്ങിയിട്ടു കുറേ നേരമായി. മകൻ അരികിലൂടെ കടന്നുപോകു മ്പോൾ വിളിച്ചു നിറുത്തരുത്. അസാധാരണമായി ഒന്നും അവ നോട് ഉരിയാടരുത്. ഒരു സംശയവും അവനിൽ ഉണരാൻ പാടില്ല.... അതിനാൽ വെറുതെ ഒന്നു നോക്കുക...... ഒന്നു കണ്ട് ആ പ്രതിബിംമ്പത്തെ മനസ്സിനക ത്തേയ്ക്ക് സൂക്ഷ്മതയോടെ ആവാഹിച്ചെടുക്കുക... അവൻ എങ്ങിനയാണെന്നും എന്താണെ ന്നും തന്നോളം ആർക്കുമറിയി ല്ല..... ആ മനസ്സിലെ തന്നോടുള്ള സ്നേഹ ബഹുമാനങ്ങളുടെ ആഴ വും തനിക്കറിയാം........ ഇളയ കുട്ടികളേക്കാൾ ശാരീരികമായും മാനസികമായും വളർന്നവനാണ വൻ.

'എന്താണിങ്ങനെ ഇവിടെ യിരിക്കുന്നത്?' ചായയുമായി എത്തിയ അവൾ ചോദിക്കുകയാ ണ്.......

'ഓ, ഒന്നുമില്ല, വെറുതെ......' അവൾക്ക് സംശയമില്ലല്ലോ........... എല്ലാം ഭദ്രം.

'അച്ഛാ.......... നാളെ പരീക്ഷാ ഫീ അടയ്ക്കണം. പണം......' പെട്ടെന്ന് തിരിഞ്ഞു നോക്കി........... മകനാണ്.....

മൂത്തവൻ...... 'നീ എത്തി യോ',

'അതെ എത്തി.......' അവൻ പറഞ്ഞു.

ഒന്നു മന്ദഹസിച്ചു.

മുഖം വിളറിയിരിക്കുകയാ ണല്ലോ..... ശുഭാപ്തി വിശ്വാസം മനസ്സ് സൂക്ഷിക്കുന്നില്ലെന്നു വ്യക്തം....... പാവം മകൻ! അവന് ഇനി ജീവിതത്തന്റെ കയറ്റം ഏറെ കയറാനുണ്ട്.... ചിലപ്പോൾ ' വഴിയിൽ അവൻ തളർന്നു വീണേയ്ക്കാം' അപ്പോൾ അമ്മ, ഇളയകുട്ടികൾ....... അദൃശ്യനായ തന്റെ ഓർമ്മകൾ ചിലപ്പോ ൾ അയവിറക്കുമ്പോൾ ദൈവമേ തളർന്നു പോകാതെ അവൻ പിടി ച്ചു കയറേണമേ...... മകൻ തന്റെ നിഗമനത്തിൽ അത്ര മാത്രം ബലഹീനനൊന്നുമല്ല....... താൽക്കാലികമായി തയ്യാറെടുപ്പു നഷ്ടം വന്ന ഒരാൾ എന്നേ അർത്ഥമുള്ളു. തനി ക്കു നിരാശ ബാധിക്കേണ്ട സന്ദർഭമായി ട്ടില്ല.......... എല്ലാം മാറും.

ഒരാളുടെ മരണത്തോടെ എല്ലാം തകിടം മറിയുകയില്ല. പി ടിച്ചു നിൽക്കാൻ ഒരു കളം തെളി ഞ്ഞു വരും. എക്കാലവും എല്ലായിടവും ഇരുൾ മൂടുക യില്ല.........

വേദന കൂടുകയാണ്....... ബലഹീനത ശരീരത്തെ മെല്ലെ മെല്ലെ കീഴടക്കുകയാണ്.... അതിന്റെ പര്യവസാനത്തെക്കുറി ച്ചൊന്നും ചിന്തിക്കേണ്ട..... മന:സംയമനമാണ് ഇപ്പോൾ വേണ്ടത്...........

പരീക്ഷാ ഫീസ് ഡയറി യിൽ നിന്നെടുത്തു നൽകു മ്പോൾ ഒരു മന്ദഹാസം മെല്ലെ വിടർത്താൻ ശ്രമിച്ചു...... ശിരസ്സു മുതൽ തോൾ ഭാഗം വരെ അവനെ ഒന്നു തലോടി. അപ്പോൾ മനസ്സിനുള്ളിൽ വിഷാദം കുതികുതിക്കുകയായി രുന്നു............ മകൻ പ്രത്യേകി ച്ചൊന്നും മനസ്സിലാക്കിയുമി ല്ല.......... പകരം ചുണ്ടുകൾ വിടർത്തി പുഞ്ചിരിയുടെ വെള്ളപ്പൂക്കൾ തെളിഞ്ഞു......

മതിയായി............

ഇളയകുട്ടികൾ, അവർക്ക് വലുതായൊന്നും മനസ്സിലാവുക യില്ല. അതിനാൽ ആശങ്ക വേണ്ട.....

മരണ സമയത്ത് കുട്ടികളും ഭാര്യയും ചുറ്റും വലവിരിക്കുന്ന അനുഭവം ഉണ്ടാകണം എന്നു എക്കാലവും സങ്കൽപ്പിച്ചിരുന്നു. എന്നാൽ അതിനു സാദ്ധ്യത ഇപ്പോൾ തെളിയുന്നില്ല.... ഉറക്ക ത്തിൽ ചിലപ്പോൾ കടന്നുപോയി എന്നു വരാം........ തന്റെ ഉൾത്തട ങ്ങൾ വേദനിക്കുന്നുവെന്ന് ആരേ യും അറിയിച്ചിട്ടില്ല....... ഏറിയും കുറഞ്ഞും, ആശ്വസിപ്പിച്ചും, നിരാശപ്പെടുത്തിയും അത് വിടാതെ പിടികൂടിയിരിക്കുകയാ ണ്.......... ദൈവം തന്റെ കാര്യ ത്തിൽ ചിലതു നിശ്ചയിച്ചിരിക്കു കയാണ്.......... അതു നേരത്തേ തന്നെ കുറിച്ചു വച്ചിരിക്കുന്നു...... നമുക്കത് മുമ്പേ വായിച്ചു നോക്കാനാവില്ല. ഒരു പെരുമ്പറ കൊട്ടിനുള്ളിലെന്ന പോലെ ഒന്നും വ്യക്തമാകാതെ ഒരു നിശ്വാസമായി അങ്ങു കടന്നു പോയാൽ മതിയായിരുന്നു. ദിന രാത്രങ്ങൾ ഇതൾ വിടർത്തുന്ന ലാഘവത്തോടെ.................

◆

ബാലസമന്വയം




# എന്റെ വീട്ടിലെ ഫിഷ്ടാങ്ക്



**അഭിജിത് പ്രകാശ്**
സിമി പി.യുടെ മകൻ

എനിക്കും അനിയനും വളർത്തു പക്ഷികളെയും മത്സ്യങ്ങളെയും വലിയ ഇഷ്ടമാണ്. എന്റെയും അനിയന്റെയും നിർ ബന്ധം കാരണം വീട്ടിൽ ഒരു ഫിഷ് ടാങ്ക് വാങ്ങാൻ തീരുമാനിച്ചു.

പരീക്ഷകൾ കഴിഞ്ഞു. വേനൽ അവധിയെത്തി. ഫിഷ് ടാങ്ക് സെറ്റ് ചെയ്യുന്നതിന് വേണ്ട തയ്യാറെടുപ്പുകൾ നടത്തി. ചെടികൾ നട്ടുവളർത്തിയ ഒരു ഫിഷ് ടാങ്ക് വേണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ ഇതിനായി നമ്മുക്ക് മണലും ഉരുളൻ കല്ലുകളും ഡ്രിഫ്റ്റ് വുഡും വേണം.

ഈ സമയത്ത് ഞങ്ങൾ പത്തനംതിട്ടയിലുള്ള ചിറ്റാറിലെ സൂരജ് ചേട്ടന്റെ വീട്ടിൽ പോവാനിടയായി. അവരുടെ വീടിനുതാഴെയായി ഒരു പുഴയുണ്ട്. പുഴയുടെ ഭംഗി ആസ്വദിക്കാൻ ഞങ്ങൾ എല്ലാവരും അങ്ങോട്ട് പോയി. പുഴയിലും തീരത്തും പ്രളയവും ഉരുൾപൊട്ടലും കൊണ്ടുവന്ന മിനിസമുള്ള കല്ലുകളും വെളുത്ത മണലും കാണാൻ സാധിച്ചു. ഇത് ഞാൻ ശേഖരിച്ച് വീട്ടിൽ കൊണ്ടുവന്ന് കഴുകി വൃത്തിയാക്കുകയും ചെളിയും അഴുക്കും നീക്കം ചെയ്യുകയും ചെയ്തു. പിന്നെ

അത് വെയിലത്ത് വച്ച് നന്നായി
ഉണക്കിയെടുത്തു.

അടുത്ത ഞായറാഴ്ച ഫിഷ്
ടാങ്ക് വാങ്ങുമെന്ന് ഉറപ്പിച്ചു. ഈ
സമയത്ത് ഞങ്ങൾ ടാങ്കിൽ
ഏതൊക്കെ മീനുകൾ വേണ
മെന്ന് നിശ്ചയിച്ചു. 4 ഏഞ്ചൽ, 4
ഗൗരാമി, 2 ജ്യുവൽ ഫിഷ് എന്നി
വയെ വാങ്ങാൻ തീരുമാനിച്ചെ
ങ്കിലും പിന്നീട് ഈ സെലക്ഷൻ
മാറ്റി. ഒരു കമ്മ്യൂണിറ്റി ടാങ്ക്
മതിയെന്ന് തീരുമാനിച്ചു.

ടാങ്ക് വാങ്ങാനുള്ള ദിന
മായി. ഞങ്ങൾ അക്വാ പെറ്റ്സ്
കിട്ടുന്ന കടയിൽ പോയി. ഫിഷ്
ടാങ്ക്, ടാങ്കിന്റെ ടോപ്പ്, ലൈറ്റ്,
എയർ പമ്പ്, ഫിൽറ്റർ എന്നിവ
വാങ്ങി. ആകർഷണത്തിനായി
ഒരു വാൾപേപ്പർ ടാങ്കിന്റെ പിറ
കുവശത്തെ ഭിത്തിയിൽ ഒട്ടിച്ചു.
എനിക്ക് അഭിമാനിക്കാനായി
ലാവാ റോക്ക് വാങ്ങി. അത്
അഗ്നി പർവ്വതങ്ങളിലെ ലാവാ
തണുത്തുറഞ്ഞുണ്ടായതാണെന്ന്
കടയിലെ മാമൻ പറഞ്ഞു. മീനു
കളെ ടാങ്ക് സെറ്റ് ചെയ്ത് 1
ആഴ്ച കഴിഞ്ഞേ നിക്ഷേപിക്കാ
വു. എന്നാൽ അനിയന്റെ
നിർബന്ധത്തിനു വഴങ്ങി രോഗ
പ്രതിരോധശേഷി കൂടുതലുള്ള 4
ഗപ്പികളെ വാങ്ങി.

വീട്ടിൽവന്ന് ടാങ്ക് കഴുകുക
യും തുണികൊണ്ട് തുടയ്ക്കു
കയും ചെയ്തു. നന്നായി ഉണ
ങ്ങിയതിനുശേഷം ഞങ്ങൾ
മണൽ നിരത്തി. അതോടൊപ്പം
മിനിസമുള്ള കല്ലുകളും പാകി.
പിന്നീട് ഞങ്ങൾ അതിലേക്ക്
വെള്ളമൊഴിച്ചു. വെള്ളത്തിന്റെ
സ്വഭാവം ടാങ്കിൽ നിർണ്ണായകമാ
ണ്. കിണർ വെള്ളമാണ്
ഏറ്റവും ഉത്തമം. എന്നാൽ അത്
കിട്ടിയില്ലെങ്കിൽ ക്ലോറിൻ
വെള്ളം ബക്കറ്റിൽ പിടിച്ച് 6
മണിക്കൂറിന് ശേഷം ഉപയോഗി
ക്കണം. ഞങ്ങൾ അങ്ങനെ
യാണ് ചെയ്തത്.

അങ്ങനെ വെള്ളം നിറച്ചു.
പിന്നീട് എയറേറ്ററും ലൈറ്റും
പ്രവർത്തിപ്പിച്ചു. അങ്ങനെ ടാങ്ക്
മീനുകളുടെ ഒരു ആവാസകേന്ദ്ര
മായി. ടാങ്ക് സെറ്റ് ചെയ്ത് 2
മണിക്കൂറിനു ശേഷം ഗപ്പികളെ
വാങ്ങിയ കവർ വെള്ളത്തിൽ
മുക്കിവച്ചു. മീനിനെ ടാങ്കിലുള്ള
താപനിലയുമായി പരിചയപ്പെടു
ത്താനാണ് ഇങ്ങനെ ചെയ്യുന്നത്.
15 മിനിറ്റ് കഴിഞ്ഞതിനുശേഷം
മീനുകളെ സ്വതന്ത്രരാക്കി. അവ
യുടെ അനക്കങ്ങൾ ചടുലമായി
രുന്നു. ഇതിന്റെകൂടെ എന്റെ
പ്രിയ കൂട്ടുകാരൻ എബിൻ മുഹ
മ്മദ് കൊണ്ടുവന്ന ഗപ്പികളെയും
ഞാൻ ടാങ്കിൽ നിക്ഷേപിച്ചു.

അടുത്ത ആഴ്ച ഞങ്ങൾ
മറ്റൊരു പെറ്റ് ഷോപ്പിൽ പോയി
2 മാലാഖ മത്സ്യങ്ങളെയും 2
സ്വർണ്ണ മത്സ്യങ്ങളെയും വാങ്ങി.
അതിനോടൊപ്പം 2 ജല സസ്യ
ങ്ങളും കൂടി വാങ്ങി. അവ
ഓകിസിജൻ നല്കുകയും മീനു
കൾക്ക് ഒളിത്താവളമാവുകയും
ചെയ്യുന്നു.

ഡ്രിഫ്റ്റ് വുഡിന് വില കൂടു
തൽ ആയതിനാൽ വാങ്ങിയില്ല.
കടയിലെ മാമൻ പറഞ്ഞതനുസ
രിച്ച് കാപ്പിയുടെ വേര് /ഡ്രിഫ്റ്റ്
വുഡ് ഉണ്ടാക്കാൻ ശേഖരിച്ചു.
വേര് ഉണക്കിയതിനു ശേഷം
വെള്ളത്തിൽ പുഴുങ്ങി എടുത്തു.
പിന്നെ അത് വൃത്തിയാക്കിയെ
ടുത്ത് ടാങ്കിൽ നിക്ഷേപിച്ചു.

ഫിഷ് ടാങ്ക് ഉണ്ടാക്കിയതി
ലൂടെ എനിക്ക് പ്രകൃതിയേയും
പ്രകൃതിനിയമത്തേയും കുറിച്ച്
ധാരാളം കാര്യങ്ങൾ മനസ്സിലാ
ക്കാൻ സാധിച്ചു. മത്സ്യങ്ങളെ
വളർത്തുന്നതിലൂടെ പ്രകൃതിയെ
അടുത്തറിയുവാനും സ്നേഹിക്കു
വാനും കഴിയും. അക്വേറിയം
പരിപാലിക്കുമ്പോൾ ഒരൽപ്പം
സമയവും കലാവാസനയും
വേണ്ടിവരും. ഇതിലൂടെ
നമ്മുടെ ദൈനംദിന പിരിമുറുക്ക
ങ്ങളിൽ നിന്ന് ആശ്വാസം ലഭി
ക്കുന്നു എന്നത്, ഒരു സത്യമാണ്.

◆

# തൊണ്ടയിൽ കുരുങ്ങിയ മൊട്ടുസൂചി

ഗ്രീൻഷ ഗിരീഷ്-
C/o മിനി. ടി. എം, C.A.

കൂട്ടുകാരേ,
മൊട്ടുസൂചി തൊണ്ടയിൽ
കുരുങ്ങിയാൽ എന്തുപറ്റും? നമുക്ക് നോക്കാം....

ഒരിടത്ത് ഒരു മൊട്ടുസൂചി ഉണ്ടായിരുന്നു.
അവൻവലിയ ബുദ്ധിശാലിയായിരുന്നു.
കൂടാതെ അവന് താനാണ് വലിയ ആൾ എന്ന
വിചാരവും ഉണ്ടായിരുന്നു. ഒരു ദിവസം നമ്മുടെ
മൊട്ടുസൂചി എന്ത് ചെയ്തു എന്നറിയാമോ?

ഒരു കുട്ടിയുടെ തൊണ്ടയിലേക്ക് എടുത്തുചാടി.
അവൻ വിചാരിച്ചു സിമ്പിളായി ഇറങ്ങാം എന്ന്.
'ഞാൻ വലിയ ബുദ്ധിശാലിയാണല്ലോ'.

പക്ഷേ നമ്മുടെ മൊട്ടുസൂചിക്ക്
തിരിച്ചുവരാൻ കഴിഞ്ഞില്ല.

കൂട്ടുകാരേ ഇതിന്റെ ഗുണപാഠം എന്തെന്നാൽ
അഹങ്കാരം ഒരിക്കലും നന്നല്ല.
അത് നമ്മെ ആപത്തിൽ ചാടിക്കും.





**ആര്യൻ. വി.കൃഷ്ണ**
**(S/o വിനോദ്. എം. ചെറായി)**







**അഭിനവ്. എസ്.ആർ**
***S/o*** **രമ്യ. എൽ. രാജ്**






**ദേവനന്ദ. എം. എസ്**
***D/o*** **ശ്രീ. മുരളി. ടി. എ**





**ഗോവിന്ദ്. എസ്. നായർ**
***S/o* ശ്രീമതി. പ്രിയാ ബാലൻ. കെ**




**ഗോവിന്ദ്. എസ്. നായർ**
***S/o*** **ശ്രീമതി. പിയാ ബാലൻ. കെ**






ഗ്രീഷ്മ ഗിരീഷ്
**D/o ശ്രീമതി. മിനി. സി.എ**






**നിരഞ്ജന**
**D/o ശ്രീ. ദിനേശ്കുമാർ. കെ**











**ഷിധിൻ ഷങ്കർ. എസ്**
**S/o ശ്രീ. ഷിബു. ആർ**

## നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും
## 01.08.2018 മുതൽ 30.11.2019 വരെയുള്ള കാലയളവിൽ വിരമിച്ചവർ



**ശ്രീമതി. ജി.സുമകുമാരി**
സ്പെഷ്യൽ സെക്രട്ടറി
(04.02.1987 - 31.03.2019)



**ശ്രീ. എ അബ്ദുൾ ഖരീം**
സ്പെഷ്യൽ സെക്രട്ടറി
(11.10.1989 - 30.04.2019)



**ശ്രീമതി. എസ്.ഷാഹിന**
അഡീഷണൽ സെക്രട്ടറി
(27.01.1992 - 31.05.2019)



**ശ്രീമതി. എ ഷൈല**
ജോയിന്റ് സെക്രട്ടറി
(30.03.1992 - 28.02.2019)



**ശ്രീ. എ ഷാജഹാൻ**
ജോയിന്റ് സെക്രട്ടറി
( 17.09.1992- 31.03.2019)



**ശ്രീ. ആർ സജീവൻ**
ജോയിന്റ് സെക്രട്ടറി
( 02.04.1989 - 30.04.2019)



**ശ്രീമതി. എ.കെ ഷൈല**
ജോയിന്റ് സെക്രട്ടറി
(27.11.1992 - 30.04.2019)



**ശ്രീ.സി.അജിത്**
ജോയിന്റ് സെക്രട്ടറി
( 23.09.1994 - 31.05.2019)



**ശ്രീ. പി.വി.ചന്ദ്രദാസ്**
ഡെപ്യൂട്ടി സെക്രട്ടറി
( 17.09.1992- 31.03.2019)



**ശ്രീമതി.ബി.എസ്.സരള**
ചീഫ് എഡിറ്റർ
(11.10.1995 - 31.05.2019)



**ശ്രീമതി.കെ.ആർ. ഉഷ**
സെക്രട്ടറിയുടെ പി.എസ്
(22.05.1987 - 31.05.2019)



**ശ്രീ.സാം.കെ.തോമസ്**
സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)
(25.08.2001 - 31.07.2019)



**ശ്രീമതി. വിശ്വലക്ഷ്മി .കെ**
**സെക്ഷൻ ഓഫീസർ**
**(05.08.2004 - 30.06.2019)**



**ശ്രീമതി. ജോളി വർഗീസ്**
**ഓഫീസ് സൂപ്രണ്ട്**
**(15.05.2002 - 31.03.2019)**



**ശ്രീ. പ്രദീപൻ പുതിയാണ്ടി**
**ഇൻഫർമേഷൻ അസിസ്റ്റന്റ്**
**(13.05.1999- 31.03.2019)**



**ശ്രീ. ടി.കെ.ബാലകൃഷ്ണൻ**
**ഇൻഫർമേഷൻ അസിസ്റ്റന്റ്**
**(17.07.1992 - 31.05.2019)**



**ശ്രീ. എസ്.ചന്ദ്രൻപിള്ള**
**ഓഫീസ് അസിസ്റ്റന്റ്**
**( 24.10.1991 - 30.06.2019)**



**ശ്രീ.പി.രാജപ്പൻ**
**ലിഫ്റ്റ് ഓപ്പറേറ്റർ**
**(17.04.2001 –31.05.2019)**



**ശ്രീ.കെ.രാജേന്ദ്രകുമാർ**
**ലിഫ്റ്റ് ഓപ്പറേറ്റർ**
**(16.04.2001 –31.05.2019)**



**ശ്രീ ആർ.പി.വേണുഗോപാൽ**
**ബയന്റർ ഗ്രേഡ് -1**
**(01.07.2004 – 28.02.2019)**



**ശ്രീമതി. പ്രസന്ന. റ്റി**
**റോണിയോ ഓപ്പറേറ്റർ**
**(06.02.2006 – 31.05.2019)**



**ശ്രീ.സന്തോഷ് കുമാർ.ബി**
**ഓഫീസ് അസിസ്റ്റന്റ്**
**(11.03.1996 –31.07.2019)**



**ശ്രീമതി. ലീല.റ്റി**
**ഹെൽപ്പർ**
**(06.03.2010–31.01.2019)**



**ശ്രീ. സോമൻ.കെ**
**പാർട്ട് ടൈം ക്ലീനർ**
**(17.04.2001–31.01.2019)**



**ശ്രീ. ചന്ദ്രൻ നായർ എൻ**
**പാർട്ട് ടൈം ക്ലീനർ**
**(23.11.1998–31.03.2019)**

# പുതിയ പുസ്തകങ്ങൾ

## നിയമസഭാ ലൈബ്രറി




L:45:7
Q8

**അവയവദാനം അറിയേണ്ടതെല്ലാം (2018)**
ഡോ. ബി. ഉമാദത്തൻ
ഡി സി ബുക്സ്, കോട്ടയം.

അവയവമാറ്റ ശസ്ത്രക്രിയകളുടെ ആരോഗ്യശാസ്ത്രവും നിയമവശങ്ങളും വിശദീകരിക്കുന്ന ഗ്രന്ഥം. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ മെഡിക്കൽ കോളേജുകളിൽ പ്രൊഫസ്സറും, വകുപ്പുതലവനും അവയവമാറ്റ അംഗീകാരസമിതിയുടെ അധ്യക്ഷനും പോലീസ് സർജനുമായിരുന്നു ലേഖകൻ.

L:72
32Q8

**മസ്തിഷ്കം കഥ പറയുന്നു (2018)**
ഡോ. വി.എസ്. രാമചന്ദ്രൻ
വിവ: രവിചന്ദ്രൻ സി.
ഡി സി ബുക്സ്, കോട്ടയം.

മസ്തിഷ്കത്തെപ്പറ്റിയും മനസ്സിനെപ്പറ്റിയുമുള്ള സാധാരണക്കാരുടെ അടിസ്ഥാന ധാരണകളെ നവീകരിക്കുകയും മനുഷ്യൻ എന്ന ജീവിയുടെ അനന്യസവിശേഷതകൾ എങ്ങിനെ അവനിലെത്തിച്ചേർന്നു എന്ന് വിവരിക്കുകയും ചെയ്യുന്ന പുസ്തകം. ഇന്ത്യൻ വംശജനും കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ നാഡീ ശാസ്ത്രജ്ഞനുമായ ഡോ. വി.എസ്.രാമചന്ദ്രനാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.






**കീഴാളൻ (2019)**
പെരുമാൾ മുരുകൻ
വിവ: കബനി സി.
ഡി സി ബുക്സ് , കോട്ടയം.

O31,3MUR
32Q9

സമൂഹത്തിന്റെ അരികിടങ്ങളിൽ നിന്ദയും, പരിഹാസവും അവഗണനയും ഏറ്റ ഒരു സമൂഹത്തിന്റെ ദൈന്യതയുടെ ചിത്രം വരച്ചുകാണിക്കുന്ന നോവൽ.
തമിഴ് സാഹിത്യകാരനാണ് പെരുമാൾ മുരുകൻ. നോവലുകളും ചെറുകഥകളും ലേഖനസമാഹാരങ്ങളും അടക്കം നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. കോയമ്പത്തൂർ, ഈറോഡ്, നാമക്കൽ പ്രവിശ്യകൾ ഉൾപ്പെടുന്ന കൊങ്കു മേഖലയുടെ കഥാകാരനും ചരിത്രകാരനുമായാണ് പെരുമാൾ മുരുകൻ അറിയപ്പെടുന്നത്.

O32,1PRA
Q8

**കനൽച്ചിലമ്പ് (2018)**
പ്രഭാവർമ്മ
ഡി സി ബുക്ക്സ്, കോട്ടയം.

പാൽക്കുടം ഉടഞ്ഞിട്ടും പാൽക്കാരി കരയാത്തതെന്ത് എന്ന ചോദ്യം കവികുലപതി കാളിദാസന്റെ സമസ്യാപൂരണവുമായി ബന്ധപ്പെട്ടതാണ്. ഈ സന്ദേഹത്തിനുത്തരമാണ് കനൽച്ചിലമ്പ് എന്ന കഥാകാവ്യം. കവിയും ചലച്ചിത്രഗാന രചയിതാവും മാധ്യമ പ്രവർത്തകനും ടെലിവിഷൻ അവതാരകനുമാണ് കവി.






O32,3UNN
Q8

**വാങ്ക് (2018)**
ഉണ്ണി ആർ.
ഡി സി ബുക്സ്, കോട്ടയം.

ഈ കഥാസമാഹാരത്തിൽ വീട്ടുകാരൻ, മണ്ണിര, അമ്മൂമ്മ ഡിറ്റക്ടീവ്, സങ്കടം, സോദ്ദേശ കഥാഭാഗം, സ്വരം വ്യഞ്ജനം, ഭാരതപര്യടനം, കമ്മ്യൂണിസ്റ്റ് പച്ച, വാങ്ക്, നന്തനാരുടെ ആട്ടിൻകുട്ടി, കുറച്ചു കുട്ടികൾ തുടങ്ങി പതിനൊന്ന് കഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഉത്തരാധുനിക മലയാള ചെറുകഥാകൃത്തും, തിരക്കഥാകൃത്തുമാണ് ഉണ്ണി. ആർ. കാളിനാടകം, ബഹുജീവിതം, പത്തുകല്പനകൾക്കിടയിൽ രണ്ടു പേർ, ആലീസിന്റെ അത്ഭുതലോകം, മുദ്രാരാക്ഷസം, ലീല എന്നിവ ഉണ്ണിയുടെ ശ്രദ്ധിക്കപ്പെട്ട കഥകളാണ്




**O32,6SUG**
**Q8**

**ഞാനും ഒരു കഴുകനാണ് (2018)**
സുഗതകുമാരി
മാതൃഭൂമി ബുക്സ്, കോഴിക്കോട്.

വിവിധ പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ച് സുഗതകുമാരി എഴുതിയ ലേഖനങ്ങൾ. നിയമാതീതമായി പ്രവർത്തിക്കാൻ ഒരു ഭരണകൂടത്തിനും അധികാരമില്ലെന്ന് വിരൽചൂണ്ടുന്നവയാണ് ഇവ ഓരോന്നും.




R3,4
Q9

**സ്വതന്ത്രചിന്തയുടെ സുവിശേഷങ്ങൾ (2019)**
ഡോ. ജെ. ഗിരീഷ്(എഡിറ്റർ)
ഡി സി ബുക്സ്, കോട്ടയം.

'തെളിവുകൾ നയിക്കട്ടെ' എന്ന മുദ്രാവാക്യമുയർത്തി സ്വതന്ത്രചിന്തകരുടെ കൂട്ടായ്മ സംഘടിപ്പിച്ച വിജ്ഞാനോത്സവം 'ലിറ്റ്മസ്–18'ൽ അവതരിപ്പിക്കപ്പെട്ട ഗരിമയാർന്ന പ്രഭാഷണങ്ങളുടെ പുസ്തകരൂപമാണ് സ്വതന്ത്രചിന്തയുടെ സുവിശേഷങ്ങൾ. കോളേജ് അദ്ധ്യാപകനായ ഡോ ജെ ഗിരീഷാണ് പുസ്തകം എഡിറ്റ് ചെയ്തിരിക്കുന്നത്.
ചരിത്രം, മതം, ശാസ്ത്രം, ആരോഗ്യം, യുക്തിചിന്ത, ബഹിരാകാശഗവേഷണം, പരിണാമം, കൃഷി, വിദ്യാഭ്യാസം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ.

U8
Q7

**യാതായാതം (2017)**
വിഷ്ണുനാരായണൻ നമ്പൂതിരി
മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഹിമാലയം, ഗ്രീസ്, അയർലൻഡ് എന്നിവിടങ്ങളിൽ നടത്തിയ യാത്രയുടെ ഓർമ്മകൾ.
പ്രമുഖ മലയാളകവിയാണ് വിഷ്ണുനാരായണൻ നമ്പൂതിരി. ഭാഷാപണ്ഡിതൻ, വാഗ്മി, സാംസ്കാരികചിന്തകൻ എന്നീ നിലകളിലും പ്രശസ്തനാണ്



W:(Q2)
32Q8

**എരുമദേശീയത:**
**ആത്മീയ ഫാസിസത്തിന്റെ വിമർശനം (2018)**
കാഞ്ച ഐലയ്യ
ഡി സി ബുക്സ്, കോട്ടയം

സാമൂഹ്യപ്രവർത്തകനും ഗ്രന്ഥകാരനുമായ കാഞ്ച ഐലയ്യ ഇന്ത്യൻ ദേശീയദിനപത്രങ്ങളിൽ പലപ്പോഴായി എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ഒൻപതുഭാഗങ്ങളിലായി നാൽപ്പത്തിരണ്ടു ലേഖനങ്ങൾ ഈ കൃതിയിലുണ്ട്.







W.212
Q8

**പ്രളയനാന്തര മാനവികത:**
**ശബരിമലയുടെ പശ്ചാത്തലത്തിൽ (2018)**
ബി. രാജീവൻ
ഡി സി ബുക്സ്, കോട്ടയം.

ശബരിമല സ്ത്രീപ്രവേശനത്തിനെതിരെയുള്ള സംഘപരിവാർ രാഷ്ട്രീയത്തിന്റെ അജണ്ടകളെ വെളിച്ചത്തുകൊണ്ടുവന്ന് അവരുടെ രാഷ്ട്രീയ രസതന്ത്രരഹസ്യങ്ങൾ വിവരിക്കുകയും നവഹിന്ദുത്വത്തിന്റെ മുന്നേറ്റത്തെ ചെറുക്കുന്നതിന് ഉയർന്നുവരുന്ന പ്രസ്ഥാനങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യുന്ന പഠനം. . ഇന്ത്യൻ രാഷ്ട്രീയത്തെയും കേരള സമൂഹത്തെയും നിരീക്ഷിക്കുന്നവർക്കായുള്ള കൈപ്പുസ്തകമാണ് ഈ കൃതി. മലയാള സാഹിത്യ വിമർശകനും അദ്ധ്യാപകനുമാണ് ഗ്രന്ഥകർത്താവ്




O32,3RAM
Q8

**ആൽഫ (2018)**
ടി.ഡി. രാമകൃഷ്ണൻ
ഡി സി ബുക്സ്, കോട്ടയം.
ഭൂതകാലത്തെ ഉപേക്ഷിക്കുന്ന മനുഷ്യന് എന്താകും സംഭവിക്കുക എന്ന് രസകരമായി വിവരിക്കുന്ന നോവൽ. നോവലിസ്റ്റ്, വിവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനാണ് ടി.ഡി. രാമകൃഷ്ണൻ. ഏറെ ചർച്ച ചയ്യപ്പെട്ട ഫ്രാൻസിസ് ഇട്ടിക്കോര എന്ന നോവൽ ഇദ്ദേഹത്തിന്റേതാണ് .

Q2:31.212
Q9

**കേരളീയരുടെ ദേവതാസങ്കല്പം (2019)**
എം.ജി. ശശിഭൂഷൺ
ഡി സി ബുക്സ്, കോട്ടയം.

കേരളീയരുടെ ദേവതാസങ്കൽപ്പത്തെക്കുറിച്ചുള്ള ഒരു സാംസ്കാരിക ചരിത്രപഠനഗ്രന്ഥം. ചരിത്ര പണ്ഡിതനും അദ്ധ്യാപകനും സ്വാതിതിരുനാൾ മ്യൂസിയം ഡയറക്ടറുമാണ് ലേഖകൻ. മലയാളമനോരമ, മാതൃഭൂമി ദിനപത്രങ്ങളിൽ സബ് എഡിറ്ററായും 18 വർഷം കോളജ് അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



## ഭരണഭാഷാ പ്രതിജ്ഞ

"മലയാളം എന്റെ ഭാഷയാണ്.
മലയാളത്തിന്റെ സമ്പത്തിൽ
ഞാൻ അഭിമാനിക്കുന്നു.
മലയാള ഭാഷയെയും
കേരള സംസ്കാരത്തെയും
ഞാൻ ആദരിക്കുന്നു.
ഭരണ നിർവ്വഹണത്തിൽ
മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന്
എന്റെ കഴിവുകൾ ഞാൻ
വിനിയോഗിക്കും"

# സമന്വയം

**ജനുവരി 2020**



©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്